ആഗസ്റ്റ് 2022

Price ₹25

# ജീവനും വെളിച്ചവും





അസ്സംപ്ഷൻ ദൈവാലയം
ചെറിയതുറ
ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ
സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാൾ
മഹോത്സവം
2022 ആഗസ്റ്റ് 6 മുതൽ 15 വരെ
06.08.2022 ശനി
കൊടിയേറ്റ്
14.08.2022 ഞായർ
6.00 pm : സാഘോഷമായ സന്ധ്യാ
വന്ദന പ്രാർത്ഥന
തുടർന്ന് സാഘോഷമായ
തിരുസ്വരൂപ പ്രദക്ഷിണം
15.08.2022 തിങ്കൾ
തിരുനാൾ ദിനം
5.30 pm : പൊന്തിഫിക്കൽ ദിവ്യബലി
മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
(സഹായമെത്രാൻ, തിരു. ലത്തീൻ അതിരൂപത)
കലാപരിപാടികൾ
12.08.2022 വെള്ളി : മതബോധന വാർഷികം 13.08.2022 ശനി : കലാവിരുന്ന്, KCYM - BCC
15.08.2022 തിങ്കൾ : ഗാനസന്ധ്യ
തീർത്ഥാടകർക്ക് സ്വാഗതം സ്വാതന്ത്ര്യദിനാശംസകൾ

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2022 ആഗസ്റ്റ്
പുസ്തകം - 46 ലക്കം - 8
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്‌കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
അഗസ്റ്റിൻ കണിപ്പിള്ളി
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.


*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum

## മുഖവിചാരം

# 75-ാം വർഷത്തിലെ നഷ്ടസ്വപ്നങ്ങൾ


സാംസ്കാരിക വൈരുദ്ധ്യങ്ങളുടെ ഭിന്നവർണങ്ങൾകൊണ്ട് ഇഴചേർത്തൊരുക്കിയ മനോഹരമായ വർണ വസ്ത്രമാണ് ഇന്ത്യ. അതിലെ ഓരോ നിറങ്ങളും ഇന്ത്യ മഹാരാജ്യത്തിന്റെ മാത്രം അനന്യമായ നിറക്കൂട്ടുകളാണ്. വ്യത്യസ്ത നൂലിഴകളുടെ ഇഴയടുപ്പമാണ് ഇന്ത്യൻ പൊതുബോധത്തെ ഇപ്പോഴും ഒരുമിച്ച് നിറുത്തുന്നതും മുന്നോട്ട് നയിക്കുന്നതും. ചരിത്രപരമായി ഒരിക്കലും സഹവസിച്ചിട്ടില്ലാത്ത, സഹകരിച്ചിട്ടില്ലാത്ത ജനതയിൽ എങ്ങനെയാണ് ഇന്ത്യക്കാരനെന്ന പൊതുബോധം രൂപപ്പെട്ടത്?

ജനതയുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും മതത്തിന്റെയുമൊക്കെ മറ്റൊരിടത്തുമില്ലാത്തവിധമുള്ള വ്യത്യസ്തതകളും വ്യതിരിക്തതകളുമാണ് ഭാരതത്തെ ഭാരതമാക്കുന്നത്. അതായത് സ്വാതന്ത്ര്യം നേടിയപ്പോൾ തന്നെ വ്യത്യസ്തതകൾകൊണ്ട് സമ്പന്നമായിരുന്നു എന്നതു മാത്രമല്ല, അതേ വ്യത്യസ്ത സംസ്കാരങ്ങളും മതങ്ങളും മനുഷ്യരും ഭാഷകളും ഒരേ അച്ചിന്റെ ഏകതാനകതയിലേക്ക് വന്നില്ല എന്നതുതന്നെയാണ് നവ ഇന്ത്യയുടെ വ്യക്തിത്വം. അതിന് പലരും പലവുരു ശ്രമിച്ചിട്ടും ഇന്ന് ഈ വ്യക്തിത്വത്തിന് ഭീഷണിയുയരുന്ന സാഹചര്യത്തിലാണ് ഇന്ത്യൻ റിപ്പബ്ലിക് അതിന്റെ 75-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളിലേക്ക് പ്രവേശിക്കുന്നത്. അതോടൊപ്പം ചരിത്രത്തിലാദ്യമായി ഒറിസയിലെ 'സന്ധാളി' ആദിവാസി സമൂഹത്തിൽ നിന്നുള്ള ഒരു സ്ത്രീ പ്രഥമപൗരയായി ചുമതലയേൽക്കുന്നതും, തിരുവനന്തപുരത്തെ തീരപ്രദേശങ്ങളിൽ വസിക്കുന്ന ഒരു ജനത, അതിന്റെ നിലനിൽപ്പിന് ഭീഷണിയുയരുന്ന സാഹചര്യത്തിൽ അതിജീവനസമരം നടത്തുന്നതും.

ഓരോ വ്യക്തിയുടെയും, ഓരോ തദ്ദേശീയ ജനതയുടെയും തനത് സാംസ്കാരിക പൈതൃകം നഷ്ടപ്പെടുത്താതെ തങ്ങളുടെ അന്തസും അനന്യതയും നഷ്ടപ്പെടാതെ ജീവിക്കാനും വളരാനും സഹായിക്കുക എന്നതാണല്ലോ ഓരോ ഭരണാധികാരിയുടെയും ചുമതലയും ദൗത്യവും. ഒരുവശത്ത് കേന്ദ്ര ഗവണ്മെന്റ് തങ്ങളുടെ ആയുധവും ആൾബലവുമുപയോഗിച്ച് എതിർസ്വരങ്ങളെയും, ന്യൂനപക്ഷങ്ങളെയും ഇല്ലായ്മ ചെയ്യുന്നു എന്ന് മുറവിളി കൂട്ടുന്നവർ തന്നെ മറുവശത്ത് പാർട്ടി ഗുണ്ടായിസത്തിനും ഉൾപ്പാർട്ടി വെട്ടിനിരത്തലിനും വികസനത്തിന്റെ പേരുപറഞ്ഞുള്ള ജനങ്ങളുടെ ഉന്മൂലനത്തിനും ഇടവരുത്തുന്നുവെന്നത് കണ്ടില്ലെന്ന് നടിക്കാനാവാത്ത ഇരട്ടത്താപ്പാണ്. അതിരൂപതയുടെ ഭൂരിഭാഗം ജനങ്ങളും താമസിക്കുന്ന തീരദേശങ്ങൾ, ഈ ജനതയുടെ സ്വാഭിമാനത്തിന്റെ അടയാളമാണ്. സാംസ്കാരിക തനിമയുടെ അടയാളപ്പെടുത്തലാണ്. അത് കടൽകവരുമ്പോൾ ഒരു ജനതയുടെ മരണമണി മുഴങ്ങുകയല്ലേ.

- പത്രാധിപർ

## പ്രതികരണങ്ങൾ




### വിദ്യാർഥികൾക്ക് പ്രയോജനകരമായ ലക്കം

ഉപരിപഠനവും കരിയർ വികസനവും എന്ന ലേഖനം വളരെ ഉപകാരപ്രദമായിരുന്നു. 10, +2 ഫലങ്ങൾക്ക് ശേഷമുള്ള ശരാശരി വിദ്യാർഥികളെയും ആശയക്കുഴപ്പത്തിലാക്കുന്ന ചോദ്യങ്ങളാണ് +1,+2 ഏത് വിഷയം പഠിക്കണം, degree കോഴ്സുകൾ ചെയ്യണോ തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യണോ എന്നത്. ഇങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള കൃത്യമായ മറുപടിയാണ് ജോയ് ജോണിന്റെയും തോമസ് കെ. സ്റ്റീഫന്റെയും ലേഖനങ്ങൾ.

പരമ്പരാഗത കോഴ്സുകൾ എന്നതിൽ നിന്നൊക്കെ വേറിട്ട ഒരു ചിന്താതലത്തിലേക്ക് വിദ്യാർഥികൾക്ക് എത്താൻ സാധിക്കും എന്നതിൽ സംശയമില്ല. ഒപ്പം സിവിൽ സർവീസ് പോലുള്ള ഉയർന്ന ലക്ഷ്യങ്ങളെ സ്വപ്നം കാണുവാൻ വിദ്യാർഥികളിൽ പ്രേരണ ഉളവാക്കുന്നതിലും ഈ ലക്കം പങ്ക് വഹിക്കുന്നു.

**ജോളി,** പുതിയതുറ

## വിജയവീഥികളും സാധ്യതകളും ഒരു വീണ്ടുവിചാരം

പഠനത്തിൽ മികവു പുലർത്തുന്ന പലരും ഉയർന്ന ഉദ്യോഗങ്ങൾക്കു പോയിട്ട് യാതൊരു തൊഴിലിടങ്ങളിലും കയറിപ്പറ്റാതെ ജീവിതത്തിൽ പിന്നോട്ട് പോകുന്നുണ്ട്. ഈ ദയനീയാവസ്ഥ ഉള്ളിൽവച്ചുകൊണ്ട് സർവരുടേയും കണ്ണുതുറപ്പിക്കുവാൻ ഉതകുന്ന ഉയർന്ന നിലവാരമുള്ള ലേഖനം. സമയവും ആരോഗ്യവും പണവും ചെലവഴിച്ച് അർഹമായ ജോലി ലഭിക്കാതെ പോയവരുടെ അനുഭവങ്ങളിൽ ഊന്നിയുള്ള രചനയായി. തക്കസമയത്ത് വഴിതിരിച്ചുവിടാൻ മാതാപിതാക്കളും അധ്യാപകരും, സ്നേഹിതരും ഒരുപോലെ പ്രയത്നിച്ചാൽ നമ്മുടെ ഇടയിൽ നിന്നും ധാരാളം കുട്ടികൾ ഉന്നതതലത്തിൽ എത്തിച്ചേരും എന്ന് ഓർമ്മിപ്പിക്കുന്ന ഈ ലേഖനം ഇന്നിന്റെ തലമുറയ്ക്കുള്ള ഉപദേശവും, മുൻകരുതലുമാണ്.

ഗാന്ധിജിയേയും, ടാഗോറിനെയും ഭരണഘടനാശില്പി ബാബാസാഹേബ് അംബേദ്കറേയും അറിയാത്ത ഹിന്ദുവർഗീയവാദികളേയും നാം കരുതിയിരിക്കേണ്ടതുണ്ട്. ക്രൈസ്തവ വിശ്വാസികൾ ജീവനും വെളിച്ചവും ജൂലൈ ലക്കം നേർക്കാഴ്ചപംക്തി വായിച്ച് ആനുകാലിക വിഷയങ്ങളെക്കുറിച്ച് അവബോധമുള്ളവരാകണം.

**- ഷിബുരാജ്,** മൂന്നാംമൂട്

## ഈ മനുഷ്യൻ നീതിമാനായിരുന്നു

ജൂലായ് ലക്കം ജീവനും വെളിച്ചത്തിലെ അഗസ്റ്റിൻ കണിപ്പിള്ളിയുടെ വർത്തമാനം ആദരണീയനായ സ്റ്റാൻ സ്വാമി അച്ചനെക്കുറിച്ചുള്ള ലേഖനം ഏറ്റവും ഉചിതമായി. രാഷ്ട്രീയ അധികാരികളാൽ വേട്ടയാടപ്പെട്ട അദ്ദേഹത്തിന് സമൂഹത്തിൽ നിന്നോ സ്വന്തം ആൾക്കാരിൽ നിന്നുപോലുമോ (ഈശോസഭാ സമൂഹം) മരിച്ചതിനുശേഷം പോലും ഒരു പ്രശംസാവാക്കും ലഭിക്കാതെ പോയത് നീതിമാനെന്ന അദ്ദേഹത്തിന്റെ മകുടത്തിന്റെ ശോഭ ഏറെ വർധിപ്പിക്കുന്നു. നിസ്സഹായരായ ഒരു ജനതയ്ക്കുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിച്ച സ്റ്റാൻ സ്വാമി അച്ചനെ സഭാമക്കൾക്ക് മാതൃകയായി ജനഹൃദയങ്ങളിൽ എത്തിച്ച ജീവനും വെളിച്ചത്തിനും അഭിനന്ദനങ്ങൾ.

'വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും കുടിയൊഴിപ്പിക്കപ്പെടുന്ന തീരജനതയും' എന്ന ലേഖനം ആവേശോജ്ജ്വലമായിട്ടുണ്ട്.

ചരിത്രപഥത്തിലൂടെ അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേര പിതാവിന്റെ നിസ്തുല പ്രവർത്തനങ്ങൾ പുതുതലമുറയിലേക്ക് ആവേശം പകരാനും പഴമക്കാർക്ക് മധുരസ്മരണകളായി വീണ്ടും ഓർമ്മിപ്പിച്ചെടുക്കുവാനും ഈ പംക്തി ഇടയായി. മൊത്തത്തിൽ 'ജീവനും വെളിച്ചവും' അതിന്റെ പ്രസരിപ്പ് വർധിപ്പിച്ചിട്ടുണ്ട്. പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**മേരി ജസീന്താ**
കുടപ്പനക്കുന്ന്

## ലേഖനങ്ങൾ മികവുറ്റത്

വികസനത്തിന്റെ പേര് പറഞ്ഞ് നിർമ്മിക്കുന്ന വിഴിഞ്ഞം ആന്താരാഷ്ട്ര തുറമുഖം വരുത്തുന്ന വിനാശവും, തീരശോഷണവും കടലാക്രമണവുമൂലം പ്രതിസന്ധിയിലാക്കുന്ന തീരജനതയുടെ ക്ലേശങ്ങളും വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതിൽ ഡോ. ടിറ്റോ ഡിക്രൂസ് വിജയിച്ചു എന്നു പറയാം. എസ്എസ്എൽസിയും പ്ലസ്ടു പഠനവും കഴിഞ്ഞ് ഉപരിപഠനത്തിനായി പരിശ്രമിക്കുന്നവർക്കുള്ള തോമസ് കെ സ്റ്റീഫന്റെയും, ജോയ് ജോണിന്റെയും ലേഖനങ്ങൾ മികവുറ്റതാണ്. തദ്ദേശീയനായ മെത്രാനെന്ന നിലയിൽ പീറ്റർ ബർണാഡ് പെരേര പിതാവിന്റ സംഭാവനകൾ ഒരിക്കലും വിസ്മരിക്കാൻ നമുക്കാവില്ല. പിതാവിന്റെ നല്ല ഓർമ്മകൾ വീണ്ടും മനസ്സിൽ ഉണർത്തുന്ന ലേഖനത്തിന് ഇഗ്നേഷ്യസ് തോമസിന് നന്ദി.

**എസ്. സിൽവയ്യൻ**

# താളുകളിൽ


**തീരദേശത്തിനുനേരെ തിരിഞ്ഞുനിൽക്കരുതേ** 6
ഫാ. ഷാജിൻ ജോസ്

**ഭരണഘടനാ ധാർമികത** 12
ഫാ. എഡിസൺ വൈ.എം.

**കവിത: ഒളിപ്പോര്** 17
ബെർണാർഡ് മൊറൈസ്

**അരികുവൽക്കരിക്കപ്പെടുന്നവരിലെ അധികാരപങ്കാളിത്തം** 18
സിന്ധു മരിയ നെപ്പോളിയൻ

**വായന** 21
ഡോ. സീന ഫെലിക്സ്

**ഒറ്റയ്ക്കല്ല; ഒരുമിച്ച് പോകാം** 22
ഡോ. മരിയ മൈക്കിൾ ഫെലിക്സ്

**കന്യകാംബികയും ഭാരതാംബയും ഒരേ ഭാവമുള്ള രണ്ടമ്മമാർ** 24
ഫാ. ഇമ്മാനുവേൽ

**വാർത്തകൾ** 28

**നീർച്ചാൽ** 32

**വചനജ്വാല** 38

**നേർക്കാഴ്ച** 42
ജെ.സി.










## ലേഖനം



**തീരമേഖലയിലെ ദുരിതങ്ങൾക്ക് അവസാനമാകുന്നില്ല. നിവേദനങ്ങളും പരാതികളും ഏറെ നൽകിയെങ്കിലും അവസ്ഥ ഇപ്പോഴും ശോചനീയമാണ്. സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷത്തിലും സാമൂഹിക ശ്രേണിയിൽ ഈ ജനത പിന്നിൽത്തന്നെ. ജനത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കുന്ന ലേഖനം.**

# തീരദേശത്തിനുനേരെ തിരിഞ്ഞുനിൽക്കരുതേ



**ഫാ. ഷാജിൻ ജോസ്**
മത്സ്യമേഖല ശുശ്രൂഷാ ഡയറക്ടർ

**ഭാ**രതം 75-ാം സ്വാതന്ത്ര്യ ദിനാഘോഷത്തിലേക്ക് കടക്കുകയാണല്ലോ. ഈ അവസരത്തിലാണ് തീര ദേശത്തിന്റെ സ്വാതന്ത്ര്യ ദിനാഘോഷത്തെകുറിച്ചുള്ള ചിന്തകൾ മനസ്സിൽ നിറയുന്നത്.

ഈ വർഷം എങ്ങനെയാണ് സ്വാതന്ത്ര്യം ആഘോഷിക്കേണ്ടത്? നാളിതുവരെ തീരദേശവാസികൾ അനുഭവിച്ചുപോന്ന തീരദേശം തന്നെ ഇല്ലാതായതാണോ ആഘോഷിക്കേണ്ടത്? അതോ ഉപജീവനത്തിനുവേണ്ടി കടലിലേക്ക് വള്ളമിറക്കുന്ന മത്സ്യത്തൊഴിലാളിയ്ക്ക് തിരികെ വള്ളം കയറ്റിവയ്ക്കാൻ ആകാത്തതിനെ ഓർത്താണോ? അതുമല്ലെങ്കിൽ ഒരായുസ്സ് കൊണ്ട് സമ്പാദിച്ചുകൂട്ടിയതൊക്കെ ഒറ്റ നിമിഷം കൊണ്ട് കടൽ വലിച്ചുകൊണ്ട് പോയ ദുരവസ്ഥയെ ഓർത്താണോ? അതോ ഗോഡൗണുകളിലും സ്കൂളുകളിലും ക്യാമ്പുകളിലും മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ കഴിയുന്ന ജനത്തിന്റെ ദുസ്ഥിതിയെ ഓർത്തോ? അതോ മണ്ണെണ്ണ വില 130 കടന്നതിനെയോർത്തോ?

സ്വാതന്ത്ര്യം മനുഷ്യന് സന്തോഷം തരുന്ന ഒരു അവസ്ഥയാണ്. പക്ഷേ, തീരത്തിന്റെ എല്ലാ സ്വാതന്ത്ര്യവും സന്തോ

ഷവും ഹനിക്കപ്പെടുന്ന അവസ്ഥയിൽ നിൽക്കുമ്പോൾ ഈ ചോദ്യത്തിന് ഉത്തരം ലഭിക്കാൻ ബുദ്ധിമുട്ടേറുന്നു.

തീരശോഷണം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. 2015 ൽ വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചപ്പോൾ മുതൽ മുമ്പൊന്നും കണ്ടിട്ടില്ലാത്തവിധം തീരശോഷണം തിരുവനന്തപുരം തീരത്തു തുടങ്ങുന്നത്. അത് പതുക്കെ പതുക്കെ പനത്തുറ നിന്നും പൂന്തുറയിലേക്കും പൂന്തുറ നിന്ന് ബീമാപള്ളിയിലേക്കും അവിടെനിന്ന് ചെറിയതുറ, വലിയതുറ കടന്ന് ഇന്ന് ശംഖുമുഖം തീരം തന്നെ ഇല്ലാതായിരിക്കുന്നു. ശംഖുമുഖം 'റീറ്റെയ്നിങ്ങ്' വാൾ കെട്ടി സുരക്ഷിമാക്കിയതോടെ അതിന് വടക്കോട്ട് കണ്ണാന്തുറ, വെട്ടുകാട്, കൊച്ചുവേളി, വലിയവേളി എന്നിവിടങ്ങളിൽ ഇന്ന് തീരശോഷണംമൂലം തീരവും അതോടൊപ്പം അനേകം ഭവനങ്ങളും നിലംപൊത്തുന്ന സ്ഥിതി സംജാതമായിരിക്കുന്നു.

തിരുവനന്തപുരം നിവാസികൾക്കും തിരുവനന്തപുരത്ത് വിനോദത്തിനുമായി വരുന്നവർക്കും ഒരിക്കലും മറക്കാൻ കഴിയാത്ത സന്തോഷകരമായ അനുഭവമാണ് ശംഖുമുഖത്തെ കടൽത്തീരത്തിന്റെ നനുത്ത ഓർമ്മകൾ, അത്രയേറെ കളിച്ചും ചിരിച്ചും ഒക്കെ സന്തോഷം പങ്കിട്ട ഇടമാണ് ഇന്നൊരു ഓർമ്മയായി മാറിയിരിക്കുന്നത്.

വിഴിഞ്ഞം തുറമുഖം പണിയാരംഭിച്ചപ്പോൾ തുടങ്ങിയ തീരശോഷണം ഇന്ന് അതിന്റെ മൂർദ്ധന്യാവസ്ഥയിലാണ് വലിയതുറ മേഖലയിൽ മാത്രം 7 വരി വീടുകൾ നഷ്ടമായി എന്ന് പറയുമ്പോൾ തീരശോഷണത്തിന്റെ ആഘാതം എന്തുമാത്രം വലുതായിരിക്കുന്നുവെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഈ സ്വാതന്ത്ര്യദിനാഘോഷത്തിലും തീരദേശ ജനത സമരത്തിലായിരിക്കും കാരണം അവരുടെ ഉറ്റവരുടെയും ഉടയവരുടെയും വീടും സ്ഥലവും കിടപ്പാടവും കടലെടുത്തുപോയിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ നാലുവർഷമായി ഗോഡൗണുകളിലും പരിമിതമായ ക്ലാസ്റൂം വരാന്തകളിലും അഞ്ചും ആറും കുടുംബങ്ങൾ ഒരുമിച്ച് വസിക്കുന്ന മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ കിടക്കുമ്പോൾ എങ്ങനെ തീരത്തിന് സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ സാധിക്കും.

പൊതുസമൂഹം ചോദിച്ചേക്കാം സമരമാണോ അതിന് പരിഹാരമാർഗമെന്ന്. അല്ല എന്ന് ഉറപ്പിച്ചുപറയുന്നു പക്ഷേ ചോദിച്ചിട്ടും ചോദിച്ചിട്ടും മുഖംതിരിഞ്ഞു നിൽക്കുന്ന സർക്കാർ സംവിധാനങ്ങളോടും അധികാരികളോടും നടത്തിയ ഇടപെടലുകൾ മാത്രമൊന്ന് വിശദീകരിക്കാം.









*കൊച്ചുതോപ്പ് ഇടവകയിലെ ലിറ്റിൽ ഫ്‌ലവർ*

*തങ്ങളുടെ ഏറെനാളത്തെ അധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി പൂർത്തിയാക്കിയ ഭവനത്തിൽ ക്ഷണിക്കപ്പെടാത്ത അതിഥിയായി കടലമ്മ കടന്നു വന്നത് 2020ൽ. വീട് കടലാക്രമണത്തിൽ ഭാഗികമായ നഷ്ടപ്പെട്ടു. അമ്മയും ഭർത്താവും രണ്ട് പെൺമക്കൾ അടങ്ങുന്ന കുടുംബമാണ്, ജീവിതത്തിന്റെ ഓട്ടത്തിനിടയിൽ ഇല്ലാതായി പോയത് ഈ ചെറിയ കുടുംബത്തിന്റെ സ്വപ്നങ്ങളാണ്.*

*മൂത്തമകൾ മാർട്ടിനക്ക് ഓട്ടിസം പോലെയുള്ള പ്രശ്നങ്ങൾ ഉണ്ട്. ഇളയമകൾ മോനിക്കയാകട്ടെ പ്ലസ് ടു പഠനം പൂർത്തിയാക്കി തുടർ വിദ്യാഭ്യാസത്തിനു സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നതു കൊണ്ടുതന്നെ പഠനം പാതിവഴിയിലായി നിൽക്കുന്നു. ഭർത്താവ് ആന്റണിയാകട്ടെ മത്സ്യത്തൊഴിലാളിയാണ്.*

*“കുറച്ചുകാലം ഞങ്ങൾ ദുരിതാശ്വാസ ക്യാമ്പിൽ അഭയം പ്രാപിച്ചു പിന്നെ പ്രശ്നങ്ങൾ കാരണം വാടകയ്ക്ക് പോയി, വാടക കൊടുക്കാൻ പോലും ഇപ്പൊൾ ഞങ്ങളുടെ കയ്യിൽ പൈസ ഇല്ല. കഴിഞ്ഞ മൂന്ന് വർഷക്കാലവും ഞങ്ങളെ സംബന്ധിച്ച് ദുരിതത്തിന്റെ കാലമായിരുന്നു. വളരെ സുരക്ഷിതമായിട്ടൊന്ന് അന്തിയുറങ്ങീട്ട് നാളേറെയായി. പെൺമക്കളുടെ സുരക്ഷിതത്വത്തെ ഓർത്ത് വല്ലാതെ പേടിയാകുന്നു. ഓരോ രാത്രിയിലും ഞങ്ങൾ പേടിച്ചു പേടിച്ചാണ് കഴിയുന്നത്.*

*ക്യാമ്പിൽ ആയിരുന്നപ്പോൾ തന്നെ മൂത്തമകളുടെ അവസ്ഥ വല്ലാതെ ബുദ്ധിമുട്ടിലായിരുന്നു സുഖമില്ലാത്തതുകൊണ്ട് തന്ന മറ്റുള്ളവരിൽ നിന്ന് അവഗണനയും പരിഹാസവും ഒറ്റപ്പെടുത്തലുമൊക്കെ ഉണ്ടായപ്പോഴാണ് മാറി താമസിക്കണം എന്ന് തീരുമാനിച്ചത്. വാടക കൊടുക്കാൻ നിവൃത്തിയില്ലാത്തത് കൊണ്ടുതന്നെ വാസയോഗ്യമല്ലാത്ത തകർന്ന ഭവനത്തിലാണ് ഇപ്പോൾ താമസിക്കുന്നത്. കടലിൽ തിരമാലകൾ ആർത്തുലക്കുമ്പോൾ ഈ വീട്ടമ്മയുടെ ഹൃദയത്തിന്റെ താളവും കൂടുന്നു, എപ്പോഴാണ് ബാക്കിയുള്ളതും കൂടി നിലംപൊത്തി വീഴുന്നതെന്ന് അറിയില്ല. ഇപ്പൊൾ പാകം ചെയ്യുന്ന ഭക്ഷണം പോലും കഴിക്കാൻ സൗകര്യമില്ല.”*

*പ്രായപൂർത്തിയായ പെൺമക്കളുടെ തുടർ വിദ്യാഭ്യാസവും, ചികിത്സാചെലവും ചോദ്യചിഹ്നമായി ഈ വീട്ടമ്മയ്ക്ക് മുന്നിലുണ്ട്. ഇനിവരുന്ന രണ്ട് മാസങ്ങൾ കടൽ പ്രക്ഷുബ്ധമാകുമ്പോൾ എന്ത് ചെയ്യുമെന്ന് ലിറ്റിൽ ഫ്‌ലവർ കണ്ണീരോടെ ചോദിക്കുന്നു. അധികാരികളുടെ കണ്ണുകൾ തുറക്കുമായിരിക്കും. തന്റെ സങ്കടത്തിന്റെ കഥ പങ്കു വയ്ക്കുമ്പോഴും കടലാക്രമണം മൂലം വേദന തിന്നുന്ന ചുറ്റുവട്ടത്തെ തന്റെ അയൽക്കാരുടെ കഥ ലിറ്റിൽ ഫ്‌ലവർ വിസ്മരിക്കുന്നില്ല.*

അതിരൂപതയുടെ തീരദേശമേഖലകളിൽ തീരശോഷണം പ്രധാനമായും മൂന്ന് മേഖലകളെയാണ് അതിരൂക്ഷമായി ബാധിക്കുന്നത്. ഒന്നാമതായി സൗത്ത്കൊല്ലംകോട് പരുത്തിയൂർ ഉൾപ്പെടുന്ന പൊഴിയൂർ മേഖല, രണ്ടാമതായി വലിയതുറ മുതൽ വേളി വരെയുള്ള വലിയതുറമേഖല, മൂന്നാമതായി താഴംപള്ളി മുതൽ മാമ്പള്ളി വരെയുള്ള അഞ്ചുതെങ്ങ് മേഖല.

## തീരശോഷണത്തെയും അതിന്റെ പരിഹാരമാർഗ്ഗങ്ങളേയും കുറിച്ച് സമർപ്പിച്ച നിവേദനത്തിലെ പ്രധാന ആശയങ്ങൾ

തീരശോഷണത്തെക്കുറിച്ച് പഠിച്ച് പദ്ധതികൾ തയ്യാറാക്കാൻ വിദഗ്ദ്ധരേയും ശാസ്ത്രജ്ഞരേയും, മത്സ്യത്തൊഴിലാളി പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതിയ്ക്ക് രൂപം നൽകിവേണം മുമ്പോട്ടുപോകാൻ.

1) തീരം സംരക്ഷിക്കാൻ അഴിമുഖത്തുനിന്ന് സാന്റ് ബൈപാസിംഗ് നടത്തി ആ മണൽകൊണ്ട് വടക്കുഭാഗത്ത് മണൽകൂനകൾ നിർമ്മിക്കുകയും ഈ പ്രവർത്തനം തൊഴിലുറപ്പുമായി ബന്ധപ്പെടുത്തുകയും വേണം.

2) പുലിമുട്ട് നിർമ്മാണം തീരശോഷണത്തിന് ശാശ്വതമായ പരിഹാരമായി കാണാൻ സാധിക്കില്ല. ഹാർബർ പുലിമുട്ടു നിർമ്മാണവും തീരശോഷണത്തിന് പ്രധാന കാരണമായതിനാൽ പുതിയ ഹാർബറുകൾ അനുവദിക്കരുത്. അതാത് മേഖലകളുടെ പ്രത്യേകതകൾ കൂടി പരിഗണിച്ചുള്ള പരിഹാര മാർഗ്ഗങ്ങളാവണം തീരശോഷണത്തിന് പരിഹാരമായി നിർദ്ദേശിക്കേണ്ടത്.

3) തീരശോഷണം സംഭവിക്കുന്ന സ്ഥലങ്ങളുടെ മാപ്പിംഗ് നടത്തി തകർന്ന കടൽഭിത്തികളുടെ പുനർനിർമ്മാണം അടിയന്തിരമായി വേഗത്തിലാക്കണം.

4) കടൽഭിത്തി അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ ടെട്രാപാട് ഉപയോഗിച്ച് നിർമ്മിക്കുക.

5) ഭവനം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ പുനർഗേഹം പദ്ധതിയല്ല വേണ്ടത് മറിച്ച് നഷ്ടപ്പെട്ട വീടിനും വസ്തുവിനും തത്തുല്യമായ നഷ്ടപരിഹാരം നൽകി സർക്കാർ ഉത്തരവാദിത്വത്തിൽ പുനരധിവസിപ്പിക്ക

ണം. പുനരധിവാസത്തിന്റെ ഭാഗമായി മിച്ചം വരുന്ന സ്ഥലങ്ങൾ മത്സ്യത്തൊഴിലാളികളുടെ ഉടമസ്ഥതയിൽ നില നിർത്തുകയും അവരുടെ പൊതു ഉപയോഗത്തിനായി മാറ്റിവയ്ക്കുകയും വേണം. അതിനായി ഒരു തീരദേശ പാക്കേജ് നടപ്പിലാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം

6) മുതലപ്പൊഴി ഹാർബറിലെ അശാസ്ത്രീയമായ നിർമ്മാണത്തിന്റെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഉടനെ പരിഹാരം കണ്ടെത്താൻ ഹാർബർ വിഷയത്തിൽ മത്സ്യത്തൊഴിലാളികളെല്ലാം ഒരുമിച്ച് നിൽക്കുകയും മുലപ്പൊഴിയിൽ നിന്നും മണൽ കയറ്റിക്കൊണ്ടു പോകുന്നത് തടയുകയും വേണം.

## വിഴിഞ്ഞം പ്രദേശത്തെ പരിഹരിക്കേണ്ടതായ പ്രശ്നങ്ങൾ

മീൻപിടുത്ത തുറമുഖം സുരക്ഷിതമല്ലാതാകുകയും തുറമുഖ കവാടത്തിലും അകത്തും തിരയടി ശക്തമാകുന്നതുമൂലം വള്ളങ്ങൾ അപകടത്തിൽപെടുന്ന സ്ഥിതിവിശേഷമുണ്ട്. ഡ്രഡ്ജിംഗിന്റെ ഫലമായി മത്സ്യസമ്പത്തിന്റെയും സ്വാഭാവിക പാരുകളുടെയും നാശംമൂലം മത്സ്യലഭ്യത കാര്യമായി കുറഞ്ഞിരിക്കുന്നു. പൈലിംഗ് പണി വിഴിഞ്ഞം തീരത്തുള്ള നിരവധി വീടുകൾക്ക് വിള്ളലുണ്ടാക്കുകയും അവതകർന്നു വീഴാൻ പോകുന്ന സ്ഥിതിയും ഉണ്ടാക്കിയിരിക്കുന്നു.

## വിഴിഞ്ഞത്തിന് വടക്കുള്ള തീരപ്രദേശങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ

2016 മുതൽ വിഴിഞ്ഞം കടലിൽ തുറമുഖത്തിന് വേണ്ടി ഡ്രഡ്ജിംഗ് ആരംഭിച്ചപ്പോൾ മുതൽ അതിന് വടക്കുള്ള തീരങ്ങളിൽ കടലേറ്റം അതിരൂക്ഷമായി വലിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ്, കണ്ണാന്തുറ, വെട്ടുകാട്, കൊച്ചുവേളി, വലിയവേളി തീരങ്ങളിൽ നിരവധി വീടുകൾ കടലേറ്റത്തിൽ നശിച്ചു.

## ഈ സാഹചര്യത്തിൽ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾ:

1) പദ്ധതിപ്രദേശത്തിന്റെ വടക്കുഭാഗത്തുള്ള 7876 മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളിൽ സാരമായി ബാധിക്കുമെന്ന് കണ്ടെത്തിയ 3000 കു



*വിൻസിയർ, പുതിയതുറ*

*'വലിയ സമ്പാദ്യമൊന്നും പ്രതീക്ഷിച്ചിട്ടല്ല, അന്നന്നുള്ള അന്നത്തിനുള്ള വക കിട്ടുമല്ലോയെന്ന പ്രതീക്ഷയോടെയാണ് ഓരോ ദിവസവും കടലിലേക്ക് പോകുന്നത്'. പുതിയതുറയിലെ മത്സ്യതൊഴിലാളി വിൻസിയറിൻറെ വാക്കുകളാണിവ. ഇത് വിൻസിയറിൻറെ മാത്രം വാക്കല്ല, ആഴക്കടലിൻറെ ഒഴുക്കറിഞ്ഞ് അന്നം കണ്ടെത്താൻ പുറപ്പെടുന്ന ഓരോ മത്സ്യത്തൊഴിലാളിയുടെയും വാക്കുകളാണ്.വീട്ടിലെ പട്ടിണി മാറ്റാൻ തൻറെ പതിനാലാം വയസ്സുമുതൽ കടലിലേക്കിറങ്ങിയപ്പോൾ പ്രതീക്ഷിച്ചില്ല കടലിനോടൊപ്പം കരയിലും പ്രതിബന്ധങ്ങളേറെ നേരിടേണ്ടി വരുമെന്ന്.*

*"പണ്ട് അപ്പനൊപ്പം കട്ടമരത്തിൽ തൊളവ കൊണ്ട് തുഴഞ്ഞ് പണിക്കുപോയതോർമ്മയുണ്ട്. വള്ളമിറക്കുന്ന സമയത്ത് തിരമാലകളെ തോൽപ്പിച്ച് മുന്നോട്ട് പോകുന്നത് കഷ്ടമാണ്.പലപ്പോഴും വള്ളം മിറഞ്ഞ് വലയും മറ്റു സാധനങ്ങളും വെള്ളത്തിൽ വീണുപോയിട്ടുണ്ട്.അപ്പോഴും അതൊക്കെ നീന്തിപ്പെറുക്കി വള്ളത്തിലാക്കി വീണ്ടും യാത്ര തുടരും.വീട്ടിലെ കടങ്ങളൊക്കെ ഓർക്കുമ്പോ ജീവൻ പണയം വച്ചും മുന്നോട്ട് പോകാനുള്ള ധൈര്യം കിട്ടും. അന്ന് ജീവിതത്തെക്കുറിച്ചുള്ള വലിയ പ്രതീക്ഷകളോടെയാണ് യാത്രതുടങ്ങിയിരുന്നത്. ഇപ്പൊ കടലിനോടല്ല മല്ലിടേണ്ടി വരുന്നത്. കുതിച്ചുയരുന്ന മണ്ണെണ്ണ വിലയോടാണ്. കടമെടുത്തും എണ്ണ വാങ്ങി പണിക്കു പോയാലും മുടക്കുമുതൽ പോലും കിട്ടാത്ത അവസ്ഥയാണ്.മുൻപൊക്കെ മണ്ണെണ്ണ 80-90 രൂപക്കൊക്കെ കിട്ടുമായിരുന്നു.എന്നാലിപ്പൊ 130-140 രൂപയാണ് ലിറ്ററിന്. കടമെടുത്താണ് മണ്ണെണ്ണ വാങ്ങി പണിക്കു പോകുന്നത്. പലപ്പോഴും മീനൊന്നും കിട്ടാതെ വെറും കയ്യോടെ തിരികെ വന്നിട്ടുണ്ട്. അത് കടം ചുമന്നുകൊണ്ട് തിരികെ വീട്ടിലെത്തുന്ന അവസ്ഥയ്ക്ക് തുല്യമാണ്. 1700 രൂപ മുടക്കി പണിക്കു പോകുമ്പോ കിട്ടുന്ന മീനിന് 1400 രൂപയായിരിക്കും വില കിട്ടുന്നത്.ഇതും നഷ്ടമാണ്.*

*ഒന്നും കിട്ടുന്നില്ലല്ലോയെന്നോർത്ത് വിഷമിച്ചിരിക്കാൻ പറ്റില്ലല്ലോ. പ്രതീക്ഷകളെ മുറുകെപ്പിടിച്ച് മക്കളുടെ ഭാവിയെ ഓർത്ത് ഞങ്ങൾ വീണ്ടും പണിക്കു പോകും. കാറ്റു വരുന്നു, കോള് വരുന്നു, പേമാരി വരുന്നു എന്നൊക്കെ തെറ്റായ നിർദ്ദേശം നൽകുന്ന സർക്കാർ സംവിധാനങ്ങൾ ഞങ്ങൾക്കു വേണ്ടി എന്താണ് ചെയ്യുന്നത്?പണിക്കു പോകാത്ത ദിവസങ്ങളിൽ ഞങ്ങളുടെ വീട്ടിലെ അടുപ്പ് പുകയുന്നുണ്ടോയെന്ന് അവരാരും അറിയുന്നില്ലല്ലോ. മണ്ണിൻറെ മണം പേറുന്നവനാണ് കർഷകനെങ്കിൽ കടലിൻറെ മണം പേറുന്നവനാണ് ഓരോ മത്സ്യത്തൊഴിലാളിയും. പണമോ പത്രാസോ പരിഷ്ക്കാരമോ ഇല്ലാത്ത പച്ച മനുഷ്യർ. ഞങ്ങളുടെ ശബ്ദമാകാൻ ഞങ്ങൾ മാത്രം."*

*ഇതൊക്കെ പറയുമ്പോഴും അടുത്ത ദിവസത്തേക്ക് വേണ്ടി പ്രതീക്ഷയുടെ ചൂണ്ടയൊരുക്കുകയാണ് വിൻസിയർ.*



*പെണ്ണമ്മ, വലിയതുറ പോർട്ട് ഗോഡൗണിൽ*

*വലിയതുറ പോർട്ട് ഗോഡൗണിൽ താമസിക്കുന്നൊരമ്മയുണ്ട് പെണ്ണമ്മ ലിഫോറി, 66ാം വയസ്സിൽ കൂട്ടിനെത്തിയതാണ് സ്തനാർബുദം. ഭാര്യയുടെ രോഗാവസ്ഥയിലും രാവും പകലും കാവലിരിക്കുകയാണ് 72കാരനായ ഭർത്താവ് ലിഫോറി. ആരോഗ്യമുള്ള കാലത്ത് അദ്ധ്വാനിച്ച് നിർമ്മിച്ച തങ്ങളുടെ സ്വപ്ന ഭവനം, തങ്ങളുടെ ജീവിത സമ്പാദ്യം, മക്കളൊക്കെ ഓടിക്കളിച്ച മുറ്റം, അതൊന്നും തന്നെയിപ്പൊ ഇല്ലെന്നൊമ്പരപ്പെടുത്തുന്ന വേദന പങ്കുവയ്ക്കുകയാണ് ലിഫോറി. ഞങ്ങളുടെ അദ്ധ്വാനം മുഴുവൻ കടലമ്മ കൊണ്ടു പോയി.രോഗാവസ്ഥയിലായിരിക്കുന്ന ഭാര്യ മാത്രമാണ് ഇപ്പോഴത്തെ തൻറെ ഏക സമ്പാദ്യമെന്ന് വേദനയോടെ പറയുകയാണ് അദ്ദേഹം.*

*“ ഗോഡൗണിലെ പൊടിയും, ഈച്ച ശല്ല്യവുമൊക്കെ സഹിച്ച് ഈ രോഗാവസ്ഥയിലായിരിക്കുന്ന ഭാര്യയെ പരിചരിച്ച് 4 വർഷം കൊണ്ട് ഇവിടെ കഴിയുകയാണ്. മഴ പെയ്യുമ്പോൾ ഇതിനുള്ളിലും വെള്ളമിറങ്ങും.ഉണർന്നിരുന്ന് പാത്രങ്ങളൊക്കെ നിരത്തി വച്ച് അകത്ത് വെള്ളം കെട്ടിനിൽക്കാതെ സൂക്ഷിക്കണം. അല്ലെങ്കിൽ കിടന്നുറങ്ങാൻ കഴിയാതെ വരും.നാല് വർഷമായി ഞങ്ങളിവിടെ ഈ ദുരിതം അനുഭവിച്ചു തീർക്കുകയാണ്.സർക്കാർ സംവിധാനങ്ങൾ ഞങ്ങളുടെ ദുരവസ്ഥ കണ്ടില്ലെന്ന് നടിക്കുകയാണ്.*

*സ്കൂളിൽ പോകുന്ന ഒത്തിരി കുട്ടികളുണ്ടിവിടെ.അവർക്കിവിടെ സ്വസ്തമായി ഇരുന്ന് പഠിക്കുവാനോ, കളിക്കുവാനോ സൗകര്യമില്ല.മക്കളുടെ ഭാവിയോർത്ത് ഇവിടത്തെ ഓരോ അമ്മമ്മാർക്കും,അപ്പന്മാർക്കും ആശങ്കയുണ്ട്.എന്തെങ്കിലും അസുഖം വന്നാൽ പോലും ആരും ഞങ്ങളെ തിരിഞ്ഞു നോക്കാനില്ല.വേറൊന്നും വേണ്ട,സുരക്ഷിതമായി തല ചായ്ച്ചുറങ്ങാനൊരു ഭവനം മതി ഞങ്ങൾക്ക്.ഞങ്ങളുടെ കാലം കഴിയാറായി. ”*

*രോഗിയായ ഭാര്യയെ നോക്കി ഈ വൃദ്ധൻ നാലു കൊല്ലമായി ഇവിടെയിരിക്കുന്നു.ക്യാൻസറിൻറെ നുറുങ്ങുന്ന വേദനയും സഹിച്ച്, ഈ വൃത്തിഹീനമായ അന്തരീക്ഷത്തിൽ ഇനിയെത്രനാൾ കൂടി നരകയാതന അനുഭവിക്കേണ്ടി വരുമെന്നറിയില്ല. അവരും മനുഷ്യരല്ലേ?*

ടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 150 കോടി രൂപയ്ക്ക് 50 ഏക്കർ ഭൂമി വാങ്ങി, 20 കോടി രൂപയുടെ അടിസ്ഥാന വികസനത്തോടൊപ്പം 180 കോടി രൂപ മുടക്കി പൂർത്തീകരിക്കുമെന്ന് ഉറപ്പ് നൽകിയ ഫ്ളാറ്റ് നിർമ്മാണം എത്രയും വേഗം സ്ഥലം കണ്ടെത്തി പൂർത്തിയാക്കുക.

2) ഈ മേഖലയിലെ തീരം സംരക്ഷിക്കുകയും അടിയന്തിരമായി വലിയതുറ, തോപ്പ് ഭാഗങ്ങളിൽ കടൽഭിത്തികെട്ടി സംരക്ഷിക്കുകയും ചെയ്യുക.

3) ഈ മേഖലയിൽ ഉണ്ടാകുന്ന തൊഴിൽ നഷ്ടവും മറ്റും കണക്കിലെടുത്ത് പുനരധിവാസത്തോടൊപ്പം മറ്റ് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയും വികസന പദ്ധതികളും അടിയന്തിരമായി നടപ്പിലാക്കുക.

## ഈ ഗുരുതരസാഹചര്യത്തിൽ മൂന്ന് പ്രധാന നിർദ്ദേശങ്ങൾ:

വിഴിഞ്ഞം വാണിജ്യ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തികൾ മൂലം മീൻപിടിത്ത സമൂഹത്തിന് ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളും ദോഷങ്ങളും പഠിക്കുന്നതിന് സാമൂഹ്യ-സാങ്കേതിക വിദഗ്ദ്ധർ അടങ്ങുന്ന ഒരു വിദഗ്ദ്ധസമിതി രൂപീകരിക്കുകയും മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയും ചെയ്യുക.

വാണിജ്യതുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടും, മീൻപിടുത്ത തുറമുഖത്തിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചും മത്സ്യത്തൊഴിലാളി സമൂഹത്തിന് നൽകാമെന്ന് കാലാകാലങ്ങളിൽ ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുള്ളതും അംഗീകരിച്ചതും മുകളിൽ ചേർത്തിട്ടുള്ളതുമായ നഷ്ടപരിഹാരം ഉൾപ്പെടെയുള്ള എല്ലാ വാഗ്ദാനങ്ങളും നടപടികളും പ്രാവർത്തികമാക്കുക.

മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ നടപ്പിലാക്കുന്നതുവരെ വിഴിഞ്ഞം വാണിജ്യതുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തികൾ താത്ക്കാലികമായി നിർത്തിവയ്ക്കുക.

ആവർത്തിച്ചാവർത്തിച്ച് നിവേദനങ്ങൾ കളക്ടർ, ബന്ധപ്പെട്ട വകുപ്പ് മ

ന്ത്രിമാർ, മുഖ്യമന്ത്രി തുടങ്ങിയവർക്ക് എത്തിച്ചുവെങ്കിലും തികഞ്ഞ അലംഭാവവും അവഗണനയുമാണ് നേരിട്ടതെങ്കിലും തളരാതെ വീണ്ടും വീണ്ടും നിവേദനം സമർപ്പിച്ചപ്പോൾ മന്ത്രിമാരെ ചുമതലപ്പെടുത്തി ചർച്ചയ്ക്ക് തയ്യാറായി. ആ ചർച്ചയിൽ പോലും സർക്കാരിന്റെ ഭാഗത്തുനിന്നും നമുക്ക് കിട്ടിയത് നാളിതുവരെ അവർ ചെയ്തുവെന്ന് അവകാശപ്പെടുന്ന ചില കാര്യങ്ങളെകുറിച്ചുള്ള വിവരണമാണ്. എന്നാൽ ഈ നഷ്ടത്തെക്കുറിച്ചോ ഇന്ന് നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചോ എങ്ങനെ എപ്രകാരം തരണം ചെയ്യണമെന്ന് ഒരു മറുപടിയും ലഭിച്ചിരുന്നില്ല. ഈ അവസ്ഥയിലാണ് അവസാനമായി ഒരു നിവേദനം കൂടി സമർപ്പിച്ച് തീരദേശത്തിന്റെ നഷ്ടങ്ങളെ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടത് എന്നാൽ ഈ വർഷത്തെ മൺസൂൺ സീസണിലും ഭവനം നഷ്ടപ്പെടുന്നത് ഒരു കാഴ്ചക്കാരായി മാത്രം നോക്കിനിൽക്കേണ്ടിവന്നതിനാൽ നമുക്ക് മറ്റൊരു മാർഗ്ഗവും ഇല്ലായിരുന്നു. ഇപ്പോൾ നാം സമരത്തിനായി ഇറങ്ങിയില്ലെങ്കിൽ വീണ്ടും കഴിഞ്ഞ നാല് വർഷങ്ങളിലെ പോലെ ഭവനം നഷ്ടപ്പെട്ടവരും തീരം നഷ്ടപ്പെട്ട ജനതയും മണ്ണെണ്ണ ഇല്ലാതെ മത്സ്യബന്ധനത്തിനായി പോകാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികളും തുടച്ചുനീക്കപ്പെടും എന്നതിൽ യാതൊരു സംശയവുമില്ല. ഇത് നിലനിൽപ്പിന്റെ പോരാട്ടമാണ്. ഓരം ചേർക്കപ്പെടുകയും മാറ്റി നിർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന ജനത്തിന് ശബ്ദം ആകാനുള്ള അവസരം. തീരത്തുനിന്നും ചിതറിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾ മറ്റൊരു ജീവിതമാർഗ്ഗം കണ്ടെത്താനാകാതെ വലയുമ്പോൾ കിടന്നുറങ്ങാൻ എങ്കിലും ഒരു ഭവനത്തിന് അവർ സർക്കാറിന്റെ മുൻപിൽ കൈനീട്ടി നിൽക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കാൻ ഇനിയും സർക്കാർ സംവിധാനങ്ങൾക്കും പൊതുജനത്തിനും സാധിക്കുകയില്ലയെന്ന് തന്നെ ഉറപ്പിച്ചുപറയാം. ■

---

*തയ്യാറാക്കിയത്:*

**ബ്ര. സാലു സിൽവയ്യൻ**

**ടെൽമ ജെ.വി.**

*ചിത്രങ്ങൾ :*

**ഷെയിൻ, ശ്യാം**












**‘ആസാദി കാ അമൃത് മഹോത്സവ്’ എന്ന ആപ്തവാക്യത്തിൽ ഭാരത സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആചരിക്കുമ്പോൾ ഭരണഘടനയുടെ ഒരു പരന്നവായന വഴി ഇത് എത്ര ശ്രേഷ്ഠവും സമ്പന്നവുമാണെന്നറിയാൻ കഴിയും. നിരവധി ആശയങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ഊർജ്ജമേകിയ ഈ അമൃത് ഭാവിയിൽ വിവിധ ചിന്താധാരകൾക്കും ആഴമേറിയ പഠനങ്ങൾക്കും പൗരന്റെ അവകാശ സംരക്ഷണങ്ങൾക്കും കവചമാകും.**

# ഭരണഘടനാ ധാർമികത

## ജാലകം



**ഫാ. എഡിസൺ വൈ.എം.**
അതിരൂപതാ പ്രൊക്കുറേറ്റർ

Ignorantia Juris non excusat (Legal Maxim) “നിയമത്തെക്കുറിച്ചുള്ള അജ്ഞത ഒരുവനെ നിയമപാലനത്തിൽ നിന്നും ഒഴിവാക്കുന്നില്ല.”

ലോകത്തിലെ വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ ഭരണഘടന, ലിഖിത ഭരണഘടനകളിൽ വച്ച് ഏറ്റവും ബൃഹത്തായതും മഹത്തരവുമാണ്. ഇന്ത്യയുടെ അതിർത്തി, ഗവണ്മെന്റ് സംവിധാനം, ജനത എന്നിവയെ ഏകോപിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നത് ഈ ഭരണഘടനയുടെ അടിസ്ഥാനത്തിലൂടെയാണല്ലോ. സ്വാതന്ത്ര്യദിനത്തിന്റെ പ്ലാറ്റിനം ജൂബിലി ആയിട്ടും ഭരണഘടനയുടെ മേന്മകളെ മനസ്സിലാക്കാതെ, ഭരണഘടനാ പദവിയിൽ സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാർ തന്നെ ഇതിനെ അപകീർത്തിപ്പെടുത്തുന്ന വിമർശനം നടത്തുന്ന സാഹചര്യത്തിൽ ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള പുനഃർചിന്ത അനിവാര്യമാണ്.

> **“ചരിത്രം മറക്കുന്നവർക്ക് ചരിത്രം രചിക്കാനാവില്ല.”**
> *- ഡോ. ബി.ആർ. അംബേദ്കർ*

പ്രകൃതിനിയമം, വിശേഷബുദ്ധി, ധാർമികത, പാരമ്പര്യം, നിലവിലുള്ള ഭരണക്രമങ്ങൾ എന്നിവയിൽ നിന്നാണ് നിയമം രൂപപ്പെട്ടത്. ഇന്ത്യൻ ഭരണഘടനയും ഇത്തരം പാതയിലൂടെയാണ് രൂപപ്പെട്ടത്. ഇന്ത്യൻ ഭരണഘടനയുടെ ഉറവിടങ്ങളായി കാണാൻ കഴിയുക നാട്ടുരാജ്യ ഭരണകാലത്തെ നിയമങ്ങൾ, ബ്രിട്ടീഷ് ഭരണകാലത്തെ വിവിധ ആക്ടുകൾ, അമേരിക്ക, ഫ്രാൻസ്, തുടങ്ങിയ രാജ്യങ്ങളുടെ ഭരണഘടനകളിലെ ഭാഗങ്ങളുമാണ്.

1858 മുതൽ ഇന്ത്യയ്ക്ക് ഒരു ഭരണഐക്യം സംജാതമാകുമ്പോൾ ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്നും ബ്രിട്ടീഷ് ഭരണകൂടം നേരിട്ട് നിയന്ത്രിക്കുന്ന ഒരു കോളനിയായി ഇന്ത്യമാറി. തുടർന്ന് 1935 ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യാ ആക്ട് പോലെ പല ശ്രദ്ധേയമായ നിയമങ്ങൾ വഴി ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയുടെ ഭരണകൈകാര്യം നടപ്പിലാക്കി.

എം.എൻ.റോയ് ആണ് ഇന്ത്യയ്ക്കുവേണ്ടി ഒരു ഭരണഘടന വേണമെന്ന ആവശ്യം ആദ്യമായി ഉന്നയിച്ചത്. 1920 കളിൽ കോൺഗ്രസ് പാർട്ടികളുടെയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങളുടെയും ചിന്ത ഇന്ത്യ ബ്രിട്ടീഷ് ഭരണകൂടത്തിൻകീഴിലെ ഒരു ഡൊമൈൻ ആയാൽ മതി എന്നായിരുന്നു. പിൽക്കാലത്ത് ഒരു സ്വതന്ത്രരാജ്യം എന്ന ആശയത്തിൽ ശക്തമായി. തുടർന്ന് ക്യാമ്പിനറ്റ് മിഷന്റെ നിർദ്ദേശപ്രകാരം ഇന്ത്യയ്ക്കായി ഒരു കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി രൂപീകരിക്കുവാൻ ബ്രിട്ടൻ തീരുമാനിച്ചു.


> **“ഭരണഘടന ഒരു വക്കീലിന്റെ മാത്രം രചനയല്ല.”**
> *- ഡോ. ബി.ആർ.അംബേദ്കർ*

1946 ൽ രൂപപ്പെട്ട കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി എന്ന ഭരണഘടന നിയമനിർമ്മാണ സമിതിയിലെ 389 അംഗങ്ങളിൽ 17 പേർ കേരളത്തിൽ നിന്നുള്ളവരായിരുന്നു. അതിൽ മൂന്നുപേർ സ്ത്രീകളും. അമ്മു സ്വാമി, ദാക്ഷായണി വേലായുധൻ, തിരുവനന്തപുരം സ്വദേശിയും ലത്തീൻ സമുദായ അംഗവുമായ ആനിമസ്ക്രീൻ എന്നിവരായിരുന്നു അവർ. ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാനായ ഡോ. ബി.ആർ.അംബേദ്കറിന്റെ നേതൃത്വത്തിൽ 1949 നവം. 26 ന് ഭരണഘടനയുടെ അന്തിമരൂപം ഈ സമിതി പാസാക്കി; ഈ ദിനത്തെ ഭരണഘടനാ ദിനമായി ഇന്നും ആചരിക്കുന്നു. അടിസ്ഥാന രാഷ്ട്രീയ തത്ത്വങ്ങൾ അവതരിപ്പിക്കുന്ന ഇന്ത്യയുടെ പരമോന്നത നിയമമായ ഭരണഘടന ഏകദേശം മൂന്നു വർഷത്തെ (2 വർഷം, 11 മാസം, 18 ദിവസം) ശ്രമഫലമായി രൂപംകൊണ്ടതാണ്. അങ്ങനെ 1950 ജനുവരി 26 ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു; ഇന്ത്യൻ റിപ്പബ്ലിക് ദിനമായി ഇതിനെ നാം അനുസ്മരിക്കുന്നു.

ഭരണഘടന നിലവിൽവന്നപ്പോൾ 395 അനുച്ഛേദങ്ങൾ (ആർട്ടിക്കിളുകൾ), 22 ഭാഗങ്ങൾ, 8 ഷെഡ്യൂളുകൾ എന്നിവയാണ് മൂലരൂപത്തിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് 105 ഭേദഗതികൾ (2021) കഴിയുമ്പോൾ അത് 448 ആർട്ടിക്കിളുകൾ, 22 ഭാഗങ്ങൾ, 12 ഷെഡ്യൂളുകൾ എന്നിവയായി അവ പരിണമിച്ചു. 22 ഭാഗങ്ങളോടൊപ്പം കൂട്ടിച്ചേർത്തവ 3 എ മുനിസിപ്പാലിറ്റികൾ, 3 ബി കോർപ്പറേറ്റ് സൊസൈറ്റികൾ, 14 എ ട്രൈബ്യൂണലുകൾ എന്നീ ഭാഗങ്ങളാണ്. പുതിയ ഭാഗങ്ങളെ എ, ബി എന്നിങ്ങനെ നിലവിലുള്ള ഭാഗങ്ങൾക്കുള്ളിൽ തന്നെ ക്രമീകരിച്ചിരിക്കുന്നതിനാൽ 22 ഭാഗങ്ങളുടെ പൊതുവായ ഘടനയിൽ മാറ്റങ്ങൾ സംഭവിച്ചിട്ടില്ല. ഭരണഘടനയിലെ ആർട്ടിക്കിളുകളെ വിഷയാധിഷ്ഠിതമായി വിവിധ ഭാഗങ്ങൾക്കുള്ളിൽ വർഗീകരിച്ചിരിക്കുന്നു.

> **“ഭരണഘടന ജീവന്റെ വാഹകനും അതിന്റെ ആത്മാവ് കാലഘട്ടത്തിന്റെ ഉണർവുമാണ്.”**
> *- ഡോ. ബി.ആർ.അംബേദ്കർ*


ഭരണഘടന ഇന്ത്യയെന്ന രാഷ്ട്രശരീരത്തിന്റെ ജീവനാഡിയാണ്. എങ്കിലും വിവിധ വെല്ലുവിളികളെ ഭരണഘടന കാലാകാലങ്ങളായി അതിജീവിക്കുന്നു. അവയിൽ ചിലത് നമുക്ക് പരിശോധിക്കാം.



വർഗീയത: മതത്തെയോ സമുദായത്തെയോ രാഷ്ട്രീയ-സാമ്പത്തിക താല്പര്യങ്ങൾക്കുവേണ്ടി സംഘടിതമായി ഉപയോഗിക്കാനുള്ള ശ്രമങ്ങളാണിത്. ശിവസേന, പിഡിപി, എസ്ഡിപിഐ എന്നിവയൊക്കെ ഇതിന് ചില ഉദാഹരണങ്ങളാണ്. വർഗീയ ശ്രമങ്ങൾക്കുവേണ്ടി ഭരണഘടനയിലെ ചില എഴുത്തുകളെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ഇവർ വളച്ചൊടിക്കുന്നു.

2. സെക്കുലറിസം: 1976 ൽ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് സെക്കുലർ എന്ന പദം ഭരണഘടനയിൽ ഉൾച്ചേർക്കുന്നത്. ഭരണഘടനയിലെ 25







മുതൽ 28 വരെ ഉള്ള അനുച്ഛേദങ്ങൾ മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്നവയാണ്. എല്ലാ മതവിശ്വാസങ്ങൾക്കും സ്വാതന്ത്ര്യം നൽകുന്ന നാടാണ് ഇന്ത്യ. ഇതരമതങ്ങൾക്കും എന്റെ മതത്തോടൊപ്പം സഹജീവനം സാധ്യമാകുന്ന അവസ്ഥ. എന്നാൽ മതാചാര അനുഷ്ഠാനങ്ങൾ, വാർഷികാചരണങ്ങൾ, പ്രീണന നയങ്ങൾ എന്നിവയിൽ സെക്യുലറിസം കെട്ടിയിടപ്പെടുമ്പോഴും, ഇതര മതത്തെ തരംതാഴ്ത്തി വാദമുഖങ്ങൾ നിരത്തുമ്പോഴും അവയുടെ പേരിൽ ലഹളയും കലാപങ്ങളും അരങ്ങേറുമ്പോഴും ഭരണഘടനയിലെ അഥവാ സെക്യുലറിസം അഥവം 'മതേതരം' അർഥശൂന്യമാകുന്നു.

മതമൗലികത: ദൈവവിശ്വാസം, ആചാരനുഷ്ഠാനങ്ങൾ എന്നിവയിൽ മനുഷ്യനെ ഒന്നിപ്പിക്കുന്ന ഘടകമാണ് മതം. മതമില്ല എന്നുപറയുന്നതും ഒരു മതമായി ഗണിക്കപ്പെടുന്നു. തന്റെ മതത്തോടുള്ള അമിതസ്നേഹവും ഉപരിഭാവഭ്രമവും അധീശത്വ മനോഭാവവും ഒരുവനെ മതമൗലികവാദിയോ, തീവ്രവാദിയോ ആക്കി മാറ്റുന്നു. സ്വന്തം ജീവിത ചുറ്റുപാടുകളിൽ മറ്റുമതങ്ങളെ അവഗണിക്കാൻ ഇക്കൂട്ടർ ഭരണഘടനയെ കൂട്ടുപിടിക്കുന്നു.

ഫെഡറലിസം: ഒരു പ്രദേശത്തിന് രണ്ടുതലങ്ങളിലുള്ള ഗവണ്മെന്റുകൾ ഒരേ സമയം വ്യവസ്ഥകളിന്മേൽ ഭരണം നടത്തുന്ന അവസ്ഥയാണിത്. കേന്ദ്രവും സംസ്ഥാനങ്ങളും ഭരണ അവകാശങ്ങൾ കൈയാളുന്ന സംവിധാന രീതിയാണ് ഇന്ത്യൻ ഭരണഘടനയിൽ ഉള്ളത്. യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിവയിലൂടെ ഗവണ്മെന്റുകൾ ചെയ്യേണ്ട വ്യത്യസ്ഥവും പൊതുവുമായ ഭരണകർത്തവ്യങ്ങളെ വ്യാഖ്യാനിച്ചിരിക്കുന്നു. എങ്കിലും കേന്ദ്രത്തിന്റെ സ്വാധീനം ശക്തം തന്നെയാണ്. അതിനാൽ ഇന്ത്യൻ ഭരണഘടനയെ ക്വാസി ഫെഡറൽ ഭരണഘടന എന്നുപറയുന്നു. കൂടാതെ ഒരു സംസ്ഥാനവും കേന്ദ്രത്തേക്കാളുപരി ഭരണവാഴ്ച സ്വന്തമാക്കാൻ സാധ്യമല്ലാത്ത സുരക്ഷിത സംവിധാനവും ഇതിലൂടെ ഉറപ്പുവരുത്തുന്നു.

പ്രാദേശികവാദം ഭാഷാവാദം : ഒരു പ്രദേശത്തിന്റെ പ്രത്യേകതകൾ ജനത, സംസ്കാരം, ഭാഷ, എന്നിവയുടെ അടിസ്ഥാനത്തിലെ സമാനതകൾ ഭരണഘടന വിഭാവന ചെയ്യുന്ന ഐക്യത്തെ തടസപ്പെടുത്തുന്ന ഘടകങ്ങളാണ്. ദ്രാവിഡ-ആര്യ ചിന്തകൾ, തെലുങ്കാന-തമിഴ് വാദങ്ങൾ എന്നിവ ഒരു പ്രദേശത്തിന്റെ തനിമയെ അടിവരയിട്ടുറപ്പിക്കുമ്പോൾ അത് ഇന്ത്യയുടെ പൊതു ദേശീയതയ്ക്ക് ഉപരിയായവയായി മാറ്റപ്പെടുന്നു. ഭാഷാടിസ്ഥാനത്തിലാണല്ലോ സംസ്ഥാനങ്ങൾ രൂപപ്പെട്ടത്; നിലവിലുള്ള 22 പ്രാദേശിക ഭാഷകൾക്കുപരി ഹിന്ദി, ഇംഗ്ലീഷ് എന്നീ ഔദ്യോഗിക ഭാഷകൾ രാജ്യത്തിന്റെ ആശയ വിനിമയ സംവിധാനത്തെ ഏകോപിപ്പിക്കുന്നു.

> **“അവകാശങ്ങളും കടമകളും, എന്നത് കടമകളും അവകാശങ്ങളും എന്നതിനേക്കാൾ സ്വീകാര്യമാണ്”**
>
> *- റ്റോബ ബീറ്റ*

എപ്പോഴും അവകാശങ്ങളാണല്ലോ നമ്മുടെ മനസ്സിലെത്തുക. എനിക്ക് എന്തു കിട്ടും എന്നതാണ് നമ്മുടെ ചോദ്യം. ഇന്ത്യൻ ഭരണഘടന ഒരു പൗരന് ഉറപ്പുനൽകുന്ന അവകാശങ്ങൾ നിരവധിയാണ്. രാഷ്ട്രജീവിതം മനുഷ്യന്റെ വ്യക്തിജീവിതവുമായി ഇഴചേർന്നിരിക്കുന്നു. അതിനാൽ പല അവകാശങ്ങൾക്കും ഒരു പൗരനെ അത് പ്രാപ്തമാക്കുന്നു. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 12 മുതൽ 35 വരെ വിവിധ മൗലിക അവ

കാശങ്ങളെക്കുറിച്ച് പറയുന്നു. അവ സമത്വാവകാശം (14 മുതൽ 18), സ്വാതന്ത്ര്യ അവകാശം (19 മുതൽ 22), ചൂഷണത്തിനെതിരെയുള്ള അവകാശം (23, 24), മതസ്വാതന്ത്ര്യ അവകാശം (25- 28), സാംസ്കാരിക-വിദ്യാഭ്യാസ അവകാശം (29, 30), ഭരണഘടനാ പരിഹാര ഉപാധികൾ (32-35) എന്നിവയാണ്. കൂടാതെ ആർട്ടിക്കിൾ 51 Aയിൽ ഒരു പൗരന്റെ വിവിധ കർത്തവ്യങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തുന്നു.

ഇന്ത്യൻ ഭരണഘടന, പതാക, ദേശീയ ഗാനം, ദേശീയ ചിഹ്നങ്ങൾ എന്നിവയോടുള്ള ആദരവ് ഒരു പൗരന്റെ മൗലിക കടമയാണ്. പതാകയെ തലകീഴായി തൂക്കുന്നതോ അതുപയോഗിച്ച് വസ്ത്രം തുന്നുന്നതോ, നിലത്തിട്ട് ചവിട്ടുന്നതോ അനാദരവാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. അതുപോലെ ഭരണഘടനയെ പ്രത്യേകിച്ചും അതിന്റെ ലിഖിത രൂപത്തെ വലിച്ചുകീറുകയോ കത്തിക്കുകയോ വാച്യമായി അധിക്ഷേപിക്കുകയോ നിശിതമായി ആക്രമണവിധേയമാക്കുന്നതോ വഴി പൗരൻ തന്റെ കടമയെ ലംഘിക്കുന്നു. കൂടാതെ 1971 ൽ നിലവിൽവന്ന Prevention of Insults to National Honorus Act, 1971 വഴി തടവുശിക്ഷവരെ ലഭിക്കുന്ന കുറ്റമാണ്.

**"നമ്മുടെ മതം ഇന്ത്യയും വിശുദ്ധ ഗ്രന്ഥം ഭരണഘടനയുമാണ്"**

*- നരേന്ദ്രമോദി*

മനുഷ്യന് വിജ്ഞാനം പകരുന്ന മതഗ്രന്ഥങ്ങളെ വിശുദ്ധഗ്രന്ഥങ്ങളെന്ന് പറയുന്നു. അവ മനുഷ്യനെ ധാർമിക സനാതന മൂല്യങ്ങളിൽ ജീവിക്കുവാനും പരലോകജീവിതാനുഭവത്തിന് ഉൾപ്രേരകമാക്കാനും കഴിയുന്നു. ഉദാഹരണമായി ബൈബിൾ ദൈവിക വെളിപാടിന്റെയും മനുഷ്യജീവിതത്തിൽ സ്വാതന്ത്ര്യത്തിന്റെ ഇടപെടലിന്റെയും ചരിത്രമാണ്. ഭരണഘടനയും മനുഷ്യസ്വാതന്ത്ര്യത്തിന്റെ പരിണിതഫലമാണ്. ദീർഘനാളത്തെ അടിമത്ത ചരിത്രത്തിൽ നിന്നും അനുഭവത്തിൽ നിന്നും സ്വാതന്ത്ര്യസമര സേനാനികൾ രൂപംനൽകിയ ധർമ്മത്തിന്റെ ഉറവിടമാണിത്. മനുഷ്യജീവിതത്തെ നന്മയിലേക്ക് നയിക്കുവാനും സമൂഹത്തെ ഐക്യരൂപത്തിൽ ചിട്ടപ്പെടുത്തുവാനും വേണ്ട ലിഖിതമായ നിയമങ്ങളാണ് ഭരണഘടനയിലൂം ഉള്ളത്.

**കത്തോലിക്കാ-ലത്തീൻ സഭയിലെ കാനോൻ നിയമം 22 പറയുന്നത്, സഭാനിയമത്തിൽ പറയപ്പെടാത്ത സിവിൾ നിയമങ്ങൾ അവ ദൈവിക നിയമങ്ങൾക്കെതിരല്ലെങ്കിൽ പാലിക്കപ്പെടേണ്ടതാണ്. ഇതുവഴി സിവിൾ നിയമങ്ങളുടെ യശസ്സ് ഉയർത്തുന്നു.**

കത്തോലിക്കാ-ലത്തീൻ സഭയിലെ കാനോൻ നിയമം 22 പറയുന്നത്, സഭാനിയമത്തിൽ പറയപ്പെടാത്ത സിവിൾ നിയമങ്ങൾ അവ ദൈവിക നിയമങ്ങൾക്കെതിരല്ലെങ്കിൽ പാലിക്കപ്പെടേണ്ടതാണ്. ഇതുവഴി സിവിൾ നിയമങ്ങളുടെ യശസ്സ് ഉയർത്തുന്നു. ഇന്ത്യൻ ഭരണഘടന നമ്മുടെ സമുന്നത സിവിൽ നിയമമാണ്. ധാർമികതയ്ക്കും വിശ്വാസത്തിനും ദൈവിക നിയമങ്ങൾക്കും വിധേയപ്പെട്ട് എഴുതപ്പെട്ട ഭരണഘടനയെന്ന ഈ ഗ്രന്ഥം വിശുദ്ധഗ്രന്ഥത്തിനടുത്ത നിയമഗ്രന്ഥം തന്നെയാണ്.




**മനുഷ്യജീവിതത്തെ നന്മയിലേക്ക് നയിക്കുവാനും സമൂഹത്തെ ഐക്യരൂപത്തിൽ ചിട്ടപ്പെടുത്തുവാനും വേണ്ട ലിഖിതമായ നിയമങ്ങളാണ് ഭരണഘടനയിലൂം ഉള്ളത്.**

**"ഭരണഘടന ധാർമികത ഒരു ജന്മവാസനയല്ല, അതുവളർത്തി യെടുക്കേണ്ടതാണ്."**

*– ഡോ. ബി.ആർ. അംബേദ്കർ*

വ്യത്യസ്ത ജനതകളുടെ വിരുദ്ധതാല്പര്യങ്ങളും ഭരണസഹകരണവും തമ്മിലുള്ള ഫലപ്രദമായ ഏകോപനമാണ് ഭരണഘടനാ ധാർമികതയിലൂടെ സംജാതമാകുക. ഇതിനായി ഭരണഘടനയെ ഏറ്റവും ശ്രേഷ്ഠമായി ഗണിക്കണം. ഭരണഘടന ധാർമികതയുടെ മുഖ്യഉറവിടം ഭരണഘടനതന്നെയാണ്. പ്രത്യേകിച്ചും അതിലെ മൗലിക അവകാശങ്ങൾ (ആർട്ടിക്കൾ 12–35), നിർദ്ദേശക തത്ത്വങ്ങൾ (ആർട്ടിക്കിൾ 36–51), ആമുഖം, മൗലിക കടമകൾ (ആർട്ടിക്കിൾ 51A)




എന്നിവയാണ്.

1947 ൽ ഇന്ത്യ സ്വതന്ത്രമാകുമ്പോൾ അന്നത്തെ ഇന്ത്യൻ ജനത കാലങ്ങളായി ചിട്ടപ്പെടുത്തിയ സാഹചര്യങ്ങളിലൂടെ ഒരു ഭരണഘടന ധാർമികതയ്ക്കായി സജ്ജമായിരുന്നു. അതിനാലാണ് മൂന്നുവർഷങ്ങൾക്കുള്ളിൽ ലിഖിത രൂപത്തിൽ ഭരണഘടന രൂപപ്പെടുത്താൻ സാധിച്ചത്. പലരേയും പലതിനേയും ഉൾക്കൊള്ളുവാനുള്ള വിശാല മനസ്സും, ഭിന്നതകൾക്കപ്പുറം ഭാരതീയ ജനത ഭരണഘടനയുടെ ഭാഗമെന്ന ഉൾച്ചേർക്കപ്പെടുന്ന മനോഭാവവും, ബ്രിട്ടീഷുകാലം മുതൽ അനുഭവിച്ചറിഞ്ഞ നിയമവാഴ്ചയുടെ പരിണിതഫലവുമാണ് ഈ ഭരണഘടന ധാർമികത.

ഉദാഹരണമായി സുപ്രീം കോടതിയുടെ ശബരിമല കേസിന്റെ വിധിയിലൂടെ ഭരണഘടനയുടെ വാഴ്ച തുല്യത, ലിംഗനീതി, മതസ്വാതന്ത്ര്യം (ആർട്ടിക്കിൾ 14, 21, 25) എന്നിവയിലൂടെ മതസാമൂഹ്യ നിയമങ്ങളേക്കാൾ ഭരണഘടനയാണ് വലുത് എന്ന് സ്ഥാപിക്കുന്നു. മത്സ്യത്തൊഴിലാളികൾ നേരിടുന്ന മണ്ണെണ്ണ ദൗർലഭ്യം, തൊഴിൽ നഷ്ടദിനങ്ങൾ, ഹാർബർ പുലിമുട്ട് പോലെയുള്ള മനുഷ്യനിർമിതികൾ വഴിരൂപപ്പെടുന്ന കടൽക്ഷോഭം എന്നിവ പൗരന് ഭരണഘടന ഉറപ്പുനൽകുന്ന തൊഴിൽ സ്വാതന്ത്ര്യത്തിനും ജീവന്റെ അവകാശത്തിനും പ്രതിസന്ധിയാണ്. ഭരണകൂടങ്ങൾ സാധാരണക്കാരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാതെ കോർപ്പറേറ്റ് മുതലാളിമാരുടെ ചൂഷണ നയങ്ങളെ പ്രോത്സാഹിപ്പിക്കുമ്പോൾ ഭരണഘടന ധാർമികതയുടെ വേരറ്റുപോവുകയാണ്. ധർമ്മനീതികൾ സ്വീകരിക്കുവാനും നിലനിർത്തുവാനും ഭരണഘടന ധാർമികത എന്ന അവബോധം കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾക്കും കോടതികൾക്കും അനിവാര്യമാണ്.

### *വാൽക്കഷണം:*

'ആസാദി കാ അമൃത് മഹോത്സവ്' എന്ന ആപ്തവാക്യത്തിൽ ഭാരത സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആചരിക്കുമ്പോൾ ഭരണഘടനയുടെ ഒരു പരന്നവായന വഴി ഇത് എത്ര ശ്രേഷ്ഠവും സമ്പന്നവുമാണെന്നറിയാൻ കഴിയും. നിരവധി ആശയങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ഊർജ്ജമേകിയ ഈ അമൃത് ഭാവിയിൽ വിവിധ ചിന്താധാരകൾക്കും ആഴമേറിയ പഠനങ്ങൾക്കും പൗരന്റെ അവകാശ സംരക്ഷണങ്ങൾക്കും കവചമാകും. ഭാരതത്തിന്റെ സ്വാതന്ത്ര്യം ഉറപ്പാക്കപ്പെടുന്നത് ഭരണഘടനയുടെ വാഴ്ചയിലൂടെയാണ്. അല്ലാതെ പാർട്ടി രാഷ്ട്രീയത്തിന്റെ അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിലല്ല. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയും വായിച്ചും പഠിച്ചും ഭരണഘടനയെ സ്നേഹിക്കുന്ന പൗരബോധമുള്ള ജനത ഭരണഘടന ധാർമികതയുടെ ഉണർത്തുപാട്ടാകും. ■

കവിത

# ഒളിപ്പോര്

തിരയുടെ പോരിൽ പതറിയില്ല.
സമുദ്രഗർഭത്തിലെ പാരടരുകൾ
ഉടക്കി വലിച്ചപ്പോഴും വലഞ്ഞില്ല.
കാറും കോളും കട്ടമരത്തിന്റെ
കരുത്ത് പിളർന്നപ്പോഴും
ഇരുണ്ട ഉടലിന്റെ
പേശീബലം അളന്നപ്പോഴും
കുലുങ്ങിയില്ല.
വൻതിരയിൽ നിയന്ത്രണം
തെറ്റിവീണച്ച്ഛൻ ചതഞ്ഞപ്പോഴും
ഉച്ചവെയിലേറ്റമ്മ പിടഞ്ഞപ്പോഴും
ചിലമ്പിയില്ല.
വോട്ടു ചോദിക്കുവാൻ
വന്നവന്റെ കൊടുംചതിയറിഞ്ഞാണ്
ആദ്യമായി ഉച്ചമണ്ണിൽ പകച്ചിരുന്നത്.
ഒരു ഉളുപ്പുമില്ലാതെ
കൈകൂപ്പിക്കൊണ്ട്
മുമ്പ് വന്നപ്പോൾ കണ്ട അതേ കൊട്ട,
അതേ നിറം,
വാഗ്ദാനങ്ങൾ നിറഞ്ഞത്.
അന്നാണ് ആദ്യമായി ഒരുത്തന്റെ
മുഖത്ത് കാർക്കിച്ച് തുപ്പിയത്.
എന്റെ ദേഹത്ത് മീൻമണമേയുള്ളൂ
നിന്റെയൊക്കെയോ?



ബർണാർഡ് മൊറൈസ്

ലേഖനം



**2011ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ ആദിവാസി വിഭാഗങ്ങളിൽപ്പെടുന്നവരുടെ ഏകദേശ എണ്ണം 11 കോടിയാണ്. അതായത് ആകെ ജനസംഖ്യയുടെ 8.6% പേർ ആദിവാസികളാണ്. ഗോത്രവിഭാഗങ്ങളിൽപ്പെടുന്ന ഇത്രയേറെപ്പേർ രാജ്യത്തുണ്ടായിട്ടും അവരിൽ നിന്നൊരാൾക്ക് ഇന്ത്യയുടെ പ്രഥമ പൌരൻ എന്ന പദവിയിലെത്താൻ 75 വർഷം കാത്തിരിക്കേണ്ടി വന്നു**

# അരികുവൽക്കരിക്കപ്പെടുന്നവരിലെ അധികാര പങ്കാളിത്തം




**സിന്ധു മരിയ നെപ്പോളിയൻ**
സ്വതന്ത്ര മാധ്യമ പ്രവർത്തക, ഗവേഷക

സ്വതന്ത്ര ഇന്ത്യയുടെ 75ാം വർഷത്തിൽ, ചരിത്രത്തിൽ ആദ്യമായി ഗോത്രവിഭാഗത്തിൽ നിന്നുള്ള ഒരു രാഷ്ട്രപതി രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കാൻ പോവുകയാണ്. ഒഡീഷയിലെ സന്താൾ ആദിവാസി വിഭാഗത്തിൽ നിന്നുള്ള ദ്രൗപതി മുർമു ഇന്ത്യയുടെ പതിനഞ്ചാമത് രാഷ്ട്രപതി ആവുമെന്നുള്ളത് ഈ ലേഖനം എഴുതുമ്പോഴേക്കും ഏറെക്കുറെ ഉറപ്പായിട്ടുണ്ട്. ഒഡീഷയിലെ മുൻ എംഎൽഎയും മന്ത്രിയുമൊക്കെയായിരുന്ന ദ്രൗപതി മുർമു, ജാർഖണ്ഡിലെ ആദ്യത്തെ വനിത ഗവർണറും രാജ്യത്ത് തന്നെ ആദിവാസി വിഭാഗത്തിൽ നിന്ന് ആദ്യമായി ഗവർണർ പദവിയിലേക്കെത്തിയ വനിതയുമായിരുന്നു. പ്രതിഭാ പാട്ടീലിന് ശേഷം രാഷ്ട്രപതി പദവിയിലേക്ക് എത്തുന്ന രണ്ടാമത്തെ സ്ത്രീ എന്ന വിശേഷണവും അവർക്കുണ്ട്. 2011ലെ സെൻസ

സ് പ്രകാരം ഇന്ത്യയിൽ ആദിവാസി വിഭാഗങ്ങളിൽപ്പെടുന്നവരുടെ ഏകദേശ എണ്ണം 11 കോടിയാണ്. അതായത് ആകെ ജനസംഖ്യയുടെ 8.6% പേർ ആദിവാസികളാണ്. ഗോത്രവിഭാഗങ്ങളിൽപ്പെടുന്ന ഇത്രയേറെപ്പേർ രാജ്യത്തുണ്ടായിട്ടും അവരിൽ നിന്നൊരാൾക്ക് ഇന്ത്യയുടെ പ്രഥമ പൌരൻ എന്ന പദവിയിലെത്താൻ 75 വർഷം കാത്തിരിക്കേണ്ടി വന്നു എന്ന് മനസിലാക്കാനാണ് ഇത്രയും വിശദീകരിച്ചത്.

പ്രാതിനിധ്യത്തിന് ഏറെ ഊന്നൽ നല്കുന്നൊരു ഭരണഘടനയാണ് ഡോ.ബി.ആർ.അംബേദ്കർ നമുക്ക് വേണ്ടി തയ്യാറാക്കിയതെങ്കിലും ഇന്ത്യയിലെ ഓരോ സമൂഹത്തെയും ജനവിഭാഗങ്ങളെയും അധികാര ഭൂപടങ്ങളിൽ കൃത്യമായി അടയാളപ്പെടുത്താൻ, അഥവാ പ്രാതിനിധ്യം ഉറപ്പാക്കാൻ നമുക്ക് ഇതുവരെയും മുഴുവനായി സാധിച്ചിട്ടില്ല. ദളിതരും ആദിവാസികളും മത്സ്യത്തൊഴിലാളികളും മത ന്യൂനപക്ഷങ്ങളും ഉൾപ്പെടുന്ന എല്ലാ വിഭാഗം മനുഷ്യരെയും പ്രതിനിധീകരിച്ച് കൊണ്ട് ഒരാളെങ്കിലും പാർലമെൻറിലോ നിയമനിർമ്മാണ സഭകളിലോ ഉണ്ടാവുന്ന അവസ്ഥയെയാണ് ശരിയായ രാഷ്ട്രീയ പ്രാതിനിധ്യം എന്ന് ഉദ്ദേശിക്കുന്നത്. പക്ഷേ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇന്നും സുപ്രധാന അധികാര പദവികളിലും രാഷ്ട്രീയ രംഗത്തേക്കും എത്തിച്ചേരാൻ ആവാതെ സവർണ വിഭാഗങ്ങൾക്ക് പുറകിൽ നില്ക്കാൻ വിധിക്കപ്പെട്ടവരാണ് ദളിതരെയും ആദിവാസികളെയും മത്സ്യത്തൊഴിലാളികളെയും പോലുള്ളവർ. നേരത്തെ സൂചിപ്പിച്ച പുതിയ രാഷ്ട്രപതിയുടെ ഉദാഹരണം ഇതിനൊരു ദൃഷ്ടാന്തമാണ്. ഗോത്രവിഭാഗക്കാർ രാജ്യത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക നിലനില്പ്പിന്റെ നെടുതൂണുകളിലൊന്നായിട്ടും അവരെ പ്രതിനിധീകരിച്ച് ഒരാൾക്ക് രാജ്യത്തെ പരമോന്നത പദവിയിലെത്താനായത് ഇപ്പോൾ മാത്രമാണ്. ബിജെപിയും ആർഎസ്എസും ഉൾപ്പെടുന്ന എൻഡിഎ സഖ്യം, ആദിവാസി വോട്ട്ബാങ്ക് ലക്ഷ്യമിട്ട് നടത്തുന്ന കേവല ഗിമ്മിക്ക് മാത്രമാണ് ഈ രാഷ്ട്രപതി പദവിയെന്നും ദ്രൗപതി മുർമുവിനെയും ഇളയരാജയെയും പോലുള്ള ടോക്കൺ റെപ്രസന്റേഷനുകളിലൂടെ സമൂഹത്തിന്റെ താഴേത്തട്ടിലുള്ള മനുഷ്യരുടെ കണ്ണിൽ പൊടിയിടുക മാത്രമാണ് ബിജെപി ചെയ്യുന്നതെന്നുമുള്ള വിമർശനങ്ങൾ രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്ന് ഉയരുന്നുണ്ട്. രാഷ്ട്രീയപരമായോ ക്രിയാത്മകമായോ ഇടപെടലുകൾ നടത്താനോ മാറ്റം കൊണ്ടുവരാനോ സാധിക്കാത്ത പദവികളിലേക്ക് ദുർബല വിഭാഗങ്ങളിൽ നിന്നുള്ളവരെ പേരിന് എത്തിക്കുകയും അവരെ കെട്ടുകാഴ്ച്ചകൾ മാത്രമാക്കി നിലനിർത്തുകയും ചെയ്യുന്ന ഇത്തരം 'പുരോഗമന' ഇടപെടലുകളിലൂടെജനാധിപത്യത്തിലെ പ്രാതിനിധ്യം എന്ന വലിയ ചോദ്യത്തിന് മറുപടി തരാതെ ഒഴിഞ്ഞു മാറുകയാണ് ഇന്നോളം നമ്മുടെ രാഷ്ട്രീയ പാർട്ടികൾ ചെയ്തു പോന്നത്.

സ്വാതന്ത്ര്യത്തിന്റെ ഈ 75ാം വർഷത്തിൽ മത്സ്യബന്ധന സമൂഹങ്ങളിൽ ഉൾപ്പെടുന്ന മനുഷ്യരുടെ രാഷ്ട്രീയ പ്രാതിനിധ്യത്തിന്റെ നിലവിലെ അ





വസ്ഥ എന്തെന്ന് പരിശോധിക്കേണ്ടതുണ്ട്. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ (CMFRI) 2010ലെ സെൻസസ് അനുസരിച്ച് 40 ലക്ഷം പേർ ഇന്ത്യയിൽ മത്സ്യബന്ധനത്തെ ആശ്രയിച്ച് ജീവിക്കുന്നു എന്നാണ് കണക്ക്. ഇതിൽ 61% പേരും, അതായത് പകുതിയിലധികം പേരും ദാരിദ്ര്യ രേഖയ്ക്ക്താഴെയുള്ളവരാണ്. ഈ 40 ലക്ഷം മനുഷ്യരെ പ്രതിനിധീകരിച്ച് കൊണ്ട് എത്ര പേരാണ് ഇതുവരെ നമ്മുടെ നിയമ നിർമ്മാണ സഭകളിലെത്തിയിട്ടുള്ളത്? മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പൊതുജന മധ്യേ ഉയർത്തിക്കാട്ടാനും അവർ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണാനാവുന്ന വിധത്തിൽ നിയമനിർമ്മാണം നടത്താനും ഇതുവരെ എത്ര പേർക്ക് സാധിച്ചു?ഇന്ത്യയുടെ മുഴുവൻ ചരിത്രം പരിശോധിച്ചാൽ ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ നിന്നും അധികാര കേന്ദ്രങ്ങളിൽ എത്തപ്പെട്ടവരുടെ എണ്ണം നാമമാത്രമാണ്. കേരളത്തിലേക്ക് എത്തുമ്പോൾ കേന്ദ്രത്തെ അപേക്ഷിച്ച് സ്ഥിതി അലപ്പം ഭേദമാണെന്ന്മാത്രമേ പറയാനാവൂ. അപ്പോഴും കേരളത്തിലെ ആകെ മത്സ്യത്തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായൊരു പ്രാതിനിധ്യം നടക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടതായും വരും.


സാമൂഹികമായും സാമ്പത്തികമായും വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗം എന്ന നിലയിൽ രാജ്യത്തുടനീളംമത്സ്യബന്ധന വിഭാഗക്കാർ നേരിടുന്ന വെല്ലുവിളികളുടെ പട്ടിക നാൾക്കു നാൾ നീളുകയാണ്. വൻകിട ട്രോളിങ് ബോട്ടുകൾക്കും യന്ത്രവൽകൃത യാനങ്ങൾക്കും വേണ്ടി മാത്രമായി കടലും അതിലെ വിഭവങ്ങളും നീക്കി വയ്ക്കപ്പെടുന്നതോടെ അനാഥമാവുന്നത് പരമ്പരാഗത രീതിയിൽ മീൻപിടുത്തം നടത്തുന്ന സാധാരണ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളാണ്. തീരദേശ പരിപാലന നിയമത്തിൻറെ കണ്ണിൽപ്പെടാതെ വലിയ റിസോർട്ടുകളും കൂറ്റൻ നിർമ്മിതികളും തലയുയർത്തി നിൽക്കുമ്പോൾ കടലിൽ പോയി മീൻ പിടിച്ച് ഉപജീവനം നടത്തുന്ന, കടപ്പുറത്ത് താമസിക്കുന്ന മനുഷ്യരുടെ വീടുകൾ നിയമം ലംഘിച്ചുള്ളതും അനധികൃതവുമായി മാറുന്ന കാഴ്ച്ച നാം കാണുന്നുണ്ട്. കോർപറേറ്റുകളുടെ തുറമുഖ നിർമ്മാണത്തിലും കാലം തെറ്റിയെത്തുന്ന കള്ളക്കടലിലുമായി കടപ്പുറത്തെ വീടുകൾ നിലംപരിശാവുമ്പോഴും കടൽ ക്ഷണിക്കപ്പെടാത്ത അതിഥിയായി കരയിലേക്ക്




കയറുമ്പോഴും തീരത്തും കടലിലുമുള്ള അശാസ്ത്രീയ നിർമ്മാണങ്ങൾ നിർബാധം തുടർന്നു കൊണ്ടിരിക്കുന്നു. മീൻ പിടിക്കാൻ കടലിലേക്ക് ഇറങ്ങുന്ന പുരുഷന്മാർക്ക് കാര്യക്ഷമമായ കടൽ കാലാവസ്ഥാ വിവരങ്ങൾ കൈമാറാനോ കടലിനെ സുരക്ഷിതമായൊരു തൊഴിലിടമാക്കി മാറ്റാനോ ആരും മെനക്കെടുന്നില്ല. മീൻ വില്ക്കാൻ പോവുന്ന സ്ത്രീകൾ നേരിടുന്ന കൊടിയ മനുഷ്യാവകാശ ലംഘനങ്ങളെ കണ്ടില്ലെന്ന് നടിക്കാനാണ് എല്ലാക്കാലത്തും സർക്കാരുകൾ ശ്രമിച്ചത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലാത്ത, ബാങ്കുകാർ ലോൺ കൊടുക്കാത്ത, സ്റ്റേറ്റിനും പൊലീസിനും 'അക്രമകാരികൾ' മാത്രമായ ഈ സമൂഹത്തിന്റെ നിലനില്പ്പിന്റെ ചോദ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങിയാൽ ആ പട്ടിക ഉടനെങ്ങും അവസാനിച്ചെന്ന് വരില്ല.

ഇത്രയേറെ സാമൂഹിക വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് ഇന്ത്യയെന്ന ജനാധിപത്യ രാജ്യത്ത് മത്സ്യത്തൊഴിലാളികൾ ജീവിക്കുന്നതെന്ന വസ്തുത സ്വാതന്ത്ര്യത്തിൻറെ 75ാം വർഷത്തിലെങ്കിലും നാം തിരിച്ചറിയേണ്ടതുണ്ട്. തുല്യതയും സാമൂഹിക നീതിയും ഭരണഘടനയുടെ താളുകളിൽ മാത്രമാവുകയും യാഥാർത്ഥ്യം ഇവിടുത്തെ പ്രബല സമുദായങ്ങൾക്കും സവർണ വിഭാഗങ്ങൾക്കും മാത്രം അനുകൂലമാവുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇന്ന് ഇന്ത്യയിലുള്ളത്. സംവരണത്തിലൂടെ പോലും സമൂഹത്തിന്റെ വിവിധ തലങ്ങളിലേക്ക് ഇനിയും എത്തിച്ചേരാനാവാതെ മത്സ്യത്തൊഴിലാളികളും ആദിവാസികളും ദളിതരും മറ്റ് ന്യൂനപക്ഷങ്ങളും ഓടിയുംകിതച്ചും നില്ക്കുമ്പോൾ പ്രബല സമുദായങ്ങൾക്ക് അധികാരവും വിഭവങ്ങളും പ്രാതിനിധ്യവുമെല്ലാം ജനനത്തിലൂടെ സ്വാഭാവികമായി തന്നെ ലഭിക്കുന്നുവെന്നതാണ് ഇന്ത്യ ഇന്ന് നേരിടുന്ന ഏറ്റവും വലിയ സാമൂഹിക വൈരുദ്ധ്യത.

മത്സ്യബന്ധന വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് വളരെ സ്വാഭാവികമായിത്തന്നെ ജനാധിപത്യത്തിന്റെ സജീവ ഇടങ്ങളിലേക്ക് എത്തിച്ചേരുന്നതിന് നമ്മൾ ഇനിയും എത്ര കാലം അധ്വാനിക്കണമെന്നും കാത്തിരിക്കണമെന്നും ചിന്തിക്കാൻ ഈ സ്വാതന്ത്ര്യ ദിനം ഇടയാക്കട്ടെ. പാർലമെൻറിലേക്കും നിയമ നിർമ്മാണ സഭകളിലേക്കും മാത്രമല്ല, മത്സ്യബന്ധന മേഖലയുമായും കടലുമായും ബന്ധപ്പെട്ട നയരൂപീകരണ ഇടങ്ങളിലേക്കും ഗവേഷണ മേഖലകളിലേക്കും ഈ തൊഴിൽ ചെയ്യുന്നവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് മത്സ്യത്തൊഴിലാളികളെയും നയരൂപീകരണ പ്രക്രിയയുടെ ഭാഗമാക്കുന്നതും ഒരർത്ഥത്തിൽ പ്രാതിനിധ്യം ഉറപ്പാക്കുന്ന പ്രക്രിയയാണ്. തീരുമാനങ്ങളെടുക്കുന്ന, രാഷ്ട്രീയ ഇച്ഛാശക്തിയുള്ള സമൂഹമായി മാറണമെങ്കിൽ ജനാധിപത്യത്തിൽ പ്രാധിനിധ്യത്തിനുള്ള പ്രസക്തി തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സമൂഹമായി നാം മാറിയേ മതിയാവൂ. ■






# ആടുജീവിതം



ഡോ. സീന ഫെലിക്സ്

മലയാള നോവലുകളിൽ ഏറ്റവും കൂടുതൽ വായിക്കുകയും ചർച്ചചെയ്യപ്പെടുകയും ചെയ്ത നോവലുകളിലൊന്നാണ് ബന്യാമിൻ എന്ന തൂലികാനാമത്തിൽ എഴുതപ്പെടുന്ന ബന്നി ഡാനിയലിന്റെ 'ആടുജീവിതം'. ഒരു നോവൽ എങ്ങനെ വലിയൊരു നോവായി മാറും എന്നതിന്റെ നേർസാക്ഷ്യമാണീ പുസ്തകം. 100 പതിപ്പുകൾ പിന്നിട്ടിരിക്കുന്ന ഈ നോവലിലെ കേന്ദ്രകഥാപാത്രം പ്രവാസിയായ നജീബാണ്. പ്രവാസി ജീവിതവുമായി ഏറ്റവുമടുത്ത ഹൃദയബന്ധമുള്ളവരാണ് മലയാളികൾ. അതുകൊണ്ട് തന്നെയാവും ഈ നോവലിനെ നാം നെഞ്ചിലേറ്റി അനുഭവിച്ചതും "നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്" എന്ന മുൻകുറിപ്പോടുകൂടിയാണ് നോവൽ ആരംഭിക്കുന്നത്.

ജീവിതം ദുരിതക്കയങ്ങളിലൂടെ കടന്നുപോയിട്ടും അതിൽ നിന്നും ഉയിർത്തെഴുന്നേൽക്കുന്ന നജീബിന്റെ ചോര വാർക്കുന്ന ജീവിതം തന്നെയാണ് മരുഭൂമിയിലേക്ക് കുടിയേറുന്നവന്റെ ഏകാന്തതയിലൂടെ അവതരിപ്പിക്കുന്നത്. പുഴയിൽ മണൽവാരി ഉപജീവനമാർഗം കണ്ടെത്തിയിരുന്ന നജീബ് മെച്ചപ്പെട്ട ജീവിതം സ്വപ്നം കണ്ടുകൊണ്ട് സാധാരണ ഒരു മലയാളിയെപ്പോലെ ഗൾഫിലേക്ക് കുടിയേറാൻ തീരുമാനിക്കുന്നു. ഗൾഫിലെത്തിയ നജീബിനെ കാത്തിരുന്നത് താൻ കണ്ട സ്വപ്നതുല്യമായ ജീവിതമല്ല. മറിച്ച് യാതനകളുടെ, മർദ്ദനങ്ങളുടെ, ചൂഷണത്തിന്റെ വലിയൊരുഭാഗമാണ് ഏറ്റുവാങ്ങേണ്ടിവന്നത്. നജീബും ഹക്കീമും മരുഭൂമിയിലൂടെ സഞ്ചരിച്ച് അർബാബിന്റെ ആടുവളർത്തൽ കേന്ദ്രത്തിലെത്തിച്ചേരുന്നു. എണ്ണമില്ലാത്ത ആടുകളും കുറച്ച് ഒട്ടകങ്ങളും മാത്രമായ അവിടെ തന്റെ ജീവിതം ആരംഭിക്കുന്നു. അർബാബ് എറിഞ്ഞുകൊടുക്കുന്ന കുബ്ബൂസും പച്ചപ്പാലും കുടിച്ച് ജീവിതം ഹോമിക്കേണ്ടിവരുന്നു. ആടുകളോടൊപ്പം ഏകാന്തതയുടെ ദൈന്യത പങ്കുവച്ചുകൊണ്ട് ജീവിക്കുന്നു. താൻ പരിപാലിക്കുന്ന ആടുകൾക്ക് നാട്ടിൻപുറത്തെ കൂട്ടുകാരുടെ പേരുകൾ നൽകി അവരിലൊരാളായി നജീബ് മാറുന്നു. ഹക്കീമിനെ കാണുന്നതിനുപോലും മർദ്ദനങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നു. അവിടെ നിന്നും രക്ഷപ്പെടണമെന്ന ചിന്തപോലും ഇല്ലാതാകുന്നുണ്ട്. എങ്കിലും ഇബ്രാഹിം വഴി രക്ഷപ്പെടാൻ ഒരവസരം വന്നുചേർന്നപ്പോൾ അതിനുരണ്ടുപേരും തയ്യാറാകുന്നു. വളരെ പീഡനങ്ങൾ സഹിക്കേണ്ടിവന്നപ്പോൾ ഹക്കീം വഴിമദ്ധ്യേ മരണപ്പെടുന്നു. നജീബ് രക്ഷപ്പെട്ട് തിരിച്ചു പഴയ ജീവിതത്തിലേക്ക് മടങ്ങിയെത്തുന്നു.

തന്റെ സങ്കടങ്ങൾ പങ്കുവയ്ക്കാനാളില്ലാതെ ഏകാന്തതയിൽ കഴിച്ചുകൂട്ടേണ്ടിവന്ന ഓരോ പ്രവാസി ജീവിതത്തിന്റെയും സാഹസിക കാഴ്ചകൾ നോവലിലൂടെ കടന്നുപോകുമ്പോൾ നാം അനുഭവിച്ചറിയുന്നുണ്ട്. ഓരോ മലയാളിയും വായിച്ചിരിക്കേണ്ട ഒരു കൃതിയാണീ നോവൽ. പ്രവാസി ജീവിതത്തിന്റെ പരിച്ഛേദവും ഏകാന്തയുടെ ഭീകരതയും പങ്കുവയ്ക്കുന്ന നോവൽ പൃഥിരാജ് നായകനായി സിനിമയായി അണിയറയിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഒരു മരുഭൂമിയിൽ ഒറ്റപ്പെട്ടുപോയവന്റെ അസ്വാതന്ത്ര്യത്തിന്റെ കെട്ടുപാടുകളുടെ വിഹ്വലതകൾ, വായന കഴിയുമ്പോൾ വായനക്കാരിലേക്ക് പടർന്നിരിക്കും. ■

ലേഖനം



**സിനഡാത്മക സഭയെക്കുറിച്ച് വിചിന്തനം ചെയ്തുകൊണ്ടിരിക്കുന്ന കാലത്ത് സഭാശുശ്രൂഷകരെ അടിസ്ഥാനതത്വങ്ങളിലേക്ക് മടങ്ങിപ്പോകാൻ ആഹ്വാനം ചെയ്യുന്ന ലേഖനം**

# ഒറ്റയ്ക്കല്ല; ഒരുമിച്ച് പോകാം

നാം സഭയിൽഎങ്ങനെ പ്രവർത്തിക്കുന്നു എന്നത് സഭയെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ്. പ്രവർത്തനങ്ങളും കാഴ്ചപ്പാടുകളും ബന്ധപ്പെട്ടിരിക്കുന്നു. പ്രവർത്തനങ്ങൾ മാറണമെങ്കിൽ കാഴ്ച്ചപ്പാടുകൾ മാറേണ്ടത് അനിവാര്യമാണ്. സഭയെക്കുറിച്ച്പതിനാറാം നൂറ്റാണ്ടിൽ കർദിനാൾ റോബർട്ട് ബെല്ലാർമിൻ നിർവ്വചിച്ചത് ക്രമവും അധികാര ശ്രേണിയുമുള്ള ക്രിസ്തു സ്ഥാപിച്ച ഒരു സമ്പൂർണ്ണസമൂഹംഎന്നാണ്. ഈചിന്താഗതി നൂറ്റാണ്ടുകളോളംസഭയിൽപ്രബലമായിരുന്നു. ഈ ചിന്താഗതിക്ക് ഒരുമാറ്റം കൊണ്ടുവന്നത് പന്ത്രണ്ടാം പീയൂസ് പാപ്പയാണ്. 1943 ൽ Mystici Corporis Christiഎന്ന ചാക്രിക ലേഖനത്തിലൂടെ സഭയെ ക്രിസ്തുവിന്റെ മൗതിക ശരീരത്തോട് ഉപമിച്ചു. പിന്നീട് ഇരുപതാം നൂറ്റാണ്ടിലെ നവീകരണ പ്രസ്ഥാനങ്ങൾബൈബിൾ സങ്കൽപ്പങ്ങൾ ഉപയോഗിച്ചുകൊണ്ട് സഭയെ ക്രിസ്തുവിന്റെ ശരീരവും ദൈവജനവും എന്നുപഠിപ്പിച്ചു. ഇവരുടെ ചുവടുപിടിച്ച് കൊണ്ടാണ് രണ്ടാംവത്തിക്കാൻ സൂനഹദോസ് സഭയെ രക്ഷയുടെ കൂദാശയും കൂട്ടായ്മയും എന്ന്പഠിപ്പിച്ചത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് അവസാനിച്ചിട്ട് അരനൂറ്റാണ്ട് പിന്നിടുമ്പോൾ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പിതാക്കന്മാർ സഭയെക്കുറിച്ചു പഠിപ്പിച്ച പാഠങ്ങൾ കൂടുതൽ ആഴമായിമനസ്സിലാക്കാനുംപ്രാവർത്തികമാക്കാനുമാണ്പരിശുദ്ധപിതാവ്ഫ്രാൻസിസ്പാപ്പാ മെത്രാന്മാരുടെ സിനഡിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

പരിശുദ്ധപിതാവ്ഫ്രാൻസിസ്പാപ്പാ സഭയെSynodal Church/സിനഡാത്മകസഭഎന്നാണ് വിശേഷിപ്പിക്കുന്നത്. Synod എന്ന വാക്ക് Syn, Odos എ



**ഡോ. മരിയ മൈക്കിൾ ഫെലിക്സ്**
ദൈവശാസ്ത്ര അധ്യാപകൻ

ന്ന രണ്ടു ഗ്രീക്ക് വാക്കുകൾ ഉൾച്ചേരുന്നതാണ്. Syn - എന്നാൽ ഒപ്പം എന്നും Odos എന്നാൽ യാത്ര എന്നും അർത്ഥമാക്കുന്നു. അങ്ങനെയാകുമ്പോൾസിനഡാത്മകത എന്നാൽ ഒരുമിച്ച് യാത്രചെയ്യുകയോ, ജീവിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുക എന്നതാണ് (a way of living or working together) അർത്ഥമാക്കുക. സിനഡാത്മക സഭയ്ക്കുവേണ്ടിയുള്ള ഒരുക്കരേഖ (preparatory document) സൂക്ഷ്മതയോടെവായിച്ചാൽ നാം കൂടുതൽ പ്രാവശ്യവും വായിച്ചു കേൾക്കുന്നവാക്ക് 'യാത്ര'അല്ലെങ്കിൽ'സഞ്ചാരം'എന്നാണ്. സഭയെ ഒരുയാത്രയോട് ഉപമിക്കുന്നു; അത്ഒറ്റയ്ക്കുള്ളയാത്രയല്ല; ഒന്നിച്ചുള്ള യാത്രയാണ്.

എന്തുകൊണ്ടാണ് പരിശുദ്ധപിതാവ് ഫ്രാൻസിസ്പാപ്പാ ഇന്നത്തെ സാഹചര്യത്തിൽ സഭയെ സിനഡാത്മക സഭ എന്ന്പഠിപ്പിക്കുന്നത്? ഇതിന് ഉത്തരംലഭിക്കണമെങ്കിൽ 2021 ഒക്ടോബർ മാസം പത്താം തീയതി പരിശുദ്ധ പിതാവ് രണ്ടുവർഷം നീണ്ടുനിൽക്കുന്ന സിനഡാത്മക സഭയ്ക്കുവേണ്ടിയുള്ള സിനഡ് ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിനു മുൻപ് മെത്രാന്മാരോടും വൈദികരോടും വൈദിക വിദ്യാർത്ഥികളോടും സംസാരിക്കുകയും സംവാദിക്കുകയും ചെയ്ത വിഷയങ്ങളെക്കുറിച്ച് പരിശോധിച്ചാൽ മതി.

പരി. പിതാവ് തന്റെ ശുശ്രൂഷാകാലഘട്ടത്തിൽ തുടർച്ചയായി പലപ്പോഴും ക്ലെരിക്കലിസത്തിന്റെ അപകടങ്ങളെക്കുറിച്ച് പഠിപ്പിച്ചിട്ടുണ്ട്. 2016 ഡിസംബർ 13-ാം തീയതിഫ്രാൻസീസ് പാപ്പ റോമിലുള്ള Santa Marta ദേവാലയത്തിൽവച്ച് വചനപ്രഘോഷണമദ്ധ്യേപറഞ്ഞത്: 'സഭയിലെക്ലരിക്കലിസംഅതിഭയങ്കരമായ ഒരുതിന്മയാണെന്നാണ് ഇത് പലപ്പോഴും ദരിദ്രരെയും ആലംബഹീനരെയും ചൂഷണം ചെയ്യുന്നതിലേക്ക് നയിക്കുന്നു. മത്തായി 20:25 ൽ യേശു പഠിപ്പിക്കുന്നപോലെ ഇത്, വിജാതീയരുടെ ഭരണ കർത്താക്കൾയജമാനത്വം പുലർത്തുന്നതു പോലെയും അവരുടെ പ്രമാണികൾ അധികാരം പ്രയോഗിക്കുന്നതുപോലെയുമാണ്. മറ്റുള്ളവർ എന്നെ ആദരിക്കണം, ബഹുമാനിക്കണം, ഞാൻ ആവശ്യപ്പെടുന്നതുപോലെ ചെയ്യണം എന്ന ചിന്തയാണിത്. ഇടവക ജനം ആരാധന ക്രമത്തെക്കുറിച്ചോ ഇടവക നടത്തിപ്പിനെ



ക്കുറിച്ചോ എന്തെങ്കിലും പറയുകയാണെങ്കിൽ വൈദികരുടെയും ബിസിസി ഭാരവാഹികളുടെയും, കൗൺസിലിന്റെയും പ്രതികരണം എപ്രകാരമാണ്? അവരെ ഉൾക്കൊള്ളുന്നതരത്തിലാണോ പുറംതള്ളുന്നതരത്തിലാണോ? ഒറ്റയ്ക്കു സഞ്ചരിക്കുന്നതാണോ ഒരുമിച്ചുസഞ്ചരിക്കുന്നതാണോസഭാംഗങ്ങളായ നമ്മുടെ താല്പര്യം.

2018 ഓഗസ്റ്റ് 11-ാം തിയതി ഫ്രാൻസീസ് പാപ്പാ റോമിൽ വച്ച് ഇറ്റാലിയൻ ചെറുപ്പക്കാരോട് സംസാരിച്ചപ്പോൾപറഞ്ഞത് 'clericalism is a perversion of the church and its one of the manifestations is rigidtiy.' അതായത് മറ്റുള്ളവരോട് അടുക്കില്ല, മറ്റുള്ളവരെ അടുപ്പിക്കുകയുമില്ല. പേടിപ്പിച്ച് ജനങ്ങളെ അകറ്റിനിർത്തുക എന്നതന്ത്രമാണ്. ചിലരെങ്കിലും ഇതിനെ ഒരു pastoral prudence ആയി ഇപ്പോഴും ചിന്തിക്കുന്നുമുണ്ട്.

2018 ജനുവരി 16-ാം തീയതി ചിലിയും പെറുവും സന്ദർശിച്ചപ്പോൾ മെത്രാന്മാരുമായുള്ള സമ്മേളനത്തിൽ ക്ലെരിക്കലിസം സഭയുടെ പ്രേഷിത ദൗത്യത്തിന് അപകടകരമാണ് എന്നും പാപ്പ വീണ്ടും സൂചന നല്കിയിട്ടുണ്ട്. പ്രേഷിതദൗത്യം പുരോഹിതന്മാരിൽ മാത്രംനിക്ഷിപ്തമായ ദൗത്യമല്ല, മറിച്ച്, എല്ലാവിശ്വാസികളും ഭാഗഭാക്കാകേണ്ട ഒന്നാണെന്ന് ഫ്രാൻസീസ് പാപ്പ ഓർമ്മിപ്പിക്കുന്നു: 'The lay persons are not our peons or our employees' എന്തുപറഞ്ഞാലും അത് അതുപോലെ തിരിച്ചുപറയേണ്ട തത്തകളല്ല അൽമായർ. സഭയുടെ പ്രഷിതദൗത്യത്തിന് ഉന്മേഷവും ആവേശവും പകരേണ്ടവരാണവർ. സഭയുടെ പ്രവാചക ദൗത്യത്തിന്റെ തീനാളം കെടാതെ കാത്തു സൂക്ഷിക്കേണ്ടവരാണവർ.

സിനസാത്മകതയെ സ്വീകരിക്കാനാണ് ഫ്രാൻസിസ്പാപ്പ ഈ സിനഡിലൂടെ നമ്മോട് ആഹ്വാനം ചെയ്യുന്നത്. സഭ എന്നത് ഒറ്റയ്ക്കുള്ള യാത്രയല്ല. ഒന്നിച്ചുള്ളയാത്രയാണ്. അങ്ങനെയെങ്കിൽ എല്ലാവരെയുംകേൾക്കാനും എല്ലാവരോടും കൂടിയാലോചിച്ച്തീരുമാനങ്ങളെടുക്കുവാനും നാം സന്നദ്ധരാണോ? ഇതിന് വലിയൊരുതുറവിയും ധൈര്യവും നമുക്കാവശ്യമാണ്. മാറ്റത്തെഭയക്കാതെ ശുഭാപ്തിവിശ്വാസത്തോടെനമുക്ക്മുന്നേറാം. നമുക്ക് ഓർത്തിരിക്കാം. ഒറ്റയ്ക്കുള്ളയാത്രയാണ് ക്ലെരിക്കലിസം. ഒന്നിച്ചുള്ളയാത്രയാണ് സിനഡാത്മകത. ചുരുക്കത്തിൽ സിനഡാത്മകതയാണ് ക്ലെരിക്കലിസത്തിനുള്ള ഒറ്റമൂലി. ഒന്നിച്ചുള്ളയാത്ര, ഈലോകത്തിൽമാത്രമല്ല, നിത്യജീവനിലേക്കുംഒന്നിച്ചാണ് യാത്ര ചെയ്യേണ്ടത്. വിശുദ്ധജോൺ മരിയ വിയാനിയുടെ വാക്കുകൾ ഓർത്തിരിക്കാം. 'A priest goes to heaven or a priest goes to hell with a thousand people behind". നിത്യജീവനിലേക്കുള്ള ഒരുമിച്ചുള്ള യാത്ര ഇവിടെനിന്നു നമുക്കാരംഭിക്കാം. ■

ലേഖനം



# കന്യാംബികയും ഭാരതാംബയും: ഒരേ ഭാവമുള്ള രണ്ടമ്മമാർ

ആഗസ്റ്റ് 15, പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് ദൈവത്താൽ ഒരുക്കപ്പെട്ടു, തന്റെ ദൗത്യം പൂർത്തിയാക്കി അനന്ത മഹിമയിലേക്ക് ഉയർത്തപ്പെടുന്നതിന്റെ പുണ്യദിനം. കൂടാതെ, അടിമച്ചങ്ങലകൾ പെട്ടിച്ചെറിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിൽ ഭാരതം അഭിമാനപുളകിതയായി നില്ക്കുന്നതിന്റെ ഓർമ്മദിനവും. താളലയവും ശ്രുതിശുദ്ധവുമായ പരിശുദ്ധ അമ്മയുടെ ജീവിതവും, എരിഞ്ഞടങ്ങാതെ പുകഞ്ഞുകൊണ്ടിരുന്ന സ്വതന്ത്രഭാരതത്തിന്റെ ചരിത്രവും മനസ്സിൽ തീർക്കുന്ന പ്രകാശകിരണങ്ങൾ ഒട്ടും കുറവല്ല. ഉയർന്നു പൊങ്ങിയ തിരകൾ പോലെ സ്വർഗ്ഗാരോപണവും സ്വാതന്ത്ര്യവും അലയടിക്കട്ടെ.

ബേത്‌ലെഹെം യൂദയായിലെ പ്രമുഖ നഗരങ്ങളിൽ ഒട്ടും താഴെയല്ലാത്തതെങ്കിൽ, പുരാതന സംസ്കാരത്തിന്റെ പൈതൃകം പേറുന്ന ഭാരത സംസ്കൃതി പുകഴ്പെറ്റത്. കിഴക്കു കണ്ട നക്ഷത്രം ജ്ഞാനികളെ അത്യധികം സന്തോഷിപ്പിച്ചു. ഭാരതത്തിന്റെ സ്വാതന്ത്ര്യം അവളുടെ മക്കളുടെ നെഞ്ചിൽ വിരിഞ്ഞ താരപ്രഭ. റാമായിലെ സ്വരം, വലിയ കരച്ചിലും മുറവിളിയും. റാഹേൽ സന്താനങ്ങളെക്കുറിച്ചു കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ അവൾക്ക് സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യത്തിനായി പൊരുതിയ ധീര ദേശാഭിമാനികളുടെ വീര മൃത്യുവിൽ വിറങ്ങലിച്ച ഭാരതാംബയെ ആർക്ക് സാന്ത്വനിപ്പിക്കാനാവും?

സ്നാപകയോഹന്നാൻ യൂദയായിലെ മരുഭൂമിയിൽ പ്രസംഗിച്ചു: 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.' രണഭൂമിയിൽ അടരാടി പിടഞ്ഞുവീണ ഭാരതമക്കൾ വിളിച്ചു പറഞ്ഞു: 'സ്വാതന്ത്ര്യം അകലെയല്ല.' മനുഷ്യരെ വിഴുങ്ങാൻ ഫണമുയർത്തിയ സർപ്പത്തെ തന്റെ പുണ്യപാദങ്ങൾ കൊണ്ടു കീഴടക്കിയ പരിശുദ്ധമറിയം. വിദേശാധിപത്യത്തിന്റെ ഹുങ്കിനെതിരെ ഭാരതസുതർ കൈകോർത്തപ്പോൾ വെന്തുവെണ്ണീറായ സാമ്രാജ്യത്വം. തന്റെ പൊന്നോമനയേയും കൊണ്ട് ഈജിപ്തിലേക്ക് ഭയന്നോടുന്ന പരിശുദ്ധ അമ്മയുടെ മുഖവും വിദേശ ശക്തികളുടെ കൊടും ക്രൂരതകളിൽ പേടിച്ചരണ്ടുപോയ ഭാരതമക്കളു



**ഫാ. ഇമ്മാനുവേൽ വൈ.**
അസി. ഡയറക്ടർ,
വിദ്യാഭ്യാസ ശുശ്രൂഷ

കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ

# എങ്ങനെ, എന്തുകൊണ്ട് പുതിയ ഇടവകയിലെ അംഗത്വം

ആധുനിക കാലത്ത് ആഗോളവത്ക്കരണത്തിന്റെ നടുവിൽ പല വ്യക്തികളും കുടുംബങ്ങളും താമസസ്ഥലം മാറിക്കൊണ്ടിരിക്കുന്നത് പതിവ് സംഭവങ്ങളാണ്. സ്വന്തമായി വീട് ഇല്ലാത്തതിന്റെ പേരിലും, ജോലി, വിദ്യാഭ്യാസം എന്നിവ തേടുന്നതിന്റെ പേരിലും താമസസ്ഥലം മാറേണ്ടിവരുന്നത് സ്വാഭാവികമാണ്. വിവിധ കാരണങ്ങളാൽ താമസ സ്ഥലം മാറേണ്ടിവരുന്നവർ സിവിൽ പരമായി വില്ലേജും സഭാപരമായി ഇടവകയും മാറേണ്ടതുണ്ടോ? അഥവാ വില്ലേജ് മാറണമെന്നോ ഇടവക മാറണമെന്നോ അവരെ നിർബന്ധിക്കാനാകുമോ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 372,518 എന്നിവ പ്രകാരം രൂപത, ഇടവക എന്നിവയ്ക്ക് ഒരു നിശ്ചിത ഭൂപരിധി ഉണ്ടായിരിക്കണം. രൂപതാമെത്രാൻ, ഇടവക വികാരി എന്നിവരുടെ അധികാര ദൂരപരിധി നിശ്ചയിക്കുന്നത് ഭൂപരിധി നിയന്ത്രണമാണ്. അതേസമയം, ഭൂപരിധിക്ക് അതീതമായി രൂപതാ മെത്രാന് രൂപതാംഗങ്ങളുടെ മേലും ഇടവക വികാരിക്ക് ഇടവകാംഗങ്ങളുടെ മേലും നിയമം അനുവദിക്കുന്ന കാര്യങ്ങളിൽ നിയമാനുസൃത അധികാരം തുടരുകയും ചെയ്യാം.

ഇടവക മാറ്റവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

(1) മറ്റൊരു ഇടവകയുടെ ഭൂപരിധിക്കുള്ളിൽ താമസിക്കുന്ന വ്യക്തിയ്ക്ക് /കുടുംബത്തിന് CIC 100 107 നല്കുന്ന ആനുകൂല്യം വിനിയോഗിച്ചുകൊണ്ട് താമസിക്കുന്ന ഭൂപ്രദേശത്തെ ഇടവകയിൽ ചേരാനാകും. ഇത്തരം സാഹചര്യത്തിൽ പുതിയ ഇടവകയിൽ ചേരാൻ സഭാപരമായി രണ്ടു രീതികളാണുള്ളത്.

(i) അംഗത്വമുള്ള ഇടവകയിൽനിന്നും റ്റി.സി. (ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് - ഇടവക മാറാനുള്ള കത്ത്) വാങ്ങി അംഗത്വമെടുക്കാൻ ആഗ്രഹിക്കുന്ന ഇടവകയിൽ ഏല്പിക്കുക. ട്രാൻസ്ഫർ കത്തിനോടൊപ്പം അംഗത്വം ആഗ്രഹിക്കുന്ന എല്ലാ അംഗങ്ങളുടെയും ജ്ഞാനസ്നാന സർട്ടിഫിക്കററ്, സ്ഥൈര്യലേപന സർട്ടിഫിക്കറ്റ് (സ്വീകരിച്ചിട്ടുണ്ടെങ്കിൽ), വിവാഹ സർട്ടിഫിക്കറ്റ് (സഭാപരമായി വിവാഹിതരാണെങ്കിൽ) എന്നിവയും ഏല്പിക്കേണ്ടതാകുന്നു.

(ii) ആറുമാസത്തിൽ കുറയാതെയുള്ള സ്ഥിര താമസക്കാർക്ക് താത്ക്കാലിക അംഗത്വവും 5 വർഷത്തിൽ കുറയാതെയും ഇടവേളയില്ലാതെയുമുള്ള സ്ഥിരതാമസവും ഉള്ള അംഗങ്ങൾക്ക് സ്ഥിരാംഗത്വവും സ്വീകരിക്കാൻ സാധിക്കും. അപ്പോൾ, ട്രാൻസ്ഫർ കത്ത് ഒഴികെയുള്ളഎല്ലാ രേഖകളും സമർപ്പിക്കേണ്ടതാകുന്നു.

(2) ട്രാൻസ്ഫർ കത്ത് വാങ്ങുന്നതിന് മുമ്പ് താമസിക്കുന്ന സ്ഥലത്തെ ഇടവക വികാരിയെ കണ്ട് ആ ഇടവകയിൽ ചേരാൻ ആഗ്രഹിക്കുന്ന കാര്യം അറിയിക്കുക.

(3) ഇടവകാതിർത്തിക്ക് പുറത്ത് താമസിക്കുന്ന കുടുംബാഗംങ്ങളെയും വ്യക്തികളെയും അവരുടെ സന്നദ്ധത കൂടാതെ നിർബന്ധപൂർവ്വം ഇടവകയിൽ നിന്നും പുറത്താക്കാൻ പാടുള്ളതല്ല.

ടെ മുഖവും സദൃശ്യഭാവം പേറുന്നവയാണ്.


ദൈവാലയത്തിൽ കാഴ്ചയർപ്പിക്കാനെത്തിയ അമ്മയുടെ നേർക്ക് ശിമയോൻ ദീർഘദർശി തൊടുത്ത വാക്കുകൾ 'നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും'എന്നാണ്. വിദേശികൾ ഭാരതാംബയുടെ ഹൃദയത്തിലേല്പിച്ചതും മുറിവുകളായിരുന്നല്ലോ. മകനെ ഭ്രാന്തനെന്ന് വിളിച്ചപ്പോൾ പരിശുദ്ധ അമ്മയുടെ മനം തേങ്ങി. ഭാരതത്തിന്റെയും ചങ്കുതുരക്കുന്നതായിരുന്നു 'അപരിഷ്കൃതർ' എന്ന വിദേശികളുടെ വിളി.

ദൈവിക രഹസ്യങ്ങൾക്കുമുന്നിൽ മൗനം ദീക്ഷിച്ച അമ്മയുടെ ഹൃദയം പൊട്ടിച്ചോരയൊലിച്ചു പലപ്പോഴും. നിരാഹാര സത്യാഗ്രഹങ്ങളിലൂടെ മുനിഭാവമവലംബിച്ച ഭാരതമാതാവിനും മുറിവേറ്റു. നിശബ്ദ ഭാവം പേറി അമ്മ വിണ്ടകാല്പാദങ്ങളുമായി മലമ്പ്രദേശത്ത് ഓടുമ്പോൾ, മുനിഭാവം പേറി സ്വാതന്ത്ര്യസന്ദേശം ഭാരത ദിക്കുകളിൽ അരങ്ങേറി. മാലാഖമാരുടെ സ്വർഗ്ഗദൂത് വാനിൽ മുഴങ്ങുമ്പോൾ സ്വാതന്ത്ര്യത്തിന്റെ ശംഖൊലി പാരിൽ അലയടിച്ചു. അടിച്ചവർക്ക് പുറം കാണിച്ചുകൊടുക്കാൻ മുതിർന്ന മകനെ വളർത്തിയ അമ്മ. അടികൊണ്ടാലും ധീരത്വം വെടിയരുതെന്ന് പഠിപ്പിച്ച ഭാരതാംബ. സ്തോത്രഗാനങ്ങളുടെ പല്ലവിയിൽ അമ്മ മുഴുകിയിരുന്നു. സ്വാതന്ത്ര്യഗാനത്തിൽ അഭിമാനപൂർണ്ണരായി ഭാരതമക്കൾ. കുരിശിൽ ഉയർത്തപ്പെട്ട നസ്രായൻ പാരിൽ രക്ഷപ്രദാനം ചെയ്തപ്പോൾ മുകളിലേക്കുയർന്ന കേതുവേ നോക്കി ഭാരതമക്കൾ പുഞ്ചിരി തൂകി.

ആഘോഷങ്ങൾക്കും ആൾത്തിരക്കിനുമിടയിലെ ഒറ്റപ്പെട്ട നൊമ്പരങ്ങൾ അവഗണിക്കാതിരിക്കാം. ഒരായിരം ആർപ്പുവിളികൾക്കിടയിലും ഒരാളുടെ നിലവിളി അതു നിശ്ശബ്ദമാണെങ്കിൽപ്പോലും, തിരിച്ചറിയുന്നതിന് ശ്രമിക്കാം. സ്വർഗ്ഗാരോപണവും സ്വാതന്ത്ര്യവും ജീവിതത്തിന്റെ സ്പന്ദനങ്ങളാക്കാം. ■

ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്



# കർമ്മയോഗിയായ ബൻസിഗർ പിതാവ്

**അലോഷ്യസ് മരിയ ബൻസിഗർ പിതാവ് സ്വർഗ പിതാവിന്റെ സന്നിധിയിൽ എത്തിച്ചേർന്നിട്ട് ആഗസ്റ്റ് 17 ന് 80 വർഷം പൂർത്തിയാവുന്നു.**

പുണ്യശ്ലോകനും കർമ്മയോഗിയുമായിരുന്ന അലോഷ്യസ് മരിയ ബൻസിഗർ പിതാവ് സ്വർഗ പിതാവിന്റെ സന്നിധിയിൽ എത്തിച്ചേർന്നിട്ട് ആഗസ്റ്റ് 17 ന് 80 വർഷം പൂർത്തിയാവുന്നു. ജന്മംകൊണ്ട് സ്വിറ്റ്സർലന്റിലെ ഐൻസിഡൻകാരൻ കർമ്മംകൊണ്ട് കൊല്ലം രൂപതയുടെ മുൻ മെത്രാൻ! രണ്ടാം ഫ്രാൻസിസ് സേവ്യർ, ദരിദ്രഭിക്ഷുവായ പ്രേഷിതവര്യൻ, പുനഃരൈക്യപ്രസ്ഥാനത്തിന്റെ കാരണഭൂതൻ എന്നീ നാമങ്ങളിൽ അറിയപ്പെടുന്ന ദൈവദാസൻ ആർച്ച്ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗറിന്റെ ജീവിതം ഇതിഹാസതുല്യമാണ്.

1864 ജനുവരി 31 ന് ജോൺ അഡൽറിച്ച് ബൻസിഗറിന്റെയും അന്ന്യമേരിയുടെയും ആറു സന്താനങ്ങളിൽ രണ്ടാമനായി പിറന്ന ബൻസിഗർ യൂറോപ്പിലെ പ്രശസ്തമായ വിദ്യാലയങ്ങളിലും കലാലയങ്ങളിലും പഠനം നടത്തി. തുടർന്ന് എല്ലാവിധ ഭൗതിക സുഖസൗകര്യങ്ങളും വെടിഞ്ഞ് 21-ാമത്തെ വയസ്സിൽ ബൽജിയത്തെ ബ്രൂജസിലെ കർമ്മലീത്താ ആശ്രമത്തിൽ ചേർന്നു. ബ്രദർ അലോഷ്യസ് എന്ന പേര് സ്വീകരിച്ച്; 1885 ൽ പ്രഥമ വ്രതവാഗ്ദാനവും 1888

**തിരുവിതാംകൂറിന്റെ ഉൾനാടുകളിൽ ആയിരക്കണക്കിനാളുകൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചത് ഈ ത്യാഗിവര്യന്റെ നേതൃത്വത്തിൽ നടന്ന മിഷൻ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്**

ൽ നിത്യവ്രതവാഗ്ദാനവും നടത്തി. അതേവർഷം ഡിസംബർ 22-ാം തീയതി ഗെന്റ് കത്തീഡ്രലിൽ വച്ച് പുരോഹിതനായി അഭിഷിക്തനായി. 'per crucem ad lucem' (കുരിശിലൂടെ പ്രകാശത്തിലേക്ക്) എന്ന ആപ്തവാക്യം സ്വീകരിച്ച 1890 ആഗസ്റ്റ് 28 ാം തീയതി ഭാരതത്തിലേക്ക് കപ്പൽകയറി. സെപ്തംബർ 29 ന് കൊച്ചിയിലെത്തുകയും തുടർന്ന് പുത്തൻപള്ളി സെമിനാരിയിൽ പ്രൊഫസർ, ആദ്ധ്യാത്മിക നിയന്താവ് എന്നീ നിലകളിൽ പ്രവർത്തിക്കുകയും ചെയ്തു. ചുരുങ്ങിയ നാളുകൾക്കുള്ളിൽ അദ്ദേഹം വൈദികവിദ്യാർഥികളുടെ പ്രിയങ്കരനായ അധ്യാപകനായി തീർന്നു.

തുടർന്ന് ഫാ. ബൻസിഗർ അപ്പോസ്തലിക് ഡെലിഗേറ്റായിരുന്ന ഡോ. ലെഡിസ്ലാവൂസ് സെലസ്കിയുടെ സെക്രട്ടറിയായി നിയമിതനായി. എട്ടുവർഷത്തോളം അദ്ദേഹം ആ പദവിയിൽ തുടർന്നു. 1900 ൽ കൊല്ലം മെത്രാനായിരുന്ന ഡോ. ഫെർഡിനന്റ് ഓസി പിതാവിന്റെ സഹമെത്രാനായി നിയമിതനായി. 1905 സെപ്തംബർ 14 ാം തീയതി കൊല്ലം രൂപതാദ്ധ്യക്ഷനായിഭരണഭാരമേറ്റു.

പമ്പാനദി മുതൽ കന്യാകുമാരിവരെ വ്യാപിച്ചുകിടന്ന കൊല്ലം രൂപതയെ തന്റെ പ്രേഷിത ഭൂമിയായി കണ്ടുകൊണ്ട് യേശുവിന്റെ സദ്വാർത്ത പ്രഘോഷിക്കാൻ കർമ്മരംഗത്തേക്കിറങ്ങി.

തിരുവിതാംകൂറിന്റെ ഉൾനാടുകളിൽ ആയിരക്കണക്കിനാളുകൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചത് ഈ ത്യാഗിവര്യന്റെ നേതൃത്വത്തിൽ നടന്ന മിഷൻ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. മിഷൻ പ്രദേശങ്ങളിൽ കാരുണ്യ പ്രവർത്തനങ്ങൾക്കായും ദൈവാലയങ്ങൾ നിർമ്മിക്കാനായും സാമ്പത്തിക സഹായം യാചിച്ച് യൂറോപ്യൻ രാജ്യങ്ങളിൽ സന്ദർശനം നടത്തി ധനാഗമ മാർഗങ്ങൾ തേടി. 'ഭിക്ഷുവായ മെത്രാൻ' എന്ന പേരിലത്രെ ബിഷപ്പ് ബെൻസിഗർ അക്കാലത്തെ യൂറോപ്യൻ നാടുകളിൽ അറിയപ്പെട്ടിരുന്നത്. തന്റെ ജനത്തിന്റെ ദാരിദ്ര്യദുഃഖമകറ്റാനാണ് ഭിക്ഷയാചിച്ച് നേടിയ സമ്പത്ത് പ്രധാനമായും ബിഷപ്പ് ബിൻസിഗർ വിനിയോഗിച്ചത്. കൂടാതെ ദേവാലയങ്ങൾ, ആതുരാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ രൂപതയിലങ്ങോളമിങ്ങോളം പണിതുയർത്തി. രൂപതയുടെ ഉൾപ്രദേശങ്ങളിലേക്ക് കാളവണ്ടിയിലും കാൽനടയായും യാത്രചെയ്ത് തന്റെ അജപാലന ധർമം അനുഷ്ഠിച്ചു. വിശാലമായ കൊല്ലം രൂപതയുടെ തെക്കൻ ഭാഗങ്ങൾക്കായി 1930-ൽ കോട്ടാർ രൂപത സ്ഥാപിക്കാൻ അദ്ദേഹം മുൻകൈ എടുത്തു. 1937-ൽ രൂപംകൊണ്ട തിരുവനന്തപുരം രൂപത സ്ഥാപിക്കാനുള്ള നടപടികൾക്ക് തുടക്കമിട്ടതും ബഷപ്പ് ബൻസിഗർ തന്നെ. മുൻ കൊല്ലം മെത്രാൻ സ്റ്റാൻലി റോമൻ പിതാവിന്റെ വാക്കുകളിൽ പറഞ്ഞാൽ "കൊല്ലം രൂപത രണ്ടും മൂന്നും നാലുമായി വിഭജിതമായെങ്കിലും ഇതിന്റെയൊക്കെ പിതൃസ്ഥാനം ബിഷപ്പ് ബൻസിഗറിന് തന്നെ. വളരുംതോറും ഈ പിതാവിന്റെ പൈതൃകം ഇവിടെ തളിർക്കുന്നു"

സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകികൊണ്ട് മാതാവിന്റെ വിമലഹൃദയ സഹോദരിമാരെ 1907 ൽ പോണ്ടിച്ചേരിയിൽ നിന്ന് കൊണ്ടുവന്ന് രൂപതയിൽ പെൺപള്ളിക്കൂടങ്ങൾ തുടങ്ങിയത് അദ്ദേഹത്തിന്റെ വിപ്ലവാത്മകമായ കാഴ്ചപ്പാട് വ്യക്തമാക്കുന്നു.

തദ്ദേശിയരായ വൈദികരുടെ രൂപീകരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലത്ത് 1902 ൽ സെന്റ് റാഫേൽസ് മൈനർ സെമിനാരിയും തത്വശാസ്ത്രത്തിനായി സെന്റ് തെരേസാസ് മേജർ സെമിനാരിയും ആരംഭിച്ചു.

മിഷൻ പ്രവർത്തനങ്ങളുടെ പ്രത്യേക മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ മാധ്യസ്ഥം നിരന്തരം തേടിക്കൊണ്ട് തന്റെ രൂപതയിൽ പ്രേഷിത പ്രവർത്തനങ്ങൾ പിതാവ് ഊർജ്ജസ്വലമായി മുന്നോട്ടുകൊണ്ടുപോയി. 1925 മേയ് 12ന് റോമിൽ കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ച ചടങ്ങുകളിൽ പങ്കെടുക്കുവാൻ ഈ ഭക്തന് ഭാഗ്യം സിദ്ധിച്ചു.

1931 ൽ രൂപതാ ഭരണത്തിൽ നിന്ന് വിരമിച്ച് വെറുമൊരു തോൾസഞ്ചിയും തൂക്കി കൊല്ലം റെയിൽവേ സ്റ്റേഷനിൽ നിന്നും തീവണ്ടി കയറി തിരുവനന്തപുരത്തെ പാങ്ങോട് കാർമൽഹിൽ ആശ്രമത്തിലെത്തി സാധാരണ സന്യാസിയെപ്പോലെ പ്രാർഥനയിലും ധ്യാനത്തിലും ശിഷ്ടജീവിതം കഴിച്ചുകൂട്ടി. പുറംലോകവുമായി വളരെക്കുറിച്ച് സമ്പർക്കം മാത്രമേ പിന്നെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. തിരുവനന്തപുരം മെത്രാനായിരുന്ന വിൻസെന്റ് ഡെരേരാ പിതാവ് കൂടെക്കൂടെ ബൻസിഗർ പിതാവിനെ കാണാനായി എത്തുമായിരുന്നു. കൊല്ലത്തുനിന്ന് ജെറോം ഫെർണാണ്ടസ് പിതാവും കോട്ടാർ മെത്രാനായിരുന്ന ലോറൻസ് പെരേര പിതാവുമായിരുന്നു മറ്റ് സന്ദർശകർ. ഹോളി എയ്ഞ്ചൽസ് കോൺവെന്റിൽ സിസ്റ്റേഴ്സിന്റെ കുമ്പസാരം കേൾക്കാൻ ആശ്രമത്തിലെ കാളവണ്ടിയിൽ പോകുമായിരുന്നു.

അപൂർവമായി രാജ്യഭരണത്തിൽനിന്ന് വിരമിച്ച് പൂജപ്പുരയിലുള്ള കൊട്ടാരത്തിൽ വിശ്രമ ജീവിതം നയിച്ചിരുന്ന റീജന്റ് ലക്ഷ്മി ഭായി തമ്പുരാട്ടിയെ സന്ദർശിക്കാൻ മെത്രാന്റെ ഔദ്യോഗിക വസ്ത്രങ്ങൾ ധരിച്ചുപോയിരുന്നു.

സഭയ്ക്കും സമൂഹത്തിനും ഈ അത്യുത്തമനായ വൈദിക ശ്രേഷ്ഠൻ നൽകിയ സംഭാവനകളെ പരിഗണിച്ചുകൊണ്ട് 11-ാം പീയൂസ് പാപ്പ ആന്റിനോയിലെ സ്ഥാനിക ആർച്ച് ബിഷപ്പ് പദവി നൽകി ആദരിച്ചു. 1942 ആഗസ്റ്റ് 17 ന് 78ാം വയസ്സിൽ യേശുവിന് വേണ്ടി ആയിരങ്ങളെ നേടിയ മഹാമിഷണറി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതശരീരം പാങ്ങോട് ആശ്രമത്തിലെ ക്രിപ്റ്റിൽ സംസ്കരിച്ചു. 1983 നവംബർ 18 ന് കാർമ്മൽഹിൽ ദേവാലയത്തിൽ അൾത്താരയ്ക്ക് സമീപത്തായി ഭൗതീകാവശിഷ്ടം മാറ്റി സ്ഥാപിച്ചു.

ധന്യനായ ഈ മഹാത്മാവിനെ വിശുദ്ധരുടെ ഗണത്തിൽപ്പെടുത്തി അൾത്താരവണക്കത്തിന് പ്രതിഷ്ഠിക്കപ്പെടുവാനുള്ള പ്രയത്നങ്ങളിൽ കർമ്മലീത്താ മലബാർ പ്രോവിൻസ് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നു. ■




## കെ.സി.എസ്. എൽ മെറിറ്റ് അവാർഡ് വിതരണം

കുട്ടികളിലെ പഠന താല്പര്യം വർദ്ധിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ജൂലൈ 15-ാം തിയ്യതി വെള്ളിയാഴ്ച്ച മെറിറ്റ് അവാർഡ് നൽകി. അതിരൂപത സഹായമെത്രാൻ മോസ്റ്റ്.റവ. ഡോ. ക്രിസ്തുദാസ് അനുഗ്രഹപ്രഭാഷണം നടത്തുകയും കെ. സി. എസ്. എൽ. കുട്ടികളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകുകയും ചെയ്തു.

## ലോഗോസ് പരീക്ഷയ്ക്കായി ഡിജിറ്റൽ ആപ്പിലൂടെ തയ്യാറെടുക്കാം

തുടർച്ചയായി അഞ്ചാം വർഷവും മത്സരാവേശം പകരാൻ ലോഗോസ് ക്വിസ്സിന്റെ ആപ്പ് പുറത്തിറങ്ങും. ഓഗസ്റ്റ് മാസം പകുതിയോടുകൂടി തിരുവനന്തപുരം മീഡിയ കമ്മീഷനും അതിരൂപത അജപാലന ശുശ്രൂഷ സമിതിയും ചേർന്ന് തയ്യാറാക്കുന്ന ലോഗോസ് ആപ്പിന്റെ 2022 വേർഷൻ ഗൂഗിൾ പ്ലെയ്സ്റ്റോറിൽ ലഭ്യമാകുമെന്ന് സംഘാടകർ അറിയിച്ചു. കഴിഞ്ഞ നാലു വർഷങ്ങളിലും ആപ്പിലൂടെ കളിച്ചു പരിശീലിച്ചവർ പരീക്ഷയിൽ മികച്ച പ്രകടനം നടത്തിയതും പതിനായിരത്തോളം ഉപഭോക്താക്കൾ ഉണ്ടെന്നതും ആപ്പ് ഇപ്രാവശ്യവും പുറത്തിറക്കാൻ ഊർജമായി. ആപ്പിലൂടെ കളിച്ചു കൂടുതൽ പോയിന്റുകൾ കരസ്തമാക്കുന്ന ജേതാക്കളെ ഇത്തവണ സംസ്ഥാനതലത്തിലാവും തിരഞ്ഞെടുക്കുക. ഏറ്റവും കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഇടവകകൾക്കും സമ്മാനങ്ങൾ നേടാം.




## മരിയൻ എൻജിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ബി. ടെക്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബി. ടെക് കോഴ്സിന് തുടക്കം കുറിച്ച് മരിയൻ എൻജിനീയറിങ് കോളേജ്. മേനംകുളത്ത് സ്ഥിതി ചെയ്യുന്ന അതിരൂപതയുടെ മരിയൻ എൻജിനീയറിങ് കോളേജിൽ പുതിയ ബി.ടെക് കോഴ്സിന് തുടക്കം കുറിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിങ് എന്ന നൂതനമായ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്ന കോഴ്സാണ് ഈ അധ്യയന വർഷത്തിൽ പുതുതായി ആരംഭിച്ചിരിക്കുന്നത്.

ഇതിനുപുറമേ സിവിൽ എൻജിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നിവയാണ് കോളേജിലെ മറ്റു ബ്രാഞ്ചുകൾ.

## മെഗാ ക്വിസിൽ അതിരൂപതക്ക് തിളക്കമാർന്ന വിജയം

വി. ദേവസഹായം സംസ്ഥാനതല മെഗാക്വിസിൽ തിരുവനന്തപുരം അതിരൂപതക്ക് തിളക്കമാർന്ന വിജയം. 12 ലത്തീൻ അതിരൂപതകളിൽ നിന്നായി 3600 പേർ പങ്കെടുത്ത മെഗാ ക്വിസ്സിൽ സന്യസ്തർ,അൽമായർ,വിദ്യാർത്ഥികൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിൽ നിന്നും ഒൻപതു പേരെയാണ് വിജയികളായി പ്രഖ്യാപിച്ചത്, അതിൽ അഞ്ചുപേരും തിരുവനന്തപുരം അതിരൂപതയിൽ നിന്നുള്ളവരാണ്. മൂന്ന് വിഭാഗങ്ങളിലെയും ഒന്നാം സ്ഥാനവും, രണ്ട് രണ്ടാം സ്ഥാനങ്ങളുമാണ് തിരുവനന്തപുരം അതിരൂപതയിലെ പ്രതിനിധികൾ സ്വന്തമാക്കിയത്. സന്യസ്ത വിഭാഗത്തിൽ കൊച്ചുപള്ളി ഇടവക സന്യസ്ഥ കൂട്ടായ്മയിലെ സിസ്റ്റർ മെർലിൻ തോമസ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ അൽമായ വിഭാഗത്തിൽ പൂഴിക്കുന്ന് ഇടവകാംഗം ശ്രീമതി റീജ സി ഒന്നാം സ്ഥാനവും കിള്ളിപ്പാലം ഇടവകാംഗം ശ്രീമതി വിൽഫ്രീഡ രണ്ടാം സ്ഥാനവും സ്വന്തമാക്കി. വിദ്യാർഥികളുടെ വിഭാഗത്തിൽ പുല്ലുവിള ഇടവകയിലെ ജ്യോതി എൽ. ജോവാൻ ഒന്നാം സമ്മാനവും പാലപ്പൂർ ഇടവകയിലെ റിയാൻ എസ് വിയാനി രണ്ടാം സമ്മാനവും നേടി.

# തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ തീരജനതയ്ക്കായി മുദ്രാവാക്യങ്ങൾ

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന അനിശ്ചിതകാല സമരത്തിന്റെ ഭാഗമായുള്ള പ്രതിഷേധ മാർച്ച് പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് ആരംഭിച്ച് സെക്രട്ടറിയേറ്റിന് മുന്നിൽ സമാപിച്ചു.അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്നുള്ള പ്രതിഷേധ ധർണ്ണ സെക്രട്ടറിയേറ്റിനുമുന്നിൽ അതിരൂപത അധ്യക്ഷൻ ഡോ. തോമസ് ജെ നേറ്റോ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം തീരദേശ ജനത വികസനത്തിന്റെ ഭാഗമായി അനുഭവിക്കുന്ന തീരശോഷണം, കടലാക്രമണം, ഭവനങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ തുടങ്ങിയ തീരജനതയുടെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കണമെന്ന ആവശ്യം ഒരിക്കൽ കൂടി ശക്തമായി അറിയിക്കാനാണ് ഈ സമരപരിപാടി. ഇത് ഒരു ദിവസം കൊണ്ട് തീരുന്നില്ലെന്നും നിരന്തരമായ സമര ധർണ്ണകളിലൂടെ അധികാരികൾ ഈ വിഷയത്തിൽ ഉണർന്ന് പ്രവർത്തിക്കുന്നത് വരെയും ഞങ്ങൾ തീരദേശ ജനതയുടെ നേതാക്കൾ എന്ന നിലയിൽ വൈദികരും വൈദിക മേലദ്ധ്യക്ഷന്മാരും തീര ജനതയ്ക്ക് വേണ്ടി, അവരുടെ ജീവൽ പ്രശ്നങ്ങളുടെ പരിഹാരത്തിനു വേണ്ടി നിരാഹാര സമരം ഉൾപ്പെടെയുള്ള സമരനയങ്ങളിലേക്ക് കടക്കുവാൻ മടിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. അതിരൂപതയിലെ നൂറിലേറെ വൈദികരും നിരവധി സന്യസ്തരും രണ്ടു പിതാക്കന്മാരും പങ്കെടുത്ത സമരപരിപാടി പങ്കാളിത്തം കൊണ്ട് ചരിത്രം രചിച്ചു.

പ്രളയസമയത്ത് കേരളത്തിന്റെ സൈന്യം എന്നൊക്കെ പറഞ്ഞ് ബിഗ് സല്യൂട്ട് നൽകിയ സർക്കാർ സംവിധാനങ്ങൾ ഇന്ന് മത്സ്യത്തൊഴിലാളികളുടെ നിസ്സഹായ അവസ്ഥയ്ക്ക് നേരെ മുഖം തിരിക്കുകയാണെന്ന് അതിരൂപത വികാരി ജനറലും സമരത്തിന്റെ കൺവീനറുമായ മോൺ. യൂജിൻ എച്ച്.പേരേര പറഞ്ഞു. അദാനി പോർട്ട് നിർമ്മാണം നിർത്തിവച്ച് ജനവാസ കേന്ദ്രങ്ങൾക്കും ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കും തിരുവനന്തപുരം ജില്ലയ്ക്കും മാരകമായി ബാധിക്കാൻ പോകുന്ന ദുരന്തത്തിന് തടയിടണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

തീരദേശ ജനത അനുഭവിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ അവതരിപ്പിച്ചാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കണ്ണിൽ പൊടിയിടുന്ന കാരണങ്ങൾ നിരത്തുകയാണ് സർക്കാരെന്നും വിഴിഞ്ഞം തുറമുഖ പദ്ധതിയെ പറ്റിയുള്ള സുതാര്യമായ പഠനം നടത്തി തീരദേശ ജനതയുടെ ആവശ്യങ്ങൾ നിറവേറ്റണമെന്നും മത്സ്യത്തൊഴിലാളികളുടെ അനുഭവ സമ്പത്തിന് സർക്കാർ വിലകൽപ്പിക്കണമെന്നും അതിരൂപത അൽമായ ശുശ്രൂഷ ഡയറക്ടർ ഫാ. മൈക്കിൾ തോമസ് അഭിപ്രായപ്പെട്ടു.

സമരപരിപാടിക്ക് നേതൃത്വം നൽകിക്കൊണ്ട് മോൺ.ഡോ. സി. ജോസഫും വിവിധ ശുശ്രൂഷാ ഡയറക്ടർമാരും സമര സമിതി കൺവീനർമാരും മോൺസിഞ്ഞോർമാരും വൈദീകരും സംസാരിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും, അൽമായ സംഘടനകളും, സാമൂഹിക ശുശ്രൂഷാ പ്രവർത്തകരും അഭിവാദ്യങ്ങളർപ്പിച്ചു.

ഓരോ ഫെറോനകളുടെയും നേതൃത്വത്തിലാണ് തുടർന്നുള്ള ഓരോ ദിവസവുമുള്ള സമരം നടന്നുവരുന്നത്. ആവശ്യങ്ങളോട് അനുഭാവപൂർണ്ണമായ പരിഗണനയുണ്ടാകുന്നതുവരെ സമരം തുടരാനാണ് സംഘാടകരുടെ തീരുമാനം.

# പുല്ലുവിള ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ പുതിയ ഓഫീസ് ആശിർവ്വദിച്ചു

പുല്ലുവിള ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ പുതിയ ഓഫീസിന്റെ ആശിർവാദ കർമ്മം പുല്ലുവിള ഫെറോന വികാരി വെരി റവ. ഫാ.. സിൽവസ്റ്റർ കുരിസ് ജൂലൈ 9, ശനിയാഴ്ച നിർവഹിച്ചു. ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ കോ ഓർഡിനേറ്റർ റവ. ഫാ.. പ്രദീപ് ജോസഫ്, ആനിമേറ്റർ ശ്രീമതി. മേരി ത്രേസ്യ മൊറായിസ്, മറ്റു എക്സിക്യൂട്ടീവ് അംഗങ്ങൾ, ഇടവകകളിൽ നിന്ന് എത്തിയ വിദ്യാഭ്യാസ ശുശ്രൂഷ പ്രതിനിധികൾ സന്നിഹിതരായിരുന്നു.



## സാമൂഹ്യശുശ്രൂഷാ സെക്രട്ടറിതല യോഗം

വെള്ളയമ്പലം റ്റി.എസ്. എസ്. എസ്. ജൂബിലി ബിൽഡിങ്ങിൽ വച്ച് സാമൂഹ്യ ശുശ്രൂഷയുടെ ഇടവക തല സെക്രട്ടറിമാരുടെയും സിസ്റ്റർ പ്രതിനിധിമാരുടെയും യോഗം ഫാ. ആഷ്ലിൻ ജോസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ബേബി പ്രഭാകർ സോഷ്യൽ ആനിമേഷൻ എതിനെക്കുറിച്ച് ക്ലാസ് നൽകി. ഫാ. രജീഷ് വി. രാജൻ റ്റി.എസ്.എസ്.എസിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകി. തുടർന്ന് സാമൂഹ്യ ശുശ്രൂഷയുടെ ഏപ്രിൽ, മെയ്, ജൂൺ മാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. സാമൂഹ്യ ശുശ്രൂഷ സജീവമാക്കുതിനുള്ള ചർച്ചയും അഭിപ്രായങ്ങളും സമന്വയിപ്പിച്ചു.

# ആനി മസ്ക്രീൻ ധീരയായ പോരാളി : മോൺ. യൂജിൻ പെരേര

തിരുവിതാംകൂറിന്റെ ഝാൻസി റാണി എന്ന് വിശേഷിപ്പിക്കപ്പെട്ട ആനി മസ്ക്രീൻ സർ സിപി യുടെ പോലീസിന്റെ ഭീഷീണികളെ ഭയക്കാത്ത ധീരയായ പോരാളിയായിരുന്നെന്ന് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ തിരുവന്തപുരം അതിരൂപത സമിതി സംഘടിപ്പിച്ച ആനി മസ്ക്രീൻ അനുസ്മരണ പരിപാടിയിൽ അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് . പെരേര. ആനി മസ്ക്രീൻ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ ശേഷം യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലത്തീൻ സമുദായംഗം കൂടിയായ അവരുടെ സ്വാതന്ത്ര്യ സമരത്തിലെ പങ്കാളിത്തവും ജയിൽവാസവും അനുഷ്ഠിച്ച ത്യാഗങ്ങളും എന്നും നമ്മുടെ സമുദായ വളർച്ചയ്ക്കായുള്ള പ്രവർത്തനങ്ങളിൽ കരുത്തായി മാറണമെന്നും അദ്ദേഹം പറഞ്ഞു.

കെഎൽസിഎ അതിരൂപത പ്രസിഡന്റ് പാട്രിക് മൈക്കിളിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അതിരൂപത അല്മായ ശുശ്രൂഷ ഡയറക്ടർ ഫാ. മൈക്കിൾ തോമസ് അനുഗ്രഹ പ്രഭാഷണം നടത്തി. അഡ്വ. ആനി മസ്ക്രീൻ ജൂനിയർ, ഫാ. സെബാസ്റ്റിൻ,ജോസ് മെസ്മിൻ, മേരി പുഷ്പം, ഷൈജു റോബിൻ, ജോർജ് പള്ളിത്തുറ, ജോസഫ് ജോൺസൺ, അഡ്വ. എം.എ. ഫ്രാൻസിസ്, ആന്റെണി ആൽബർട്ട്, എന്നിവർ പ്രസംഗിച്ചു.ജനറൽ സെക്രട്ടറി ജോസ് മെസ്മിൻ സ്വാഗതവും ഓസ്റ്റിൻ കൃതജ്ഞതയും അറിയിച്ചു.

# മക്കളില്ലാത്ത ദമ്പതികളെ സന്ദർശിക്കുന്നവർക്ക് വേണ്ടി ക്ളാസ്



കുടുംബപ്രേഷിത ശുശ്രൂഷയുടെ നേതൃത്വത്തിൽ വിവാഹ ജീവിതത്തിൽ 15 വർഷം പിന്നിട്ട മക്കളില്ലാത്ത ദമ്പതികളെ സന്ദർശിക്കുന്നവർക്ക് വേണ്ടിയുള്ള പരിശീലന ക്ളാസ്സ് ജൂലൈ 2 ന് നടന്നു. സന്ദർശനം നടത്തുമ്പോൾ സ്വീകരിക്കേണ്ട രീതിയെക്കുറിച്ചും അവർക്ക് നൽകേണ്ട കാഴ്ചപ്പാടുകളെ കുറിച്ചും കുടുംബശുശ്രൂഷ ഡയറക്ടർ റവ. ഫാ, ക്രിസ്റ്റിൽ റൊസ്സാരിയോ ക്ളാസ് നയിച്ചു. പാളയം ഇടവകാംഗമായ ശ്രീ. ആസ്റ്റിൻ, നിമ്മി ദമ്പതികൾ അവരുടെ അനുഭവം പങ്കുവച്ചു. പരിശീലനത്തിൽ കുടുംബപ്രേഷിത ശുശ്രൂഷ ആനിമേറ്റേഴ്സ്, സന്യസ്തർ, വോളന്റിയേഴ്സ്, കൗൺസിലിംഗ് സ്റ്റുഡൻസ് എന്നിവർ പങ്കെടുത്തു.

ദമ്പതികളുടെ ലിസ്റ്റ് ഇടവക കുടുംബ ശുശ്രൂഷ പ്രവർത്തകർ വഴി ഇതിനകം തന്നെ ശേഖരിച്ച് കഴിഞ്ഞു. വരും ദിവസങ്ങളിൽ സന്യസ്തരും, കൗൺസിലേഴ്സും, വോളന്റിയേഴ്സുമടങ്ങുന്ന സംഘം മക്കളില്ലാത്ത ദമ്പതികളെ സന്ദർശിക്കും. തുടർന്ന് ഇവർക്ക് വേണ്ടിയുള്ള അനുധാവന പ്രവർത്തങ്ങൾക്ക് കുടുംബ ശുശ്രൂഷ രൂപം നൽകും. ഇതേ മാതൃകയിൽ കുടുംബശുശ്രൂഷ ഏകസ്ഥരേയും, കാഴ്ച ശ്രവണ പരിമിതരേയും, ഭിന്നശേഷിക്കാരെയും, മാനസിക വെല്ലുവിളി നേരിടുന്നവരെയും, കിടപ്പ് രോഗികളെയും സന്ദർശിച്ച് അവർക്ക് വേണ്ട അനുധാവന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.



*CBSE 10 ാം ക്ലാസ് പരീക്ഷയിൽ 100 ശതമാനം വിജയം കരസ്ഥമാക്കിയ മര്യനാട് വിദ്യാസദൻ സെൻട്രൽ സ്കൂളിലെ വിജയികളായ വിദ്യാർത്ഥികൾ സ്കൂൾ അധികൃതരോടൊപ്പം*

# മെത്രാന്മാർക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തിൽ മൂന്ന് വനിതകൾക്ക് ഉന്നതസ്ഥാനം


വത്തിക്കാൻ സിറ്റി: മെത്രാന്മാർക്കു വേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം പുനഃസംഘടിപ്പിച്ച ഫ്രാൻസിസ് പാപ്പ ചരിത്രത്തിലാദ്യമായി മൂന്നു വനിതകളെയും അതിൽ അംഗങ്ങളാക്കി. ലത്തീൻ കത്തോലിക്കാസഭയിൽ മെത്രാന്മാരെ നിയമിക്കുന്നത് ഈ കാര്യാലയത്തിന്റെ ശിപാർശ പ്രകാരം പാപ്പയാണ്.

വത്തിക്കാൻ ഭരണകൂടത്തിന്റെ സെക്രട്ടറി ജനറൽ സിസ്റ്റർ റാഫായെല്ലാ പെത്രീനി, ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ പുത്രിമാർ എന്ന സന്യാസിനീസമൂഹത്തിന്റെ മുൻ മദർ ജനറൽ സിസ്റ്റർ ഇവോൺ റേങ്കോത്, കത്തോലിക്കാ വനിതാ സംഘടനകളുടെ ആഗോള സമിതി പ്രസിഡന്റും സെർവി ദോരാസ് എന്ന ഏകസ്ഥ സമൂഹാംഗവുമായ ഡോ. മരിയ ലിയാ സെർവീനോ എന്നിവരാണു വനിതാ അംഗങ്ങൾ. ഏതെങ്കിലും വത്തിക്കാൻ കാര്യാലയത്തിൽ അംഗമാകുന്ന ആദ്യ അല്മായ വനിതയാണു ഡോ. സെർവീ നോ. സിസ്റ്റർ പെത്രീനി വത്തിക്കാൻ ഭരണകൂടത്തിന്റെ തലപ്പത്തുള്ള രണ്ടാമത്തെ വ്യക്തിയാണ്. സിസ്റ്റർ റേങ്കോത് 2019 മുതൽ സന്യാസസമൂഹങ്ങൾക്കു വേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തിൽ അംഗമാണ്. ഡോ. സെർവീനോ മതാന്തര സംഭാഷണത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിലെ അംഗമായും പ്രവർത്തിക്കുന്നുണ്ട്.

പുനഃസംഘടിപ്പിച്ച കാര്യാലയത്തിൽ 14 അംഗങ്ങളുണ്ട്. ഇവരിൽ അഞ്ചു കർദിനാൾമാരും മൂന്നു നിയുക്ത കർദിനാൾമാരും ഒരു മെത്രാപ്പോലീത്തായും ഒരു മെത്രാനും ഒരു സന്യാസ വൈദികനുമാണ് ഈ മൂന്നു വനിതകളെക്കൂടാതെ ഉള്ളത്

# ഫാ. പോൾ സണ്ണിയുടെ പുസ്തകം പ്രകാശനം ചെയ്തു

ഫാ. പോൾസണ്ണിയുടെ സ്രാവിന്റെ ചിറകുള്ള പെണ്ണ് കവിത സമാഹാരം പ്രശസ്ത നോവലിസ്റ്റ് വിനു എബ്രഹാം പ്രകാശനം ചെയ്തു. വൈക്കം മൗലവി ഹാളിൽ വച്ച് നടന്ന പരിപാടിയിൽ പുസ്തകത്തിന്റെ ആദ്യ കോപ്പി ഫാ. പോൾ സണ്ണിയുടെ അമ്മ ഏറ്റുവാങ്ങി. ആശയപരമായ പൊലിമകൾ കൊണ്ട് ആകർഷിക്കുന്ന ഉപ്പിന്റെ മണമുള്ള കവിതകളാണിതെന്ന് പുസ്തക പ്രകാശനം നിർവഹിച്ചുകൊണ്ട് കഥാകൃത്ത് വിനു എബ്രഹാം പറഞ്ഞു. പുസ്തക ചർച്ചയിൽ ഡി അനിൽകുമാർ(കവി), ബർഗ്മാൻ തോമസ്(നോവലിസ്റ്റ്), പ്രശസ്ത പത്രപ്രവർത്തക മിനി മോഹൻ(ഫ്രീലാൻസ്), ഡി.യേശുദാസ്(കവി), എന്നി




വർ തീരദേശ എഴുത്തിന്റെ പുതു ഭാവുകങ്ങളെ കവി മെനഞ്ഞെടുത്തുവെന്ന് വിലയിരുത്തി. . സമാഹാരത്തിലെ ചില കവിതകൾ കവികളായ ഷൈജു അലക്സ്, മഗ്ദലിൻ സേവിയർ, അശോക് സണ്ണി എന്നിവർ വായിച്ചു. സ്ക്യൂബ ഡൈവിംഗ് അനുഭവങ്ങൾ സാജു യോഹന്നാൻ(ഓഷ്യനട്ട് അഡ്വഞ്ചേഴ്സ്), അജിത് ശംഖുമുഖം(നാടും രുചിയും ബ്ലോഗർ) എന്നിവർ പങ്കുവച്ചു. സീരിയൽ ആർട്ടിസ്റ്റ് റിതു മേരി വർഗീസ്,ശ്രീമതി ഷീജ ഇഗ്നേഷ്യസ് എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു. മാതൃഭൂമി ബുക്സ് ആണ് പുസ്തകം പ്രസിദ്ധീകരിച്ചത്.

# ഒന്നാം വരവല്ല രണ്ടാംവരവ്

**ആണ്ടുവട്ടം 19-ാം ഞായർ (ആഗസ്റ്റ് 7)** ജ്ഞാനം. 8:6-9. ഹെബ്രാ.11:1-2, 8-19. ലൂക്ക. 12:32-48

**ഫാ. വർഗീസ് ജോസഫ്**

ഒന്നാം വരവിൽ മനുഷ്യപുത്രന്റെ എളിമയുടെയും ദാസന്റെയും രൂപം സ്വീകരിച്ച് നിസ്സഹായനായി വന്നുവെങ്കിൽ രണ്ടാംവരവ് പ്രതാപവാനായുള്ള വരവായിരിക്കും. വിധിക്കാനും വേർതിരിക്കാനും വരുന്ന രക്ഷകൻ, മനുഷ്യൻ ചെയ്തതിനും ചെയ്യാൻ മറന്നതിനും കണക്കുചോദിക്കും തീർച്ച! ആ വരവിനുവേണ്ടിയുള്ള ശ്രദ്ധയോടുള്ള ഒരുക്കമാണ് സുവിശേഷത്തിലെ ക്രിസ്തുവിന്റെ മൊഴികൾ.

ചെറിയ അജഗണമേ, ഭയപ്പെടേണ്ട (ലൂക്ക. 12:32). ഇസ്രായേൽ ജനതയെ വഴിനടത്തിയ ദൈവം ആദിമസഭയിലെ ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്ത വാക്കാണ് 'ഭയപ്പെടേണ്ട' ഈ വാക്കിന് ധൈര്യമായിരിക്കുവിൻ എന്നുകൂടി അർത്ഥമുണ്ട്. രണ്ടാംവരവിന് വേണ്ടി ധൈര്യത്തോടെ കാത്തിരിക്കുവിൻ. ഈ കാത്തിരിപ്പ് സ്വർഗരാജ്യത്തിനുവേണ്ടിയാണ്. തുടർന്ന് ക്രിസ്തുനാഥൻ ആ മഹത്വമേറിയ സ്വർഗരാജ്യം സ്വന്തമാക്കാനുള്ള കുറുക്കുവഴികളാണ് പറഞ്ഞുതരുന്നത്.

ഇന്ന് നമുക്ക് ആവശ്യം സ്വർഗത്തെ നോക്കിയുള്ള ജീവിതമാണ്. ഇതിനപ്പുറത്തേക്കുള്ള ഒരു ജീവിതത്തെ അല്പം പോലും ഗൗരവത്തോടെ നാം കാണാതെ പോകുന്നുവെന്നതാണ് ഈ ലോകത്തിലെ ഏറ്റവും വലിയ പരാജയം. ശരീരത്തിൽ തുടങ്ങി ശരീത്തിൽ തീരാനുള്ളതല്ല ജീവിതം.

ഒന്നാമതായി, നിങ്ങളുടെ സമ്പത്തുവിറ്റ് ദാനം ചെയ്യുവിൻ (ലൂക്കാ. 12:33). ലൂക്കാ സുവിശേഷകനും അപ്പസ്തോല പ്രവർത്തനങ്ങളിലും നിരവധി തവണ ദാനം ചെയ്യുന്നതിന്റെ മഹത്വം വെളിപ്പെടുത്തുന്നുണ്ട് (ലൂക്കാ. 3:10-11, 6:38); 10:33-35, 11.41; 19:8; അപ്പോ 6:4; 10:4; 11:29-30; 20:35). ആദിമസഭയിൽ ധനത്തോടും സമ്പാദ്യങ്ങളോടും വിശ്വാസികളുടെ മനോഭാവം ദാനം ചെയ്ത സന്തോഷം കണ്ടെത്താം എന്നത് തന്നെയായിരുന്നു (അപ്പോ. 2:44-46; 4.32-37). ഓർക്കുന്നു, നമ്മുടെ ദാനം എപ്പോഴാണോ നമുക്കൊരു ദാനമായി തീരുന്നത് അപ്പോഴാണ് അത് നമുക്കൊരു നഷ്ടമായി തീരുന്നത്. രണ്ടാമതായി, പഴകിപ്പോകാത്ത പണസഞ്ചി കരുതിവയ്ക്കുവിൻ (ലൂക്ക. 12:33). എല്ലാം ദാനമായി നൽകുന്നവന് എന്തിനാണ് പഴകിപോകാത്ത പണസഞ്ചി. അത് ക്രൈസ്തവ മൂല്യങ്ങളുടെ സമ്പാദ്യമാണ്. ഏറ്റവും വിലയുള്ളതും മൂല്യമുള്ളതുമായ ഒന്ന് അത് തന്നെയാണ്. മൂന്നാമതായി, ഒടുങ്ങാത്ത നിക്ഷേപം സ്വർഗത്തിൽ സംഭരിച്ചുവയ്ക്കുവിൻ (ലൂക്ക. 12:33). ഒരിക്കലും നശിക്കാത്ത, ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലാത്ത സമ്പാദ്യങ്ങളാകണം എന്നും കാത്തുസൂക്ഷിക്കേണ്ടത്. ചുരുക്കത്തിൽ രണ്ടാംവരവ് അനുദിന ജീവനുവേണ്ടിയുള്ള സമ്പാദ്യമാകരുത്. നിത്യജീവനുവേണ്ടിയുള്ള കരുതലായിരിക്കണം.

സ്വയം ഒരുങ്ങുവാനുള്ള തയ്യാറെടുപ്പിനുശേഷം കാത്തിരിപ്പാണ്. അരമുറുക്കിയും വിളക്കുകത്തിച്ചുമാണ് കാത്തിരിക്കേണ്ടത് (ലൂക്ക. 12:35). പെസഹാ ആചരണത്തിൽ തിടുക്കത്തിൽ ഭക്ഷണം കഴിക്കേണ്ട രീതിയാണിത് (പുറ. 12:11). രക്ഷകന്റെ വരവ് തിടുക്കത്തിലുള്ള വരവിന്റെ പ്രതീകമാണ്. വിളക്ക് നിരന്തരമായ ശ്രദ്ധയുടെ സൂചനയാണ്. ശ്രദ്ധയോടെ രണ്ടാംവരവിനെ കാത്തിരിക്കണം. ഈ കാത്തിരിപ്പിന്റെ സമയമോ കാലമോ ആർക്കും അറിയാനാകില്ല.

റോമൻ സമയക്രമമനുസരിച്ച് രണ്ടാം യാമം രാത്രി 9 മണിക്കും മൂന്നാംയാമം അതിരാവിലെ 3 മണിക്കും ആണ്. യഹൂദ സമയക്രമമനുസരിച്ച് രണ്ടാം യാമം രാത്രി 10 മണിക്കും മൂന്നാം യാമം രാവിലെ 6 മണിക്കും ആണ്. ആരും പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും രക്ഷകന്റെ വരവ് എന്ന സൂചനയാണിത്.

രണ്ടാംവായന കൃത്യമായി ദൈവത്തിന്റെ ഇടപെടൽ പഴയനിയമത്തിൽ ചിലരുടെ ജീവിതത്തിൽ എങ്ങനെ സംഭവിച്ചു എന്ന് ഹെബ്രായർക്ക് എഴുതിയലേഖനം സൂചിപ്പിക്കുന്നുണ്ട്.അപ്രതീക്ഷിതമായ സമയത്ത് വലിയ അത്ഭുതമെന്നോണം സാറയുടെ ജീവിതം. ഒന്നാം വായന മഹത്വമുള്ള ജീവിതത്തിനുവേണ്ടിയുള്ള ഒരുക്കമായി വെളിപ്പെടുത്തലിനെ ജ്ഞാനത്തിന്റെ പുസ്തകം അവതരിപ്പിക്കുന്നു.

ഇന്ന് നമുക്ക് ആവശ്യം സ്വർഗത്തെ നോക്കിയുള്ള ജീവിതമാണ്. ഇതിനപ്പുറത്തേക്കുള്ള ഒരു ജീവിതത്തെ അല്പം പോലും ഗൗരവത്തോടെ നാം കാണാതെ പോകുന്നുവെന്നതാണ് ഈ ലോകത്തിലെ ഏറ്റവും വലിയ പരാജയം. ശരീരത്തിൽ തുടങ്ങി ശരീരത്തിൽ തീരാനുള്ളതല്ല ജീവിതം. കുറച്ചുകൂടി ശ്രദ്ധയോടെ ജീവിക്കാം. കാരണം, ഒന്നാം വരവ് നിസ്സഹായനായ ക്രിസ്തുവിന്റെ വരവായിരുന്നുവെങ്കിൽ, രണ്ടാം വരവ് പ്രതാപവാനായ ക്രിസ്തുവിന്റേതായിരിക്കും തീർച്ച! ■

# സ്നേഹാഗ്നിയാൽ ജ്വലിക്കുന്ന ശിഷ്യരാകാം

**ആണ്ടുവട്ടം 20-ാം ഞായർ** (ആഗസ്റ്റ് 14) ജെറ. 38: 4-6, 8-10 ഹെബ്രാ. 12: 19-4, ലൂക്കാ. 12: 49-53

**ഫാ. ഡൈസൻ**

ആത്മീയ ശവങ്ങളായി മാറേണ്ടവരല്ല ക്രൈസ്തവർ; ക്രിസ്തുവിന്റെ സ്നേഹത്താൽ ഉത്തേജിപ്പിക്കപ്പെട്ട് ലോകത്തെ നന്മകൊണ്ട് നിറക്കുവാൻ ക്രിസ്തുവാകുന്ന മുന്തിരി വള്ളിയിലെ ഫലം ചൂടുന്ന ശാഖകളായി മാറേണ്ടവരാണ് ക്രൈസ്തവർ. ഒരു ക്രൈസ്തവന്റെ നിക്ഷേപം എപ്പോഴും ക്രിസ്തുവിലായിരിക്കണം. അല്ലാത്തപക്ഷം അവന്റെ ഹൃദയം സമ്പത്തിന്റെയും അഹന്തയുടെയും പൊങ്ങച്ചത്തിന്റെയും ചങ്ങലയിലായി പോകും. ഈ ചങ്ങല പൊട്ടിക്കുവാൻ ക്രിസ്തുവിന്റെ സ്നേഹാഗ്നികൊണ്ട് ജ്വലിക്കണം. മറ്റുള്ളവരുടെ നന്മക്കായി ക്രിസ്തു സ്നേഹത്തിന്റെ സഹനസ്നാനം സ്വീകരിക്കണം. അതിലൂടെ ക്രിസ്തുവിനെ സ്വന്തമാക്കുകയും മറ്റുള്ളവരെ ക്രിസ്തുവിനു സ്വന്തമാക്കുകയും ചെയ്യണം.

ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നവർ ഇന്ന് യേശു സ്വീകരിച്ച സ്നാനം സ്വീകരിക്കുന്നു. അങ്ങനെ അവർ യഥാർത്ഥ സമാധാനം കൊണ്ടുവരുന്നു. ഇങ്ങനെയുള്ളവരെ തിന്മയുടെ ശക്തി സദാ ആക്രമിച്ചുകൊണ്ടിരിക്കും.

സുവിശേഷത്തിൽ എല്ലാവരെയും അതിശയിപ്പിക്കുന്ന, അമ്പരപ്പിക്കുന്ന മൂന്നാശയങ്ങൾ പ്രതിപാദിക്കപ്പെടുന്നു. ഒന്നാമതായി യേശു ഈ ഭൂമിയിൽ വന്നത് തീ ഇടുവാനാണ്; മാത്രമല്ല, അത് കത്തി ജ്വലിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു. രണ്ടാമതായി ജ്ഞാനസ്നാനം സ്വീകരിച്ച യേശു വീണ്ടുമൊരു ജ്ഞാനസ്നാനം സ്വീകരിക്കുവാൻ ഒരുങ്ങുന്നു. മൂന്നാമതായി സമാധാനത്തിന്റെ രാജാവ് സമാധാനം നല്കുന്നതിനു പകരം ഭിന്നത ഉളവാക്കുന്നു. ഈ മൂന്നു ആശയങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കാരണം പീഢാസഹനവും കുരിശുമരണവുമാകുന്ന ജ്ഞാനസ്നാനം യേശു സ്വീകരിച്ചാലേ പരിശുദ്ധാത്മാവാകുന്ന അഗ്നി ഈ ലോകത്ത് വരികയുള്ളൂ. ഈ അഗ്നിയെ സ്വീകരിച്ച് യേശുവിനെ അനുധാവനം ചെയ്യാത്തവർ ഒരു വീട്ടിലുണ്ടെങ്കിൽ അവരിൽ ഭിന്നതയുണ്ടാകുന്നു. അങ്ങനെ സമാധാനം നിലനിന്ന കുടുംബത്തിൽ യേശുവിനെ സ്വീകരിക്കുന്നതു കാരണം പിളർപ്പുണ്ടാകുന്നു. അങ്ങനെ ഈ മൂന്നാശയങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

## 1) സ്നേഹം കൊണ്ട് ലോകത്തെ ജ്വലിപ്പിക്കുന്ന ശിഷ്യരാകാം

ആവിലായിലെ വി.തെരാസായുടെ സുഹൃത്തും സഹായിയുമായ സിസ്റ്റർ അന്തക്ക് താങ്ങാനാവാത്ത ഗൗരവമേറിയ ഉത്തരവാദിത്വങ്ങൾ ലഭിച്ചപ്പോൾ അവൾ പകച്ചു നിന്നു. അവൾ ദൈവത്തോട് ഇങ്ങനെ പ്രാർത്ഥിച്ചു. ദൈവമേ ഞാൻ ബലമില്ലാത്ത വെറുമൊരു വൈക്കോൽ കൊടി മാത്രമാണ്. ഭാരിച്ച ഉത്തരവാദിത്വത്താൽ വീണ് ചതഞ്ഞു പോകും. ദൈവം അവളോട് ഇങ്ങനെ മന്ത്രിച്ചു. നീ വൈക്കോൽ കൊടിയായിരിക്കാം. എന്നാൽ നീയാകുന്ന വൈക്കോൽ കൊടി കൊണ്ടാണ് ഞാൻ എന്റെ സ്നേഹത്തിന്റെ അഗ്നിയാൽ ഈ

ലോകത്തെ ജ്വലിപ്പിക്കാൻ പോകുന്നത്. ദൈവം സ്നേഹമാണ്. സ്നേഹത്തിന്റെ ആത്മാവ് ദൈവത്തിന്റെ ആത്മാവാണ്. യേശു ഈ ലോകത്തിൽ ഇടുവാൻ വന്ന അഗ്നി സ്നേഹത്തിന്റെ പരിശുദ്ധാത്മാവാണ്.

ദൈവത്തിന്റെ തന്നെ ആത്മാവായ പരിശുദ്ധാരൂപി ഈ ലോകത്തിലേക്ക്വന്നപ്പോൾ ഈ ലോകം ആത്മാവിന്റെ പ്രവർത്തനത്താൽ ആളിക്കത്തുവാൻ തുടങ്ങി. ശിഷ്യന്മാരെല്ലാം ലോകത്തിന്റെ അതിർത്തികൾവരെ ആത്മാവിന്റെ നിറവിൽനിന്ന് അടർന്നുവീണ ദൈവസ്നേഹത്തിന്റെ വചനങ്ങൾകൊണ്ട് നിറച്ചു. അങ്ങനെ യേശു ആഗ്രഹിച്ച രീതിയിൽ പരിശുദ്ധാരൂപിയാകുന്ന തീ ഈ ലോകം മുഴുവനും കത്തിജ്വലിച്ചുനില്ക്കുന്നു. അതുകൊണ്ട് ഒരു ക്രിസ്തു ശിഷ്യൻ എപ്പോഴും ദൈവസ്നേഹത്തിന്റെ അരൂപിയാൽ ജ്വലിച്ചുനില്ക്കണം. ഇവിടെ ആർഷഭാരതത്തിന്റെ ഇതിഹാസ രചയിതാവായ വേദവ്യാസന്റെ വാക്കുകൾ ശ്രദ്ധേയം. ജീവിക്കുന്നെങ്കിൽ അത് ജ്വലിക്കുന്ന തീപ്പന്തം പോലെയാകണം. ഓരോ ക്രിസ്തു ശിഷ്യനും ദൈവാത്മാവാകുന്ന സ്നേഹാഗ്നിയാൽ നിറയുമ്പോൾ ഈ ലോകം നവീകരിക്കപ്പെടും.

## 2. ലോകത്തിന്റെ നന്മയ്ക്കായി സഹനസ്നാനം സ്വീകരിക്കാം

ജ്ഞാനസ്നാനം സ്വീകരിച്ച യേശുവിന് വീണ്ടുമൊരു ജ്ഞാനസ്നാനത്തിന്റെ ആവശ്യമുണ്ടോ? പരിശുദ്ധാരൂപിയെ ഈ ലോകത്തിലേക്ക്കൊണ്ടുവരണമെങ്കിൽ സഹനത്തിന്റെ (മരണത്തിന്റെ) വീണ്ടുമൊരു സ്നാനം യേശുവിന് ചെയ്യേണ്ടിയിരുന്നു. അത് ചെയ്യാത്ത പക്ഷം സഹായകൻ (പരിശുദ്ധാത്മാവ്) ഈ ലോകത്ത് വരികയില്ല. ഈ സ്നാനത്തെക്കുറിച്ച് യേശുനാഥൻ മർക്കോസിന്റെ സുവിശേഷത്തിൽ പറയുന്നു: ഞാൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയുമോ? (മർ 10:39). ഈ സ്നാനം സ്വീകരിക്കാൻ ശിഷ്യന്മാർക്ക് കഴിയണം.

സഹനത്തിന്റെ ജ്ഞാനസ്നാനം സ്വീകരിക്കുന്നവന് വലിയ കരുത്ത് ലഭിക്കും. സഹനത്തിന്റെ പുഴയിൽ സ്നാനം ചെയ്ത് എഴുന്നേല്ക്കുന്നവന്റെ ശക്തി അപാരം തന്നെ. കഴുകൻ തന്റെ കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുന്നത് സഹനാനുഭവങ്ങളിലൂടെയാണ്. അതുകൊണ്ട് കഴുകന്റെ ചിറകുകൾക്ക് വലിയ കരുത്തുണ്ട്. ജീവിതത്തിലെ സഹനാനുഭവങ്ങളിലൂടെ കടന്നുപോയ മനുഷ്യന്റെ ചിറകുകൾക്ക് ശക്തി ഏറെയാണ്. മുന്തിരി കുലകൾ ചക്കിൽ അരയുമ്പോഴാണ് നല്ല വീഞ്ഞായി മാറുന്നത്. ഗോതമ്പ് ചതഞ്ഞരഞ്ഞാണ് അപ്പമായി മാറുന്നത്. അമ്മയുടെ സഹനത്തിലൂടെയാണ് കുഞ്ഞ് ഈ ലോകം കാണുന്നത്. മറ്റുള്ളവർക്കായുള്ള സഹനം ഈ ലോകത്തെ നന്മയുടെ നികേതമാക്കി മാറ്റും.

സഹനത്തിന്റെ ജ്ഞാന സ്നാനം സ്വീകരിക്കുന്നവന് വലിയ കരുത്ത് ലഭിക്കും. സഹനത്തിന്റെ പുഴയിൽ സ്നാനം ചെയ്ത് എഴുന്നേല്ക്കുന്നവന്റെ ശക്തി അപാരം തന്നെ. കഴുകൻ തന്റെ കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുന്നത് സഹനാനുഭവങ്ങളിലൂടെയാണ്. അതുകൊണ്ട് കഴുകന്റെ ചിറകുകൾക്ക് വലിയ കരുത്തുണ്ട്. ജീവിതത്തിലെ സഹനാനുഭവങ്ങളിലൂടെ കടന്നുപോയ മനുഷ്യന്റെ ചിറകുകൾക്ക് ശക്തി ഏറെയാണ്. മുന്തിരി കുലകൾ ചക്കിൽ അരയുമ്പോഴാണ് നല്ല വീഞ്ഞായി മാറുന്നത്. ഗോതമ്പ് ചതഞ്ഞരഞ്ഞാണ് അപ്പമായി മാറുന്നത്.

## 3. ക്രിസ്തുവിന്റെ സുഹൃത്താകാം

സമാധാനത്തിന്റെ രാജാവ് സമാധാനം നല്കുന്നതിനു പകരം ഭിന്നത നല്കുവാൻ കാരണമെന്താണ്? യേശുനാഥൻ വീണ്ടുമൊരു ജ്ഞാനസ്നാനം സ്വീകരിക്കുക വഴി പരിശുദ്ധാരൂപിയെ ഈ ലോകത്തിലയച്ചു. ഈ ലോകത്തിൽ വന്ന പരിശുദ്ധാരൂപി യേശുവിൽ വിശ്വസിച്ചവരിൽ വളരെ തീക്ഷ്ണതയോടെ പ്രവർത്തിച്ചു. അവർ യേശുവിനുവേണ്ടി, അവന്റെ സുവിശേഷത്തിനുവേണ്ടി ജീവിച്ചു. തിരുസഭയുടെ ആരംഭകാലത്ത് ഒരു ഭവനത്തിൽതന്നെ ആത്മാവിന്റെ പ്രേരണയാൽ യേശുവിന്റെ സുവിശേഷത്തിൽ വിശ്വസിച്ചവരും വിശ്വസിക്കാത്തവരുമുണ്ടായിരുന്നു. യേശുവിൽ വിശ്വസിച്ചവരെ അന്നത്തെ ജനം കണ്ടത് വെറുപ്പോടെയായിരുന്നു. കാരണം ക്രൂശിതനായി അവഹേളിക്കപ്പെട്ട ഒരു കുറ്റവാളിയെ മരണശേഷവും അനുധാവനം ചെയ്യുന്നത് കുടുംബത്തിനും സമൂഹത്തിനും അപമാനകരമായി കരുതി; അതുകാരണം കുടുംബത്തിൽ വലിയ തർക്കവും ഭിന്നിപ്പുമുണ്ടായി. ഈ തർക്കവും ഭിന്നിപ്പുമുണ്ടാകുന്നത് യേശുവിന്റെ നാമത്തിലാണ്. അങ്ങനെ നീതിമാനും ദൈവഭക്തനുമായ ശിമയോന്റെ വാക്കുകൾ അന്വർത്ഥമായി: ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും (ലൂക്കാ 2:34).

എന്തുകൊണ്ട് ഒരാൾ ക്രൂശിതനായി കൊല്ലപ്പെട്ട യേശുവിനെ അനുധാവനം ചെയ്യുന്നുവെന്ന് സഭയുടെ ആരംഭകാലത്ത് ജനങ്ങൾക്കും ഭരണാധികാരികൾക്കും മനസ്സിലാക്കുവാൻ സാധിച്ചില്ല. അന്ത്യോക്യായിലെ രക്തസാക്ഷിണിയായ വി.മാർഗരറ്റ് എന്തിന് വിശ്വാസം സ്വീകരിച്ചുവെന്ന് അറിയാതെ ഗവർണ്ണർ ചോദിച്ചു. വെറും ഒരു മനുഷ്യനെ വല്ലവരും ദൈവ

മായി ആരാധിക്കുമോ? കുറ്റവാളിയായി കുരിശിൽ മരിച്ചവനെ വല്ലവരും ദൈവമായി ആരാധിക്കുമോ? കുറ്റവാളിയായി മരിച്ചവനെ ആരാധിക്കുക എത്രയോ വലിയ വിഡ്ഢിത്തമാണ്. യേശുവിനെ അനുധാവനം ചെയ്യുന്ന വ്യക്തിയെ കുടുംബാംഗങ്ങൾ വെറുക്കുന്നു. അതുകൊണ്ടുതന്നെ യേശു പറയുന്നു: പിതാവ് പുത്രനും പുത്രൻ പിതാവിനും എതിരായും അമ്മ മകൾക്കും മകൾ അമ്മയ്ക്കും എതിരായും അമ്മായിയമ്മ മരുമകൾക്കും മരുമകൾ അമ്മായിയമ്മയ്ക്കും എതിരായും ഭിന്നിക്കും (ലൂക്ക 12:53). ഈ ഭിന്നത നന്മയ്ക്കും തിന്മയ്ക്കുമിടയിലുള്ള ഭിന്നതയാണ്; പ്രകാശവും അന്ധകാരവും തമ്മിലുള്ള ഭിന്നതയാണ്. ഈ ഭിന്നതയെ വ്യാപകാർത്ഥത്തിൽ കാണുവാൻ റവ.ഡോ.മാത്യു വെള്ളാനിക്കൽ തന്റെ സുവിശേഷഭാഷ്യമെന്ന പുസ്തകത്തിൽ പറയുന്നു: തികച്ചും കേവലമായ ഒരു സമാധാനമല്ല ഈശോ ആഗ്രഹിക്കുന്നത്. ശ്മശാനത്തിൽ ചെല്ലുമ്പോൾ അവിടെ ഒരു ശ്മശാന നിശ്ശബ്ദത നമുക്കനുഭവപ്പെടും. പ്രവർത്തനരാഹിത്യത്തിൽ നിന്നുളവാകുന്ന ഒരു സമാധാനം അവിടെയുണ്ട്. അങ്ങനെയുള്ള കേവലമായ ഒരു സമാധാനമല്ല, പ്രത്യുത, പ്രവർത്തനോന്മുഖമായ ജീവിതത്തിൽ കൈവരുത്തുന്ന സമാധാനമാണ് യഥാർത്ഥ സമാധാനം. യേശു നല്കുന്ന സമാധാനം യഥാർത്ഥ സമാധാനമാണ്. അത് യേശുവിനു മാത്രമെ നല്കുവാൻ സാധിക്കുകയുള്ളൂ. കാരണം, യേശു സമാധാനത്തിന്റെ രാജാവാണ്.

ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നവർ ഇന്ന് യേശു സ്വീകരിച്ച സ്നാനം സ്വീകരിക്കുന്നു. അങ്ങനെ അവർ യഥാർത്ഥ സമാധാനം കൊണ്ടുവരുന്നു. ഇങ്ങനെയുള്ളവരെ തിന്മയുടെ ശക്തി സദാ ആക്രമിച്ചുകൊണ്ടിരിക്കും. പരിശുദ്ധാരൂപിയെ സ്വീകരിച്ച് യേശുവിനെ അനുധാവനം ചെയ്ത എൽസാവദോറിലെ ആർച്ച് ബിഷപ്പായിരുന്ന റൊമെയ്റോ സമാധാനത്തിനുവേണ്ടി നിന്നപ്പോൾ തിന്മയുടെ ശക്തി അദ്ദേഹത്തെ പരിശുദ്ധ കുർബാന മദ്ധ്യേ വെടിവച്ചുകൊന്നു. ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും സംജാതമാകുന്നതുവരെ നന്മയ്ക്കും തിന്മയ്ക്കുമിടയിലുള്ള ഭിന്നിപ്പ് നിലനില്ക്കും. ഈ ഭിന്നിപ്പ് ഇല്ലാതാക്കാൻ നമ്മുടെ ജീവിതം വഴി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ സമാധാന രാജനായ യേശുവിനെ നല്കാം. അതിനുവേണ്ടി വീണ്ടുമൊരു ജ്ഞാനസ്നാനത്തിനായി തയ്യാറായിരിക്കാം. ■

# രക്ഷയുടെ വാതിൽ

**ആണ്ടുവട്ടം 21 -ാം ഞായർ (ആഗസ്റ്റ് 21)** ഏശ. 66:18-21, ഹെബ്രാ. 12:5-7,11-13 ലൂക്കാ. 13:22-30

**ഫാ. ഡാർവിൻ ഫെർണാണ്ടസ്**

> ക്രൈസ്തവജീവിതം ഒരു മത്സരമാണ്. ഒരു ആത്മീയ മത്സരം. രക്ഷയിലേക്ക് നയിക്കുന്ന മത്സരം. ഈ മത്സരത്തിലെ വിജയി ഒരാളല്ല; മറിച്ച് അടയ്ക്കുന്നതിന് മുമ്പ് ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്നവരാണ്. അവിടെ മുമ്പന്മാർ പിമ്പന്മാരും, പിമ്പന്മാർ മുമ്പൻമാരുമാകും.

യേശു എന്ന വാക്കിനർത്ഥം രക്ഷകൻ എന്നാണല്ലോ. വാഗ്ദാനം ചെയ്ത രക്ഷകനെ നൽകുക മാത്രമല്ല, ആ പുത്രനിലൂടെ രക്ഷയുടെ മാർഗ്ഗം ലോകത്തിന് നൽകുകയാണ് പിതാവായ ദൈവം. ഇന്നത്തെ സുവിശേഷത്തിന്റെ കാതലായ സന്ദേശം തന്നെ നമ്മളെല്ലാവരും ഈ രക്ഷയിലേക്ക് പ്രവേശിക്കണമെന്നാണ്. അതെപ്രകാരമെന്ന് ഇന്നത്തെ സുവിശേഷത്തിലൂടെ നമുക്ക് ധ്യാനിക്കാം.

## 1. ജറുസലേമാണ് ലക്ഷ്യം

ജറുസലേം ലക്ഷ്യം വച്ചാണ് യേശു യാത്ര ചെയ്യുന്നതെന്ന് ലൂക്കാ സുവിശേഷകൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ജറുസലേം രക്ഷയുടെ അടയാളമാണ്. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു എന്ന മാലാഖയുടെ കീർത്തനവും (ലൂക്കാ 2:11), 'യേശു' എന്ന അവന്റെ നാമവും (ലൂക്കാ 1:31), എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നുവെന്ന പരി. കന്യകാമറിയത്തിന്റെ സ്തോത്രഗീതവും (ലൂക്കാ 1:47) സകല ജനങ്ങൾക്കുവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു എന്ന ശിമയോന്റെ സംതൃപ്തിയും (ലൂക്കാ 2:31) വിരൽ ചൂണ്ടുന്നത് ജറുസലേമിലെ പെസഹാ രഹസ്യത്തിലാണ്. തന്റെ ജീവൻ നൽകി രക്ഷിക്കാൻ വന്നവൻ, തന്റെ ജീവിതം കൊണ്ട് രക്ഷയിലേക്കുള്ള വഴി പഠിപ്പിക്കുകയായിരുന്നു. ഈ ജറുസലേമിലേക്കുള്ള യാത്ര - രക്ഷയിലേക്കുള്ള യാത്ര - എല്ലാവർക്കും പൂർത്തീകരിക്കാൻ സാധിക്കുമോ എന്നൊരു ചോദ്യം യേശു മുൻപിൽ വയ്ക്കുന്നു. ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്നവർക്ക് ഇത് സാധ്യമാണെന്ന് യേശു പഠിപ്പിക്കുന്നു.

## 2. ഇടുങ്ങിയ വാതിൽ

ഇടുങ്ങിയ വാതിലിനെക്കുറിച്ച് മാത്രം ലൂക്കായുടെ സുവിശേഷത്തിൽ പറയുമ്പോൾ, ഇടുങ്ങിയതും വിശാലവുമായ വാതിലുകളെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിൽ പ്രതിപാദിക്കുന്നു. വിശാലമായ വാതിൽ വിനാശത്തിലേക്കും,

ഇടുങ്ങിയ വാതിൽ ജീവനിലേക്കും (മത്താ. 7:14), രക്ഷയിലേക്കും (ലൂക്കാ 13:23-24) നയിക്കുന്നു. മത്തായിയുടെ സുവിശേഷത്തിൽ "നഗരകവാടം" എന്നർത്ഥം വരുന്ന "പൂലെ" എന്ന ഗ്രീക്കുപദവും, ലൂക്കായുടെ സുവിശേഷത്തിൽ "വാതിൽ" എന്നർത്ഥം വരുന്ന "തൂറ" എന്ന ഗ്രീക്കുപദവും ഇതിനായി ഉപയോഗിച്ചിരിക്കുന്നു. സാധാരണയായി "നഗരവാതിലുകൾക്ക്" രണ്ടു കവാടങ്ങളുണ്ടാകും. എളുപ്പം പ്രവേശിക്കാവുന്ന വിശാലമായ വാതിലും, ഈ വാതിൽ അടയ്ക്കപ്പെടുമ്പോൾ ഒരാൾക്ക് മാത്രം പ്രവേശിക്കാവുന്ന ഇടുങ്ങിയ വാതിലും. രക്ഷ പ്രാപിക്കാൻ ഈ ചെറിയ വാതിലിലൂടെ പ്രവേശിക്കാൻ യേശു പഠിപ്പിക്കുന്നു. ജറുസലേം നഗരകവാടങ്ങൾ സുപരിചിതരായ യഹൂദർക്ക് യേശുവിന്റെ വാക്കുകൾ മനസിലാക്കാൻ സാധിച്ചിരുന്നിരിക്കും.

ലൂക്കായുടെ സുവിശേഷത്തിൽ ചെറിയ വാതിലിനെക്കുറിച്ച് മാത്രം പ്രതിപാദിക്കുമ്പോൾ, വിശാലമായ വാതിൽ മുൻകൂട്ടി അടച്ചിരിക്കാമെന്ന് നമുക്ക് അനുമാനിക്കാം. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് വിപരീതമായി ചെറിയ വാതിൽ അടയ്ക്കപ്പെടുമെന്നും ലൂക്കാ സുവിശേഷകൻ എടുത്തു പറയുന്നു. ഈ വാതിൽ അടയ്ക്കപ്പെടുന്നതിന് മുമ്പ് രക്ഷയിലേക്ക് നയിക്കുന്ന ഈ വാതിലിലൂടെ പ്രവേശിക്കണമോ വേണ്ടയോയെന്ന്? ഓരോരുത്തരും വ്യക്തിപരമായ തീരുമാനമെടുക്കേണ്ടതുണ്ട്. ഈ തീരുമാനം നമ്മെ നയിക്കേണ്ടത് ഒരു തീവ്രപരിശ്രമത്തിലേക്കാണ്.

### 3. തീവ്രപരിശ്രമം അഥവാ തീവ്രയത്നം

"രക്ഷ നൽകുന്ന വാതിലിൽ പ്രവേശിക്കാൻ പരിശ്രമിക്കുവിൻ" എന്ന പി.ഒ.സി. ബൈബിൾ പരിഭാഷയിൽ "പരിശ്രമിക്കുവിൻ" എന്ന പദത്തിന് പകരം "തീവ്രപരിശ്രമം അഥവാ തീവ്രയത്നം" എന്നപദമായിരിക്കണം ഉചിതം. ഗ്രീക്കു ബൈബിളിൽ ഇതുനുപയോഗിക്കുന്ന പദം "ആഗോൻ" എന്ന നാമമാണ്. ഇതിനർത്ഥം "പൊതു മത്സരങ്ങൾ" എന്നാണ്. ഒരു കായികാഭ്യാസി താൻ പങ്കെടുക്കുന്ന മത്സരത്തിൽ വിജയിക്കുവാൻ തന്റെ എല്ലാ ഞരമ്പുകളെയും പേശികളെയും തീവ്രമായ പ്രയത്നത്തോടെ, ഒരുപോലെ ചലിപ്പിച്ച് വിജയത്തിലെത്താൻ നടത്തുന്ന പ്രയത്നത്തെ ഈ പദത്തിന്റെ ക്രിയാ രൂപം അർത്ഥമാക്കുന്നു. ഗ്രീക്കുചിന്തയിൽ, ആസക്തികൾക്കെതിരെയുള്ള പുണ്യങ്ങളുടെ പരിശ്രമമായിട്ടാണ് ഈ പദം ഉപയോഗിച്ചിരുന്നത്. യഹൂദമതത്തിൽ കർത്താവിന്റെ മാർഗ്ഗത്തിൽ ചരിക്കുന്ന വ്യക്തിയെയും കർത്താവിന്റെ നിയമത്തിൽ ജീവിക്കുന്നതിന് വേണ്ടിയുള്ള സഹനത്തെയും, സാത്താനെതിരെയും പൈശാചിക തിന്മകൾക്കെതിരെയുള്ള നിരന്തര പോരാട്ടത്തെയും സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചിരുന്നു.

ലൂക്കാ സുവിശേഷകൻ ഈ പദം ഇവിടെ ഉപയോഗിക്കുമ്പോൾ ഓർമ്മിപ്പിക്കുന്നത് രക്ഷയിലേക്ക് നയിക്കുന്ന ഇടുങ്ങിയ വാതിലിൽ പ്രവേശിക്കാൻ ഒരു കായികാഭ്യാസിയെപ്പോലെ ഓരോ ക്രിസ്ത്യാനിയും അദ്ധ്വാനിക്കണമെന്നാണ്. തന്റെ ചിന്തകളെയും, പ്രവൃത്തികളെയും, വിശുദ്ധിയിൽ ഉത്തേജിപ്പിച്ച് തീവ്രമായ ആഗ്രഹത്തോടും പരിശ്രമത്തോടും സാത്താനെതിരെയും അവന്റെ പാപാസക്തികൾക്കെതിരെയും പോരാടാനും വിജയിക്കുവാനും രക്ഷയുടെ വാതിൽ അടയ്ക്കപ്പെടും മുൻപ് പ്രവേശിക്കാനും പരിശ്രമിക്കണമെന്നുമാണ്.

ക്രൈസ്തവജീവിതം ഒരു മത്സരമാണ്. ഒരു ആത്മീയ മത്സരം. രക്ഷയിലേക്ക് നയിക്കുന്ന മത്സരം. ഈ മത്സരത്തിലെ വിജയി ഒരാളല്ല; മറിച്ച് അടയ്ക്കുന്നതിന് മുമ്പ് ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്നവരാണ്. അവിടെ മുമ്പന്മാർ പിമ്പന്മാരും, പിമ്പന്മാർ മുമ്പൻമാരുമാകും. ഈ ലോകജീവിതത്തിൽ വിശ്വാസത്തിന്റെ പോരാട്ടം നടത്തുകയും നിത്യജീവനെ മുറുകെ പിടിക്കുകയും (1 തിമോ. 6:12), സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുകയും (ലൂക്കാ 7:22) അനശ്വരമായ കിരീടത്തിന് വേണ്ടി ആത്മനിയന്ത്രണം പാലിച്ചും (1 കൊറി. 9:25) മുന്നേറുമ്പോൾ കുഞ്ഞാടിന്റെ രക്ഷയുടെ വിരുന്നിൽ പങ്കുകൊള്ളാൻ ദൈവരാജ്യത്തിന്റെ വാതിലുകൾ നമ്മുടെ മുമ്പിൽ തുറന്നു തന്നെ കിടക്കും. കിഴക്കുനിന്നും, പടിഞ്ഞാറുനിന്നും, തെക്കുനിന്നും, വടക്കുനിന്നും ജനങ്ങൾ വരുമെന്നും തിരുവചനം ഓർമ്മിപ്പിക്കുമ്പോൾ അവിടെ ജാതി, മതഭേദമന്യേ ക്രിസ്തുവിനെ അറിയുന്നവന്, അനുഭവിക്കുന്നവന്, (അവനാണല്ലോ യഥാർത്ഥ ക്രിസ്ത്യാനി) രക്ഷയുടെ വാതിൽ തുറക്കപ്പെടും. അവിടെ പേരിന് മാത്രം ക്രിസ്ത്യാനിയായി ജീവിക്കുന്നവന് അവന്റെ പ്രത്യേക ആനുകൂല്യം നഷ്ടപ്പെടും. കാരണം, പേരിന് മാത്രം ക്രിസ്ത്യാനിയായി ജീവിക്കുന്നവർ ക്രിസ്തുവിന്റെ കൂടെയുണ്ടായിട്ടും (ലൂക്കാ 11:26) അവനെ അറിയാതെ പോയവരാണ്. അവനെ അറിയാനും, അനുഭവിക്കാനും സ്വന്തമായി ആഗ്രഹിക്കാത്തവരുമാണ്. അങ്ങനെയുള്ളവരുടെ മുമ്പിൽ രക്ഷയുടെ വാതിൽ അടയ്ക്കപ്പെടുകതന്നെ ചെയ്യും. ■

# ആദരവ് നേടിയെടുക്കേണ്ടതല്ല

**ആണ്ടുവട്ടം 22-ാം ഞായർ (ആഗസ്റ്റ് 28)** പ്രഭാ. 3:19-21, 30-31. ഹെബ്രാ. 12: 18-19, 22-24. ലൂക്കാ. 14:1, 7-14

**ഫാ. ഡാർവിൻ**

ഒരു ഫരിസേയ പ്രമുഖന്റെ വീട്ടിൽ യേശു വിരുന്നിന് വരുന്നതും തദവസരത്തിൽ വിനയത്തെയും ആതിഥേയമനോഭാവത്തെയും സംബന്ധിക്കുന്ന അന്യാപദേശം യേശു തന്റെ ശ്രോതാക്കളോടു വിവരിക്കുന്നതാണ് ഈ ദിവസത്തെ സുവിശേഷഭാഗം. ഒരു ഫരിസേയ പ്രമുഖനാണ്

യേശുവിനെ വിരുന്നിന് ക്ഷണിക്കുന്നത്. സാബത്ത് ദിവസത്തെ സിനഗോഗ് പ്രാർഥനകൾക്കു നേതൃത്വം കൊടുക്കുന്നയാൾ പ്രാർഥനയ്ക്ക് പങ്കെടുക്കുന്നവരെ ഉച്ചഭക്ഷണത്തിനായി ക്ഷണിക്കുന്ന ഒരു പതിവ് അക്കാലത്ത് ഉണ്ടായിരുന്നു. യേശുവിനെ വിരുന്നിന് ക്ഷണിച്ച ഫരിസേയ പ്രമുഖനായിരുന്നിരിക്കണം അന്നത്തെ പ്രാർഥനയ്ക്ക് നേതൃത്വം നല്കിയതും വിരുന്ന് ഒരുക്കിയതും. വിരുന്നുകൾ അക്കാലത്ത്, സാമൂഹിക ആചാരങ്ങളുടെ ഭാഗമായിരുന്നു. വിരുന്നിനായി കടന്നുവരുന്ന പ്രമുഖരായവർ പ്രത്യേകിച്ച് പ്രവാചകന്മാർ, ഗുരുക്കന്മാർ എന്നിവരുടെ സാന്നിധ്യം ഭക്ഷണവേളയിൽ ചർച്ചകൾക്ക് വഴി തുറക്കുമായിരുന്നു. ഗൗരവ സ്വഭാവമുള്ള വിഷയങ്ങളും സർവ്വസാധാരണ സംഭവങ്ങളും വിരുന്നുകൾക്കിടയുള്ള ചർച്ചകൾക്ക് വിഷയീഭവിക്കാറുണ്ട്. ഇപ്രകാരമൊരു പശ്ചാത്തലത്തിലാണ് യേശു വിരുന്നിനിരിക്കുന്നത്.

വിരുന്നിന് ഇരിക്കുന്ന യേശു പ്രമുഖസ്ഥാനങ്ങളുടെ ലഭ്യതയ്ക്കായി സ്വാർഥ മോഹത്തോടെ മത്സരിക്കുന്ന അതിഥികളുടെ വ്യഗ്രതയെ കാണുന്നു. അതിഥികളുടെ സ്വാർഥ മോഹം പിന്നീട് അപമാനത്തിന് ഇടയാക്കുമെന്ന് യേശു അവരെ സുഭാഷിതങ്ങളുടെ പുസ്തകത്തിലെ ആശയം സ്വീകരിച്ച് മുന്നറിയിപ്പ് നല്കുന്നു. സുഭാഷിതത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "രാജസന്നിധിയിൽ മുൻനിരയിൽ കയറിനിൽക്കുകയോ സമുന്നതരോടൊപ്പം സ്ഥാനം പിടിക്കു കയോ അരുത്. എന്തെന്നാൽ, രാജസന്നിധിയിൽവച്ച് പിറകോട്ടു മാറ്റിനിർത്തപ്പെടുന്നതിനെക്കാൾ അഭികാമ്യം മുൻപോട്ടു കയറിവരുക എന്ന് ക്ഷണിക്കപ്പെടുന്നതാണ്" (സുഭാ 25:6-7). അവസാനത്തെ പീഠങ്ങൾ സ്വയം തിരഞ്ഞെടുക്കുന്നവരെ ആതിഥേയൻ മുഖ്യപീഠങ്ങളിലേക്ക് നയിച്ച് ബഹുമാനിക്കുകയും ചെയ്യും. ആദരവ് നേടിയെടുക്കേണ്ടതല്ല. മറിച്ച്, നല്കപ്പെടേണ്ടതാണ് എന്ന മഹത്തായൊരർഥം യേശുവിന്റെ ഈ അന്യാപദേശത്തിൽ അടങ്ങിയിരിക്കുന്നു. ഈ ഉപദേശത്തിൽ അർഥവത്തായ ഒരു ആത്മീയ മർമ്മം കൂടി അടങ്ങിയിട്ടുണ്ട്: ആതിഥേയനാൽ മുന്നോട്ട് ആനയിക്കപ്പെടുന്ന ആദരണിയരായ അതിഥികളെ ദൈവവും ആദരിച്ചനുഗ്രഹിക്കും. മറ്റ് വാക്കുകളിൽ പറഞ്ഞാൽ ദൈവം അഹങ്കാരികളുടെ ഗർവ്വ് ഇല്ലാതാക്കുകയും വിനീതരെ ബഹുമാനിച്ചുയർത്തുകയും ചെയ്യും (14:11).

ക്ഷണിക്കപ്പെട്ട അതിഥികളോടു സംവേദിച്ചതിന് ശേഷം യേശു തന്റെ ശ്രദ്ധ ആതിഥേയനുനേരെ തിരിക്കുന്നു. പ്രമുഖരായവരെ വിരുന്നിന് ക്ഷണിച്ച് മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുവാൻ ആതിഥേയൻ വ്യാപൃതനാകുന്നു. എന്നാൽ സാധാരണയായി വിരുന്നിന് ക്ഷണിക്കപ്പെടുന്ന നാല് വിഭാഗം ആളുകളെ - സ്നേഹിതർ, സഹോദരർ, ബന്ധുക്കൾ, ധനികരായ അയൽക്കാർ - ഒഴിവാക്കുവാൻ ആതിഥേയനോടു ആവശ്യപ്പെടുന്നു. ആ സ്ഥാനത്ത് സമൂഹത്തിൽ പരിഗണന ലഭിക്കാത്ത, പഴയ നിയമം പുരോഹിത വൃത്തി വിലക്കു കല്പിച്ച (ലേവ്യർ 21:17-23), നാല് വിഭാഗം ആളുകളെ - ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ - വിരുന്നിന് ക്ഷണിക്കുവാൻ യേശു ആതിഥേയനോടു ആഹ്വാനം ചെയ്യുന്നു. വിരുന്നുകളിൽ ക്ഷണിക്കപ്പെടാത്ത പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ക്ഷണിക്കുവാനുള്ള യേശുവിന്റെ ആഹ്വാനം വിരുന്നിന്റെ നിർവ്വചനത്തെ വിപ്ലവാത്മകമാക്കുന്നു. പകരം നല്കുവാൻ ഒന്നുമില്ലാത്ത ഇവരെ വിഭവസമൃദ്ധമായ ഭക്ഷണത്തിന് അവകാശികളാക്കുന്നതാണ് യേശു നല്കുന്ന പ്രബോധനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റപ്പെടുമ്പോഴാണ് ആതിഥേയൻ സൗഭാഗ്യവാനാകുന്നത് (14:14).


അഹം എന്ന ഭാവമാണ് ഏതൊരു മനുഷ്യന്റെയും യഥാർഥ ശത്രു. അതവനെ ആപത്തിലേയ്ക്ക് നയിക്കുന്നു. മനുഷ്യൻ ബന്ധങ്ങളെ കോർത്തിണക്കുവാൻ ശ്രമിക്കുന്നത് കണക്ക് കൂട്ടലുകളുടെ സ്വർഥ ലാഭത്തിനുവേണ്ടിയാണ്. പകരം നല്കുവാൻ ഒന്നുമില്ലാത്ത ശൂന്യമായ കൈകളുള്ളവരെ ചേർത്ത് പിടിക്കുമ്പോഴാണ് വിരുന്നിന് അന്തസും മഹത്വവും അർഥവും ലഭിക്കുന്നത്. തന്മൂലം അന്യരുടെ ആവശ്യങ്ങൾ അറിഞ്ഞും അവരോടു താല്പര്യം കാട്ടിയുമുള്ള പുതിയ ഒരു ജീവിതത്തിന് നാം തുടക്കം കുറിക്കണം. ഇപ്രകാരം തുറവിയോടെ വിരുന്ന് നല്കുന്നവർക്ക് ലഭിക്കുന്ന പാരിതോഷികമാണ് ദൈവരാജ്യം. കിടമത്സര്യബുദ്ധിയോടെ ഉയരങ്ങൾ വെട്ടിപിടിക്കുന്നവരുടെ വീഴ്ചയുടെ ആക്കം വലുതായിരിക്കും.

അഹം എന്ന ഭാവമാണ് ഏതൊരു മനുഷ്യന്റെയും യഥാർഥ ശത്രു. അതവനെ ആപത്തിലേയ്ക്ക് നയിക്കുന്നു. മനുഷ്യൻ ബന്ധങ്ങളെ കോർത്തിണക്കുവാൻ ശ്രമിക്കുന്നത് കണക്ക് കൂട്ടലുകളോടെ സ്വാർഥ ലാഭത്തിനുവേണ്ടിയാണ്. പകരം നല്കുവാൻ ഒന്നുമില്ലാത്ത ശൂന്യമായ കൈകളുള്ളവരെ ചേർത്ത് പിടിക്കുമ്പോഴാണ് വിരുന്നിന് അന്തസും മഹത്വവും അർഥവും ലഭിക്കുന്നത്. തന്മൂലം അന്യരുടെ ആവശ്യങ്ങൾ അറിഞ്ഞും അവരോടു താല്പര്യം കാട്ടിയുമുള്ള പുതിയ ഒരു ജീവിതത്തിന് നാം തുടക്കം കുറിക്കണം. ഇപ്രകാരം തുറവിയോടെ വിരുന്ന് നല്കുന്നവർക്ക് ലഭിക്കുന്ന പാരിതോഷികമാണ് ദൈവരാജ്യം. മാത്സര്യബുദ്ധിയോടെ ഉയരങ്ങൾ വെട്ടിപിടിക്കുന്നവരുടെ വീഴ്ചയുടെ ആക്കം വലുതായിരിക്കും.

അഹം എന്ന ഭാവമാണ് ഏതൊരു മനുഷ്യന്റെയും യഥാർഥ ശത്രു. അതവനെ ആപത്തിലേയ്ക്ക് നയിക്കുന്നു. മനുഷ്യൻ ബന്ധങ്ങളെ കോർത്തിണക്കുവാൻ ശ്രമിക്കുന്നത് കണക്ക് കൂട്ടലുകളുടെ സ്വർഥ ലാഭത്തിനുവേണ്ടിയാണ്. പകരം നല്കുവാൻ ഒന്നുമില്ലാത്ത ശൂന്യമായ കൈകളുള്ളവരെ ചേർത്ത് പിടിക്കുമ്പോഴാണ് വിരുന്നിന് അന്തസും മഹത്വവും അർഥവും ലഭിക്കുന്നത്.

വചനജ്വാല

2022 ആഗസ്റ്റ് മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# അജപാലകരും അജഗണങ്ങളും

ഫാ. നിക്കോളാസ്

**ആമുഖം**

ആഗസ്റ്റ് മാസം 4-ാം തീയതി ആഗോള കത്തോലിക്കാ സഭ വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുകയാണല്ലോ. ഈ അവസരത്തിൽ നമ്മുടെ ഇടവകയിലും രൂപതയിലും ലോകം മുഴുവനിലും അജപാലന ദൗത്യത്തിലായിരിക്കുന്ന എല്ലാ വൈദികരെയും ഇന്നത്തെ കുടുംബ കൂട്ടായ്മയിൽ നമുക്ക് നന്ദിയോടെ സ്മരിക്കാം.

ഇസ്രായേൽക്കാർക്ക് അജപാലകൻ ദൈവമാണ്. ദൈവം ഇടയനാണ്. മനസ്സിനിണങ്ങിയ ഇടയന്മാരെയാണ് ദൈ

വം അജഗണത്തെ മേയ്ക്കാനായി ന ല്കുന്നത്. അങ്ങനെ നല്കുന്ന ആ ദ്യത്തെ ഇടയനാണ് ദാവീദ് രാജാവ് (എസെ:34:23). ഈ ഇടയ ദർശനം ഏറെ കൃത്യമായും ഭംഗിയായും അ വതരിപ്പിക്കുന്നത് എസെക്കിയേൽ പ്രവാചകനാണ്. ഈ പ്രവാചക മു ഖം ജീവിച്ചതും പ്രാവർത്തികമാക്കി യതും യേശുവാകുന്ന നല്ലിടയനാണ്. ആടുകൾക്കുവേണ്ടി ജീവൻ സമർപ്പി ച്ചുകൊണ്ടാണ് യേശു ഈ ദൗത്യം നിർവ്വഹിച്ചത് (യോഹ:10:11, 14-15). അ ങ്ങനെ അജഗണത്തിനു ശുശ്രൂഷ ചെ യ്യുകയും അവയ്ക്കായി യേശു ജീ വിതം മോചനദ്രവ്യമായി നല്കുക യും ചെയ്തു (യോഹ:15:13; മർ ക്കോ:10:45).

യുദ്ധക്കളത്തിലെ ആശുപത്രിയാ ണ് സഭ. മുറിവേറ്റവരുടെ മുറിവുകൾ വെച്ചുകെട്ടുകയാണ് ആദ്യം വേണ്ട തെന്ന് മഹാ ഇടയനായ ഫ്രാൻസി സ് പാപ്പ ഓർമ്മിപ്പിക്കുന്നു. ഒരുമിച്ചു ള്ള യാത്രയിലാണ് സഭ. സത്യത്തി ന്റെ ആത്മാവ് സഭകളോട് പറയുന്ന ത് കേൾക്കാൻ കാതോർക്കണം. പ ങ്കാളിത്തം ഉറപ്പാക്കണം. കാരണം, പ്രേഷിത പ്രവർത്തനം എല്ലാവരുടെ യും കടമയും ഉത്തരവാദിത്തവുമാ ണ്. തീർത്ഥാടക സഭ ദൂരം പോക ണം. അതിനായി ഒരുമിച്ച് പോകണം. ഒരുമിച്ചുപോകൽ സാവധാനമേ നട ക്കൂ. കാരണം, ഈ ദൂരം വിളുമ്പിൽ കിടക്കുന്നവരെയും കൂട്ടിയുള്ള യാത്ര യാണ്.

**വചന ഗീതി**

**ദൈവ വചന പാരായണം:-**

**യോഹ. 15:1-5**

**വചന വിചിന്തനം**

അജഗണങ്ങളും ഇടയനും തമ്മിലുള്ള ബന്ധം ഊഷ്മളവും സൗമ്യവും, സൗകുമാര്യവും, ഹൃദ്യ വുമാണ്. ഈ ബന്ധത്തിനാവശ്യം ദൈവത്തിലുള്ള വാസമാണ്. ദൈവ ത്തോടൊപ്പമായിരിക്കുമ്പോൾ ധാരാ ളം ഫലം പുറപ്പെടുവിക്കുന്ന ബന്ധം. ദൈവത്തോടൊപ്പമല്ലെങ്കിൽ ഉണങ്ങി യ കമ്പുപോലെ പുറത്തെറിയപ്പെടു ന്ന ബന്ധം (യോഹ:15:1-5).

ദൈവത്തോടൊപ്പമായിരിക്കാൻ നിഷ്കളങ്ക ഹൃദയവും നീതി പ്രവർ ത്തിക്കലും സത്യം പറയലും ദൈവ ഭക്തരോട് ആദരവ് കാണിക്കലും ഉ ണ്ടാകണം. പരദൂഷണം, ദ്രോഹം, അ പവാദം പറച്ചിൽ, അമിത പലിശ ഈ ടാക്കൽ, കൈക്കൂലി വാങ്ങൽ എന്നി വയിൽ നിന്നും അകന്നും നില്ക്കണം (സങ്കീ:15:1-5). വിശക്കുന്നവരിലും ദാ ഹിക്കുന്നവരിലും രോഗികളിലും കാ രാഗൃഹവാസികളിലും നഗരിലും പ രദേശികളിലും ദൈവത്തെ കാണ ണം (മത്താ:25:38-40).

അജഗണം ഇടയന്റെ സ്വരം ശ്ര വിക്കണം, തിരിച്ചറിയണം, അനുഗമി ക്കണം, അനുസരിക്കണം, ഒരിടയ നും ഒരജഗണവുമാകണം (യോ ഹ:10:16). യേശുവും പിതാവും ഒന്നാ യിരിക്കുന്നതുപോലെ അജപാലകരും അജഗണവും ഒന്നായിരിക്കണമെന്നാ ണ് യേശുവിന്റെ അന്തിമാഭിലാഷവും പ്രാർത്ഥനയും (യോഹ:17:11, 21).

അജപാലകൻ അജഗണത്തിന് അപ്പമാകണം, ആരോഗ്യമാകണം; അതിനാണ് സാമൂഹ്യ ശുശ്രൂഷ അ ഥവാ ടി.എസ്.എസ്.എസും മത്സ്യമേ ഖല ശുശ്രൂഷയും. അജപാലനം അ റിവാകണം; അതിനാണ് വിദ്യാഭ്യാസ ശുശ്രൂഷ. അജപാലനം ആലയമാക ണം; അതിനാണ് അജപാലന ശുശ്രൂ ഷ. അജപാലനം അഭയമാകണം; അ തിനാണ് കുടുംബ ശുശ്രൂഷ. അജ പാലനം ജീവന്റെ സമൃദ്ധിയാകണം; അതിനാണ് യുവത്വം തുളുമ്പുന്ന യു വജന ശുശ്രൂഷ. അജപാലനം വ്യത്യ സ്തങ്ങളായ കൃപാവരങ്ങളെ കോർ ത്തിണക്കുന്നതാകണം അതിനാണ്; അല്മായ ശുശ്രൂഷ.

അപ്പം കൊടുക്കണമെന്ന നിർബ ന്ധബുദ്ധി യേശുവിനുണ്ടായിരുന്നു (മത്താ:14:14; 15:32). യേശു രോഗികൾ ക്ക് സൗഖ്യമേകി മരിച്ചവരെ ഉയിർ പ്പിച്ചു. ഇന്നും ഓരങ്ങളിൽ കിടക്കുന്ന വരെ എഴുന്നേല്പിക്കണം.

നിസ്സഹായരും ആലംബഹീനരും പരിഭ്രാന്തരുമായവരെ കാണുന്നവനാ ണ് ഇടയൻ. അവൻ അനുകമ്പയുടെ അക്ഷയ പാത്രമാണ്. അവന്റെ അ നുകമ്പ പ്രാർത്ഥനയായി, പ്രവർത്ത നമായി (മത്താ:9:35-10:1). ഇടയവഴി യിൽ ഇടയൻ ഇടനിലക്കാരനാകരു ത്. ഇടവക ഇടയന്റെ വകയാണ്. വേ ഗം പോകാൻ ആഗ്രഹിക്കാം. അതി ന് ഒറ്റയ്ക്കുപോയാൽ മതി. എന്നാൽ, ദൂരം പോകാൻ ഒരുമിച്ച് പോകണം. അതാണ് വിശുദ്ധിയുടെ യാത്രയും. വേഗം പോകാൻ മാത്രം അജപാലനം ശ്രദ്ധ ഊന്നരുത്. മറിച്ച് ഒരുമിച്ചു പോ കാനും ഒരുമിച്ച് കൊണ്ടുപോകാനുമാ ണ് അജപാലനം ശ്രദ്ധിക്കേണ്ടത്. ഇ താണ് അജപാലകന് നല്കപ്പെടുന്ന വെല്ലുവിളിയും. നഷ്ടപ്പെട്ടതിനെയും നഷ്ടപ്പെട്ടവരെയും അവസാനത്തെ വ്യക്തിയേയും അവഗണിക്കപ്പെട്ടവരെ യും കൂടെക്കൂട്ടണം. കാരണം, നല്ക പ്പെട്ടവരിൽ ഒരുവനെപ്പോലും നഷ്ട പ്പെടുത്താതെ കാത്തു സൂക്ഷിച്ചവനാ ണ് യേശു (യോഹ :17:12). ഒരു കു ഞ്ഞിനെപ്പോലും അവഗണിക്കരുതെ ന്ന് യേശുവിന് നിർബന്ധമുണ്ട് (മ ത്താ:18:10; ഫ്രാൻസിസ് പാപ്പ "ദൈ വത്തിന്റെ ആർദ്രതയോടും അനുകമ്പ യോടും കൂടി മറ്റുള്ളവരോട് ചേർന്നു നില്ക്കുക," ഒസ്സെർവത്തോരെ റൊ മാനോ, 14/52, 25 ഫെബ്രുവരി 2022, (3, 4, 5, 6) പേജ് 5).

**റിപ്പോർട്ട്**

**ഹാജർ**

**ചർച്ച**

1. പുരോഹിതൻ ദൈവജനത്തിന്റെ അദ്ധ്യാപകനും കൂദാശകളുടെ ശു ശ്രൂഷകനും തനിക്ക് ഭരമേല്പിക്ക പ്പെട്ട സമൂഹത്തിന്റെ നേതാവും എ ന്ന നിലയിൽ ഇടവക - ശുശ്രൂഷാ പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലു ത്തേണ്ട മേഖലകൾ ഏവ?
2. നിലവിലെ പങ്കാളിത്ത സംവിധാന ങ്ങളിൽ അജപാലകനോടൊപ്പം പ ങ്കുചേരാൻ അജഗണത്തിന് സാധി ക്കുന്നുവോ? അല്ലെങ്കിൽ തടസ്സമാ യി നിൽക്കുന്ന കാര്യങ്ങളേവ?

**പൊതു അറിയിപ്പ്, ശുശ്രൂഷാ സമി തികളുടെ പ്രവർത്തനങ്ങളും വിലയി രുത്തലും**

**വിശ്വാസികളുടെ പ്രാർത്ഥന**

**സമാപന ഗാനം**

**നന്ദി**

## അറിയിപ്പ്

*ബിസിസികളിലെ ഉപയോഗത്തി നായുള്ള വചനജ്വാല ഒരുമാസം മുൻപേ ലഭ്യമാക്കുന്നതിനായി ഈ ലക്കത്തിൽ രണ്ടുമാസത്തെ വചനജ്വാല ചേർക്കുകയാണ്. ശ്ര ദ്ധിക്കുമല്ലോ*

*- പത്രാധിപർ*

# വചനജ്വാല

2022 സെപ്റ്റംബർ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# പരിശുദ്ധ അമ്മ കുടുംബങ്ങളുടെ രാജ്ഞി

ഫാ.മനീഷ് പീറ്റർ

**ആമുഖം**

കത്തോലിക്കാ സഭയിൽ പ്രത്യേകമാം വിധം മൂന്നു പേരുടെ ജനനതിരുനാളുകളാണ് ആഘോഷിക്കാറുള്ളത്. യേശുവിന്റേത്, സ്നാപക യോഹന്നാന്റേത്, പരിശുദ്ധ കന്യകാമറിയത്തിന്റേത്. രക്ഷകന്റെയും, രക്ഷകന് വഴി ഒരുക്കിയവന്റേയും, ആ രക്ഷ ഉദരത്തിൽ വഹിക്കുകയും മുലയൂട്ടുകയും ചെയ്തവളുടെയും. മറിയം പരിപൂർണ്ണമായും പാപരഹിതയും വിശുദ്ധയുമാണ്. ഒരു സ്ത്രീ മൂലം തിന്മ രംഗപ്രവേശനം ചെയ്തുവെങ്കിലും മറ്റൊരു സ്ത്രീയിലൂടെ ദൈവം മനുഷ്യന് തിന്മയിൽ നിന്നും രക്ഷ ഒരുക്കിയെന്ന് വിശുദ്ധ അഗസ്തീനൂസ് നമ്മെ ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ആഘോഷിക്കുന്ന ഈ പുണ്യ ദിനങ്ങളിൽ അമ്മയുടെ മനസ് സ്വന്തമാക്കാൻ

ദൈവം നമ്മെ സഹായിക്കട്ടെ.

**വചന ഗീതി**

**ദൈവ വചന പാരായണം:- അപ്പ.പ്രവ. 1:13-14**

**വചന വിചിന്തനം**

ലോകത്തിൽ ജനിച്ചു വീഴുന്ന ഓരോ കുഞ്ഞും ദൈവസ്നേഹത്തിന്റെ ഓർമ്മപ്പെടുത്തലാണ്. അതിന് കാരണമാകുന്നത് ഒരു അമ്മയും. ദൈവം നമുക്ക് നൽകിയ കാവൽ മാലാഖയാണ് അമ്മ. വി. ജോൺ പോൾ രണ്ടാമൻ പാപ്പയാണ് 1995 ൽ പരിശുദ്ധ കന്യകാമറിയത്തിന് 'കുടുംബങ്ങളുടെ രാജ്ഞി' എന്ന നാമധേയം നൽകുകയും അത് ജപമാലയുടെ ലുത്തിനിയായിൽ ചേർക്കുകയും ചെയ്തത്. പരിശുദ്ധ അമ്മ ആഗോള സഭയുടെ അമ്മയായിരിക്കുന്നത് പോലെതന്നെ ഗാർഹിക സഭയായ കുടുംബങ്ങളുടെ നാഥയുമാണ്. ജ്ഞാനസ്നാനം എന്ന കൂദാശ വഴി വിശ്വാസത്തിന്റെ വിത്ത് നമ്മിൽ പാകുകയും മാതാപിതാക്കൾ, ജ്ഞാനമാതാപിതാക്കൾ, ബന്ധുക്കൾ എന്നിവരുടെ ജീവിതവിശ്വാസ മാതൃകകളിലൂടെ അതിൽ ഊട്ടി ഉറപ്പിച്ച് വളർത്തുകയും ചെയ്യുന്നു.

പരിശുദ്ധ അമ്മയ്ക്ക് സ്വർഗ്ഗലോകരാജ്ഞി, അമലോത്ഭവ കന്യക എന്നീ പദവികൾ നൽകുമ്പോൾ മറക്കാൻ പാടില്ലാത്ത ചില വസ്തുതകൾ ഉണ്ട്. കന്യകാമറിയം നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവിന്റെ അമ്മയായത് "ഇതാ കർത്താവിന്റെ ദാസി" എന്ന സ്വയം സമർപ്പണത്തിലൂടെയാണ്. സ്വയം എളിമപ്പെടാനുള്ള ഈ പാഠങ്ങൾ പഠിച്ചത് തീർച്ചയായും മാതാപിതാക്കളായ വി. അന്നയുടെയും വി. ജോവാക്കിമിലൂടെയും തന്നെയാകണം. അതിനാലാണ് വി. എലിസബത്തിന് ശുശ്രൂഷ ചെയ്യുവാൻ അവൾ തിടുക്കത്തിൽ യാത്ര പുറപ്പെട്ടത്. കുടുംബങ്ങളുടെ ആവശ്യങ്ങളിൽ ഇടപെടുന്ന പരിശുദ്ധ അമ്മ നമുക്ക് മാതൃകയാണ്.

യേശുവിന് ജന്മം നൽകിയ ഉടനെ പിള്ളകച്ചയിൽ പൊതിഞ്ഞ (ലൂക്കാ 2:7) പരിശുദ്ധ അമ്മ വി. യൗസേപ്പിതാവുമൊത്ത് യേശുവിനെ ദൈവാലയത്തിൽ കാഴ്ചവയ്ക്കുന്നുമുണ്ട് (ലൂക്കാ 2:22-38). കുഞ്ഞിന് ശാരീരികവും ആത്മീയവുമായ പരിചരണം നൽകേണ്ടത് മാതാപിതാക്കളുടെ കടമയാണ്. ഇത് കൊണ്ടാണ് യേശു അനുസരണമുള്ളവനായ് വളർന്നു (ലൂക്കാ 2:51) എന്ന് വചനം സാക്ഷ്യപ്പെടുത്തുന്നത്.

കാനായിലെ ഭവനത്തിലെ കുറവ് തിരിച്ചറിയുവാൻ പരി. അമ്മയ്ക്ക് സാധിച്ചത് തന്റെ ജീവിത സാഹചര്യങ്ങൾ കൊണ്ട് തന്നെയാകണം. ഇല്ലാത്തവന്റെ വേദന അറിയുകയും അത് പരിഹരിക്കുകയും അവരുടെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്തു. കുരിശിന്റെ വഴിയിൽ തന്റെ മകനെ അനുഗമിക്കുന്നുമുണ്ട്. ലോകം മുഴുവൻ നിന്നെ ഉപേക്ഷിച്ചാലും ഞാൻ കൂടെ ഉണ്ട് എന്ന പ്രത്യാശ പകരുവാൻ വേണ്ടിയാണ് മകന്റെ കൂടെ കാൽവരി വരെയുള്ള യാത്ര നടത്തിയത്. അമ്മയെക്കുറിച്ചുള്ള മകന്റെ ഉറച്ച ബോധ്യമാണ് ഇതാ നിന്റെ അമ്മ എന്ന് ലോകത്തോട് യേശുനാഥൻ പ്രഖ്യാപിച്ചത്. ശിഷ്യൻമാർ ഭയന്ന് കഴിഞ്ഞിരുന്ന അവസ്ഥയിൽ നിന്നും പുതുശക്തി പകർന്നതും അവരെ ഒരു കുടുംബം ആക്കിയതും പരിശുദ്ധ അമ്മ തന്നെയാണ്.

ജീവിതസഹനങ്ങൾക്ക് ഇടയിലും പരിശുദ്ധ അമ്മ നൽകുന്ന ജീവിത മൂല്യങ്ങൾ നിരവധിയാണ്. പരിചരണം, ആശ്വാസം, പ്രത്യാശ, ആത്മവിശ്വാസം എന്നിവയിലൂടെ മറ്റുള്ളവർക്ക് ശക്തിശ്രോതസ്സായി പരിശുദ്ധ അമ്മ എന്നും നിലകൊള്ളുന്നു. ആഴമേറിയ വിശ്വാസത്തോടെ നമ്മുടെ കുടുംബങ്ങളെ പരിശുദ്ധ അമ്മയ്ക്ക് ഭരമേല്പിക്കാം.

**റിപ്പോർട്ട്**

**ഹാജർ**

**ചർച്ച**

1) ബി.സി.സി. കൂട്ടായ്മകളെ ശക്തിപ്പെടുത്തുവാൻ പരിശുദ്ധ അമ്മയുടെ ഏതെല്ലാം ഗുണങ്ങൾ നമുക്ക് അനുകരിക്കാൻ സാധിക്കും.

2) ബി.സി.സി. കൂട്ടായ്മകളിൽ കാലാനുസൃതമായ് വരുത്തേണ്ട മാറ്റങ്ങൾ ഏതെല്ലാം?

**പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**വിശ്വാസികളുടെ പ്രാർത്ഥന**

**സമാപന ഗാനം**

**നന്ദി**



## തദ്ദേശീയരോട് മാപ്പ് ചോദിച്ച് പാപ്പ

മസ്ക്വാചിസ് (കാനഡ): തദ്ദേശ വിഭാഗത്തിൽ നിന്നുള്ള കുട്ടികളെ കുടുംബത്തിൽനിന്ന് അകറ്റി കനേഡിയൻ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിച്ചിരിന്ന കത്തോലിക്ക റെസിഡൻഷൽ സ്കൂളുകളിൽ പ്രവേശിപ്പിച്ചതും തദ്ദേശ സംസ്കാരത്തിൽനിന്ന് അവരെ മാറ്റിയെടുത്തതിലും മാപ്പ് പറഞ്ഞ് ഫ്രാൻസിസ് പാപ്പ. കാനഡ സന്ദർശനത്തിനിടയിൽ, ആൽബർട്ടയിലെ മസ്ക്വാചിസിൽ ത്രിവിധ തദ്ദേശ ഗോത്ര വിഭാഗങ്ങളെ സന്ദർശിച്ചപ്പോൾ വേദിയിൽ നടത്തിയ പ്രസംഗത്തിനിടെയാണ് പാപ്പ ക്ഷമാപണം നടത്തിയത്. കുഞ്ഞുങ്ങളെ അടക്കിയ സെമിത്തേരിയിലെത്തി പ്രാർത്ഥിച്ചശേഷമായിരിന്നു വീൽ ചെയർ മുഖേനെ ഫ്രാൻസിസ് പാപ്പ വേദിയിലെത്തിയത്.

ജെ.സി.

# വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ ഉയരുന്ന ജനകീയസമരം

തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങളിൽ കാര്യമായ പാരിസ്ഥിതിക വ്യതിയാനങ്ങൾ ശ്രദ്ധിക്കപ്പെട്ട് തുടങ്ങുന്നത് കഴിഞ്ഞ അൻപത് വർഷങ്ങൾക്കുള്ളിലാണ് എന്നാണ് വിലയിരുത്തപ്പെടുന്നത്. 1970 കളിലാണ് ഇന്നു കാണുന്ന മത്സ്യബന്ധന തുറമുഖം നിർമിക്കപ്പെടുന്നത്. ചെറിയൊരു തുറമുഖമായിട്ടുകൂടി ഈ നിർമാണം സമീപ പ്രദേശത്ത് ഗ്രാമങ്ങളെ കാര്യമായി ബാധിച്ചിരുന്നുവെന്ന് ഈ പ്രദേശത്തെ ജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വിഴിഞ്ഞത്തിന് വടക്കുഭാഗത്ത് തീരം കുറഞ്ഞുവരികയും (erosion) തെക്ക് ഭാഗത്ത് തീരം കൂടിവരുകയും (accretion) ആണ് പൊതുവേ ഉണ്ടായത്. തീരം കുറഞ്ഞുവരുന്ന പ്രദേശങ്ങളിൽ കടൽ കയറ്റം ഉണ്ടാവുകയും മൺസൂൺ സമയത്തും മറ്റും കടലാക്രമണം രൂക്ഷമാവുകയും ചെയ്തിട്ടുണ്ട്. വിഴിഞ്ഞത്തിന് വടക്ക് പനത്തുറമുതൽ വലിയതുറ വരെയുള്ള പ്രദേശങ്ങളിൽ പ്രശ്നങ്ങൾ ഏറ്റവും പ്രകടമായി കാണാൻ തുടങ്ങി.

കടലാക്രമണത്തിൽ വീടുകൾ തകർക്കപ്പെടുകയും ജനങ്ങളുടെ കുടിയൊഴിപ്പിക്കലും മാറ്റിപാർപ്പിക്കലും തുടർ കഥകളാകാൻ തുടങ്ങി. കേരളത്തിന്റെ തീരങ്ങളിൽ വ്യാപകമായ രീതിയിൽ കടൽഭിത്തികൾ നിർമ്മിക്കാൻ തുടങ്ങി. സർക്കാരിന് ഭാരിച്ച ചെലവ് വരുത്തിവയ്ക്കുന്ന ഒന്നാണ് കടൽ ഭിത്തിനിർമാണം. കടൽഭിത്തികളുടെ പ്രയോജനം താൽക്കാലികവും ഫലപ്രദമല്ലെന്നും ഇതിനകം ജനം തിരിച്ചറിഞ്ഞിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമാണങ്ങൾ ആരംഭിക്കുന്നത് 2015 ലാണ്. അന്നുമുതൽ പണി പുരോഗമിക്കുന്നതിനനുസരിച്ച് കഴിഞ്ഞ ഏതാനും വർഷങ്ങളിലായി പ്രധാനമായും തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ ഇപ്പോൾ ഏവർക്കും വ്യക്തമായിക്കഴിഞ്ഞിട്ടുള്ള കാര്യമാണ്. തെക്ക് പൊഴിയൂർമുതൽ വടക്ക് തുമ്പവരെയുള്ള പ്രദേശങ്ങളിൽ പ്രശ്നങ്ങൾ പല രൂപത്തിൽ കാണപ്പെടുന്നുണ്ട്. വലിയതുറഭാഗത്ത് ഏതാണ്ട് 5 വരി വീടുകൾ ഒലിച്ചുപോവുകയും ശംഖുമുഖം ബീച്ച് ഇല്ലാതാവുകയും അതിന് സമീപമുള്ള എയർപോർട്ട് റോഡ് കടലാക്രമണത്തിൽ തകരുകയും ചെയ്തിട്ട് വർഷങ്ങളായി. വലിയതുറ കടൽപ്പാലം അതിവേഗത്തിൽ തകർന്നുകൊണ്ടിരിക്കുന്നു. പുനർനിർമാണ പ്രവർത്തനങ്ങൾ ദയനീയമായി പരാജയപ്പെടുകയും ചെയ്തതും നാം കണ്ടുകഴിഞ്ഞു. വലിയ നിർമാണ പ്രവർത്തനങ്ങളും മറ്റും തുടങ്ങുന്നതിന് മുൻപ് ശാസ്ത്രീയമായ സാധ്യതാ പഠനവും പരിസ്ഥിതി-സാമൂഹ്യാഘാതപഠനവും നടത്തേണ്ടതുണ്ട്. അത്തരം വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലാണ് നിർമാണം തുടങ്ങാൻ അനുമതി ലഭിക്കുന്നത്. അങ്ങനെയാണെങ്കിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിപോലെ തീരദേശത്തിന്റെ പരിസ്ഥിതിക്ക് ഗുരുതരമായ നാശനഷ്ടങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പുള്ള ഒരുപദ്ധതിക്ക് എങ്ങനെ അനുമതി ലഭിച്ചു? അദാനിയും, തുറമുഖ നിർമാണ കമ്പനിയും കേരള സർക്കാരും സർക്കാരിന് നേതൃത്വം കൊടുക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ താല്പര്യങ്ങളെ മുൻനിറുത്തി നടത്തിയ അഴിമതിയുടെ കഥകളാണ് പുറത്തുവരുന്നത്. കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം 2011 ൽ രണ്ടുതവണ അനുമതി നിഷേധിച്ച ഒരു ചരിത്രം വിഴിഞ്ഞം തുറമുഖ പദ്ധതിക്കുണ്ട്. അതീവ സവിശേഷതയുള്ള വൈവിധ്യമേറിയ സമുദ്രജീവികളുടെയും സസ്യങ്ങളുടെയും നിലനിൽപ്പിന് ആധാരമായിട്ടുള്ള വ്യത്യസ്തതരം പാറക്കെട്ടുകളും നിറഞ്ഞ ഒന്നാണ് ഈ തീരത്തിന്റെ സമ്പന്നമായ അടിത്തട്ട്. വിഴിഞ്ഞം പദ്ധതി പ്രദേശം ശോഷണ തീരം (eroing coast) അല്ല എന്ന് നാഷണൽ ഗ്രീൻ ട്രിബ്യൂണിനെ (NGT) തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്ന രീതിയിൽ ആദാനിയുടെ കമ്പനി ഏകപക്ഷീയമായി മുന്നേറി. ആ മുന്നേറ്റത്തിൽ ഇവിടുത്തെ രാഷ്ട്രീയ നേതൃത്വങ്ങളും വഹിച്ച അങ്ങേയറ്റം കുറ്റകരമായ പങ്ക് ഊഹിക്കാവുന്നതേയുള്ളൂ. ഈ പദ്ധതി സാമ്പത്തികമായി ലാഭകരമല്ല എന്നും സാമ്പത്തിക വദിഗ്ധർ (CAG ഉൾപ്പെടെ) മുന്നറിയിപ്പ് നൽകിയിരുന്നത്. നിർമാണ പ്രവർത്തനങ്ങൾക്ക് ഏഴുവർഷം തികയുമ്പോൾ തുറമുഖത്തിന്റെ പണി ഏതാണ്ട് മൂന്നിലൊന്നുമാത്രമേ പൂർത്തിയായിട്ടുള്ളൂ. അപ്പോൾ തന്നെ നൂറുകണക്കിന് വീടുകൾ നശിക്കുകയും ആളുകൾ കുടിയൊഴിഞ്ഞുപോകേണ്ടിവരികയും ചെയ്യുന്ന തരത്തിൽ തീരദേശ പ്രകൃതി നഷ്ടപ്പെടുകഴിഞ്ഞു. നഷ്ടപ്പെട്ട നൂറുകണക്കിന് കുടുംബങ്ങൾ വലിയതുറ പ്രദേശത്തും മറ്റും അഭയാർത്ഥികളായി കഴിയുന്നു. ഈ പശ്ചാത്തലത്തിലാണ് ഒരു ജനകീയ സമരത്തിന് തിരുവനന്തപുരം രൂപത മുന്നിട്ടിറങ്ങിയിരിക്കുന്നത്. ■



വിശുദ്ധ മേരി മഗ്ദലേന
ദൈവാലയം, പള്ളിത്തുറ
തിരുവനന്തപുരം ലത്തീൻ അതിരൂപത
പരിശുദ്ധ വേളാങ്കണ്ണി
ആരോഗ്യ മാതാവിന്റെ
തിരുനാൾ
മഹാമഹം
കൊച്ചുവേളാങ്കണ്ണി തീർത്ഥാടനം
2022 ആഗസ്റ്റ് 30 മുതൽ
സെപ്തംബർ 8 വരെ
സെപ്തംബർ 8, വ്യാഴം
മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ
പിതാവിന്റെ മുഖ്യകാർമികത്വത്തിൽ
ആഘോഷകരമായ പൊന്തിഫിക്കൽ ദിവ്യബലി

Total Page 44
Pub. Date : 01.08.2022
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto